കൊടുക്കാം. മന്ത്രിമാർ അവരവരുടെ റിട്ടയറിംഗ് റൂമിൽ ഇന്നയിന്ന സമയത്ത് ഉണ്ടാകും എന്ന്. ഹൗസിൽ നിവേദനങ്ങളുമായി അങ്ങോട്ടുമിങ്ങോട്ടും നടക്കുക, disorderly ആയിട്ടു നടക്കുക, It is not very good. ഒരു മണിക്കൂറോ അര മണിക്കൂറോ നിങ്ങൾ ചെലവാക്കിയാൽ മതി. അസംബ്ളി നടക്കുന്ന ദിവസങ്ങളിൽ ഇന്നയിന്ന സമയത്ത് ഞങ്ങൾ റിട്ടയറിംഗ് റൂമിൽ ഉണ്ടാകുമെന്ന് എഴുതി തന്നാൽ അതനുസരിച്ച് സർക്കുലർ കൊടുക്കാം. ഇനി രണ്ടാമതു പറയാനുള്ള കാര്യം, ഇപ്പോൾ തന്നെ ഒന്നര മണിക്കൂർ താമസിച്ചാണ് നമ്മൾ തുടങ്ങുന്നത്. ചില അംഗങ്ങളോട് എത്ര കർക്കശമായി പറഞ്ഞിട്ടും അവർ അനുസരിക്കാൻ കൂട്ടാക്കുന്നില്ല. ഇന്നലെ ഒരു സുഹൃത്ത് ഏഴു മിനിട്ടു കൂടുതൽ സംസാരിച്ചു. അതു വളരെ മോശമാണ്. കൂടുതൽ സമയം സംസാരിക്കുന്നത് ഒരു മിടുക്കായി കാണുകയാണെങ്കിൽ എന്നെ സംബന്ധിച്ചിടത്തോളം അതൊരു indiscipline ആയിട്ടാണ് ഞാൻ കാണുന്നത്. അതുകൊണ്ട് അവരവർക്ക് അനുവദിച്ചിരിക്കുന്ന സമയത്തിനകത്തു നിന്നുകൊണ്ട് സംസാരിക്കണം. അല്ലാതെ കൂടുതൽ സംസാരിച്ചു മിടുക്കു കാണിക്കാൻ ശ്രമിക്കരുത്. എല്ലാവർക്കും ഒന്നര മണിക്ക് പിരിയണമെന്നുണ്ട്. പക്ഷേ ആർക്കും സമയത്തിനു നിർത്താൻ വയ്യ എന്നുള്ള ആ മനഃസ്ഥിതി കൊള്ളില്ല. എല്ലാവരും സഹകരിക്കണമെന്നു വിനീതമായി അഭ്യർത്ഥിക്കുന്നു.

VI ധനകാര്യം

2003-2004 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2003-2004				
		18-3-2003-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന യുടെ തുക		ആകെ
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	(രൂപ)
XXVII	സഹകരണം	15,13,39,000	12,36,66,000	30,26,79,000	24,73,33,000	55,00,12,000
XXXIX	വൈദ്യുത പദ്ധതികൾ	67,39,99,000	8,99,50,000	1,34,79,99,000	17,99,00,000	1,52,78,99,000
XL	തുറമുഖങ്ങൾ	5,94,45,000	2,77,00,000	11,88,89,000	5,54,00,000	17,42,89,000

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥകളുടേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനകളുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിലെ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, സഹകരണമെന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നംപർ ധനാഭ്യർത്ഥനയേയും, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവനകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII- സഹകരണം

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാന സഹകരണ രജിസ്ട്രാർ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക വികസന ബാങ്ക് തുടങ്ങിയവയിലെ പ്രധാന തസ്തികകളിൽ കഴിവുറ്റ ഉദ്യോഗസ്ഥന്മാരെ നിയോഗിക്കാതെ സർവ്വീസിൽ ശിക്ഷാനടപടികൾക്ക് വിധേയരായവരെ നിയോഗിക്കുവാനുള്ളതായി പറയപ്പെടുന്ന നീക്കത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ പത്ത് കോടിയോളം രൂപ ക്രമവിരുദ്ധമായി പരിയാരത്തെ അക്കാഡമിക്ക് നൽകിയതായി പറയപ്പെടുന്ന നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പരിയാരത്തെ അക്കാഡമിയുടെയും സഹകരണ ആശുപത്രിയുടെയും ഭരണ നിർവ്വഹണം തിരികെ നൽകിയിരിക്കേ, സർക്കാരിന് ലഭിക്കേണ്ട പണം തിരിച്ച് ഈടാക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്.)

ശ്രീ. സാജു പോൾ : സർ,

സഹകരണം എന്ന XXVII- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അപ്പക്സ് സംഘങ്ങളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും നിയമനം പി. എസ്. സി.-ക്ക് വിട്ടതിനുശേഷം റിക്രൂട്ട്മെന്റ് റൂൾസിന് വിരുദ്ധമായി അനധികൃതനിയമനം നടത്തുന്നതായി പറയപ്പെടുന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പട്ടികജാതി സഹകരണ സംഘങ്ങൾ സർക്കാർ നടപടിമൂലം അടച്ചു പൂട്ടൽ ഭീഷണി നേരിടുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പ് നടപടികളാരംഭിച്ചതിന് ശേഷം ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ റൂൾസിൽ ഭേദഗതി വരുത്തിയതായി പറയപ്പെടുന്ന നടപടിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സഹകരണ മേഖലയിൽ നിലനിൽക്കുന്നില്ലെന്ന് പറയപ്പെടുന്ന ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിനും ഇപ്പോഴുള്ളതായി പറയപ്പെടുന്ന അരാജകത്വപ്രവണതകൾ അവസാനിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും പി. എസ്. സി.-ക്ക് വിട്ട തസ്തികകളിൽ നേരിട്ട് നിയമനം നടത്തുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നിയമ വ്യവസ്ഥകളും നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ട് മറ്റ് സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതായി പറയപ്പെടുന്ന നടപടികളെ കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന ജനാധിപത്യവിരുദ്ധ നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർമാരേയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയും നിയോഗിച്ചുകൊണ്ട് സംഘം താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതായി പറയപ്പെടുന്ന നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതികൾ പിടിച്ചെടുക്കുന്നതിന് വേണ്ടി നടത്തിയതായിപറയപ്പെടുന്ന നീക്കങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം തുടങ്ങിയ നയങ്ങളുടെ ഫലമായി സഹകരണ മേഖല നേരിടുന്ന സാമ്പത്തിക വെല്ലുവിളികളെ നേരിടുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സമാന്തര സഹകരണ നിയമം കൊണ്ടുവരുന്നതിനുള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സഹകരണ സംഘങ്ങളുടെ പണം ട്രഷറിയിൽ നിക്ഷേപിക്കുന്നതിനെ വിമർശിച്ചുകൊണ്ട് അധികാരത്തിൽ വന്നവർ, സംഘങ്ങളെക്കൊണ്ട് ട്രഷറിയിൽ നിർബന്ധിച്ച് നിക്ഷേപം നടത്തിക്കുന്നതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സഹകരണ വകുപ്പിൽ ചട്ടങ്ങൾക്ക് അനുസൃതമല്ലാതെ നടത്തിയതായി പറയപ്പെടുന്ന താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജനറൽ ഇൻഷ്വറൻസ് രംഗത്ത് പ്രവേശിക്കുന്നതിനായി രൂപീകരിച്ച കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റിയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സഹകരണ മേഖലയിൽ ആരംഭിച്ച കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സഹകരണ മേഖലയിലെ വായ്പാ കുടിശ്ശികക്കാർക്കു വേണ്ടിയുള്ള വൺടൈം സെറ്റിൽമെന്റ് പദ്ധതിയുടെ പ്രയോജനം യഥാസമയം കുടിശ്ശികക്കാരെ ബോദ്ധ്യപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പുത്തൻ സാമ്പത്തിക നയത്തിന്റെ ചുവടുപിടിച്ച് സഹകരണ മേഖലയ്ക്ക് അനുവദിച്ചു വന്നിരുന്ന എല്ലാ സർക്കാർ സഹായങ്ങളും ഘട്ടംഘട്ടമായി നിർത്തലാക്കിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന നടപടിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കടലാസ് സംഘങ്ങളിലൂടെ സംസ്ഥാനത്തെ സഹകരണ മേഖലയുടെ പണം ചോർത്തിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ,

സഹകരണം എന്ന XXVII- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കേരളത്തിലെ സഹകരണ മേഖലയുടെ നാശത്തിന് വഴിതെളിച്ചു കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ,

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,00,12,000 കയിൽ നിന്ന് ഒരു ഉറുപ്പിക ഒരുനൂറ് കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXIX- വൈദ്യുത പദ്ധതികൾ

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കെ. എസ്. ഇ. ബി.-ക്ക് ആവശ്യമായ മീറ്ററുകൾ സപ്ലൈ ചെയ്യുന്നതിന് പൊതുമേഖലാ സ്ഥാപനമായ കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് കമ്പനിയുമായി ബോർഡ് വച്ച കരാർ റദ്ദ് ചെയ്തതായി പറയപ്പെടുന്ന നടപടിയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യാർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ അപ്രഖ്യാപിത പവർകട്ടും ലോഡ്ഷെഡിംഗും മൂലം വൈദ്യുത ഉപഭോക്താക്കൾ നേരിട്ടുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന പ്രയാസങ്ങൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യാർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സാദ്ധ്യമായ ഉല്പാദനശേഷി ഉപയോഗിക്കുന്നതിലെ വീക്ഷണ-വൈകല്യം കാരണം ലഭ്യതയേക്കാൾ കുറഞ്ഞ ആവശ്യകതപോലും നിറവേറ്റാനാകാതെ പവർകട്ടും ലോഡ്ഷെഡിംഗും ഏർപ്പെടുത്തിയതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. നാരായണൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വൈദ്യുത മേഖലയിൽ ശക്തമായ ഒരു പ്രസരണ ശൃംഖല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജനങ്ങൾക്ക് ചെലവു കുറഞ്ഞ വൈദ്യുതി എത്തിച്ചുകൊടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തടസ്സമില്ലാത്തതും വ്യവസ്ഥാപിത നിലവാരം പുലർത്തുന്നതുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന നടപടിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വീണ്ടും ഇലക്ട്രിസിറ്റി ചാർജ് വർദ്ധന ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഇലക്ട്രിസിറ്റി ബോർഡിലുള്ളതായി പറയപ്പെടുന്ന നിയമന നിരോധനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഇലക്ട്രിസിറ്റി ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 മെ. വാ.) പദ്ധതിയുടെ ടെണ്ടർ വിളിച്ച് മൂന്ന് വർഷം തികയാറായിട്ടും കരാർ നൽകുന്നത് സംബന്ധിച്ച് തീരുമാനം എടുക്കാതിരിക്കുന്നതുമൂലം ഉണ്ടായി കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന നഷ്ടം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വൈദ്യുതി ഉപഭോക്താക്കൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് യഥാസമയം അദാലത്തുകൾ സംഘടിപ്പിക്കാതിരിക്കുന്നതുമൂലം ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(കഴിഞ്ഞ ഇരുപത്തിയഞ്ചു മാസക്കാലത്തിനിടയിൽ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ച് ജനങ്ങളുടെ മേൽ അധിക സാമ്പത്തിക ഭാരം അടിച്ചേൽപ്പിച്ചതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ വീണ്ടും ഊർജ്ജ പ്രതിസന്ധിയിലേക്ക് നയിച്ചതായി പറയപ്പെടുന്ന നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കോടതി വിധിയെ മറികടക്കുന്നതിനു വേണ്ടി സാങ്കല്പിക നിയമനം നടത്തി പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ ഉള്ളവരെ വഞ്ചിച്ചതായി പറയപ്പെടുന്ന ബോർഡ് നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വൈദ്യുതി മീറ്റർ നിർമ്മാണ കമ്പനിയായ ഇലക്ട്രോണുമായുള്ള ഇടപാടിൽ വൈദ്യുതി ബോർഡിന് നഷ്ടം ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അഞ്ച് വർഷംകൊണ്ട് ആയിരം മെഗാവാട്ട് ജല വൈദ്യുതി സ്ഥാപിത ശേഷി പുതുതായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ട് നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നടപടിയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഇടുക്കി റിസർവോയറിൽ ക്ഷേത്രം പണിയാൻ ഒത്താശ ചെയ്തതായി പറയപ്പെടുന്ന നടപടി സംബന്ധിച്ച ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനം വൈദ്യുതി രംഗത്ത് പിറകോട്ട് പോകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പ്രസരണ വിതരണ രംഗത്ത് മുൻ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വന്ന പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാതിരിക്കുന്നതായി പറയപ്പെടുന്ന നടപടി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഇലക്ട്രിസിറ്റി ബോർഡിന് എ. ഡി. ബി. ലോൺ വിഹിതം ഉൾപ്പെടെ സർക്കാർ നൽകുവാനുള്ള പണം കൊടുക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വൈദ്യുതി സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ കഴിയാതെ, സ്വകാര്യ വൽക്കരണത്തിന് തയ്യാറെടുക്കുന്നതായി പറയപ്പെടുന്ന നയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ് : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ,

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,52,78,99,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ബേപ്പൂർ തുറമുഖത്തിന്റെ വികസന പ്രവർത്തനം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തലശ്ശേരി തുറമുഖത്തിന്റെ വികസന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അഴീക്കൽ തുറമുഖത്തിന്റെ വികസന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കൊച്ചിൻ ഷിപ്പ്യാർഡ് സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര നീക്കത്തിൽ സംസ്ഥാനത്തെ ജനങ്ങൾക്കുള്ള ആശങ്ക ദൂരീകരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കടലിൽ കാണാതാവുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്താൻ തിരച്ചിൽ നടത്തുന്നതിനായി ബോട്ടുകളും ടഗ്ഗുകളും നൽകുന്ന ഇനത്തിൽ തുറമുഖ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ കാലങ്ങളായി നടത്തുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേട് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വിഴിഞ്ഞം ഹാർബർ പദ്ധതിയുടെ യാർഡിൽനിന്ന് ലക്ഷക്കണക്കിന് രൂപയുടെ വസ്തുക്കൾ അനധികൃതമായി കടത്തിക്കൊണ്ടു പോയതായി പറയപ്പെടുന്ന സംഭവത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യാർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(കൊച്ചിൻ ഷിപ്പ്യാർഡ് സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തെ പിന്തുണയ്ക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. യിൽ നിന്ന്ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. നാരായണൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ : സർ,

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 17,42,89,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മാതൃക എന്ന വാക്കിന് ശബ്ദതാരാവലിയിൽ 'കണ്ടുപഠിക്കത്തക്ക' എന്ന അർത്ഥമാണ് നൽകിയിട്ടുള്ളത്. എന്നാൽ യു.ഡി.എഫ്- ന്റെ വൈദ്യുത വകുപ്പിന്റെ പ്രവർത്തനം ഒരു കാര്യം എങ്ങനെ അവതാളത്തിലാക്കാമെന്ന് കണ്ടുപഠിക്കുന്നതിന് ലക്ഷണമൊത്ത ഒരു ഉദാഹരണമാണ്. കഴിഞ്ഞ എൽ.ഡി.എഫ്-ന്റെ കാലത്ത് എല്ലാപേരും പ്രശംസിച്ച, ഒരുപക്ഷെ എതിരാളികൾ പോലും അംഗീകരിച്ച ഒരു കാര്യമുണ്ടായിരുന്നു, വൈദ്യുതി രംഗത്ത് ആ സർക്കാർ വരുത്തിയ ശ്രദ്ധേയമായ നേട്ടങ്ങൾ. ആ നേട്ടങ്ങളെ എങ്ങനെ തകർക്കാമെന്നാണ് ഇപ്പോഴത്തെ വൈദ്യുതി വകുപ്പ് ഗവേഷണം നടത്തി കൊണ്ടിരിക്കുന്നത്. 1996-ൽ എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കേരളത്തിലെ വൈദ്യുതി രംഗം അക്ഷരാർത്ഥത്തിൽ അന്ധകാരത്തിലായിരുന്നു. വ്യവസായങ്ങൾക്ക് 100 ശതമാനം പവർ കട്ട്, ഗാർഹിക ഉപഭോക്താക്കൾക്ക് നാലരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ്; അന്ധകാരത്തിന് ചാർജ് ഈടാക്കിയ ഒരു സർക്കാരായിരുന്നു 1991 മുതൽ 1996-വരെ കേരളം ഭരിച്ചിരുന്നത്. ആ അഞ്ചു വർഷംകൊണ്ട് പുതുതായി കൈവരിച്ചത് വെറും 17 മെഗാവാട്ടിന്റെ വർദ്ധനവാണെന്ന് എല്ലാപേർക്കും അറിയാവുന്ന വസ്തുതയാണ്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ അഞ്ചു വർഷത്തെ ഭരണത്തിൽ 1086 മെഗാവാട്ട് സ്ഥാപിതശേഷി പുതുതായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. പക്ഷെ ദൗർഭാഗ്യവശാൽ ഇപ്പോഴത്തെ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് നടപ്പിലാക്കുന്നത് എൽ.ഡി.എഫ് സർക്കാരിന്റെ ആ നല്ല മാതൃകയല്ല, മറിച്ച് കേരളത്തിൽ അന്ധകാരത്തിന് നികുതി കൊണ്ടുവന്ന പഴയ യു.ഡി.എഫ് സർക്കാരിന്റെ ആ നയമാണ് പിൻതുടരുന്നത്. ഇവിടെയാണ് യു.ഡി.എഫ്-ന്റെ പ്രകടന പത്രിക വായിക്കേണ്ടത്. ആ പ്രകടന പത്രികയിൽ, പേജ് 27, ഖണ്ഡിക (3)-ൽ പറയുന്നത് "നമ്മൾ അധികാരത്തിൽ വന്നാൽ കാറ്റ്, തിരമാല, ഡീസൽ, സൂര്യപ്രകാശം എന്നീ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. വൈദ്യുതി ഉൽപ്പാദനത്തിനായി വർഷത്തിൽ 12 മാസവും നൂതന സംരംഭത്തിലൂടെ സമ്മിശ്ര ഹൈഡൽ പദ്ധതികളാണ് യു.ഡി.എഫ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇതിനായി ഓരോ വർഷവും എനർജി കോ-ഓപ്പറേറ്റീവ്സ് രൂപീകരിക്കും. 250 ജലവൈദ്യുത പദ്ധതിയിലൂടെ ആയിരം മെഗാവാട്ട് വൈദ്യുതിയും മറ്റ് പദ്ധതികളിലൂടെ 1882 മെഗാവാട്ട് വൈദ്യുതിയും മൂന്നു കൊല്ലത്തിനകം കൂടുതൽ ഉൽപ്പാദിപ്പിക്കും" എന്നാണ്. മൂന്നു കൊല്ലത്തിനിടയിൽ 1882 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുമെന്ന് പറഞ്ഞിട്ട് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ തന്ന കണക്ക് വെറും 59 മെഗാവാട്ട് സ്ഥാപിതശേഷിയാണ് ഉൽപ്പാദിപ്പിച്ചിട്ടുള്ളത് എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ നിന്നും ഒഴിഞ്ഞപ്പോഴുള്ള കണക്ക് ഇവിടെ പറഞ്ഞു. 2001-2002-ൽ നമ്മുടെ സംസ്ഥാനത്ത് 9094 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ലഭ്യമായിരുന്നതെങ്കിൽ 2002-2003 ആയപ്പോഴേയ്ക്കും അത് 8090 ദശലക്ഷം യൂണിറ്റായി കുറയുകയാണുണ്ടായത്. രണ്ട് വർഷത്തിനകം 1004 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ കുറവുണ്ടായി. ഈ സർക്കാരിന്റെ ആദ്യത്തെ 14 മാസത്തിനിടയിൽ വൈദ്യുതി ചാർജ് രണ്ടു തവണ വർദ്ധിപ്പിച്ചു. 1500 കോടി രൂപയുടെ അമിതഭാരം കെട്ടിവയ്ക്കാനാണ് തുനിഞ്ഞത്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും ഭീമമായ വൈദ്യുതി ചാർജ് വർദ്ധനവിനെതിരെ കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രക്ഷോഭം ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചപ്പോൾ അവർക്ക് അല്പം കുറയ്ക്കേണ്ടി വന്നു. അങ്ങനെ കുറച്ചിട്ടും മന്ത്രി തന്ന കണക്കിൽ പ്രതിവർഷം 1100 കോടി രൂപയുടെ അധികഭാരമാണ് അടിച്ചേൽപ്പിച്ചിരിക്കുന്നത്. എൽ.ഡി.എഫ് ഗവൺമെന്റ് ഭരിക്കുമ്പോൾ അങ്ങനെയൊരു രംഗമുണ്ടായിരുന്നു. അന്ന് എൽ.ഡി.എഫ് താരതമ്യേന ചെറിയ തോതിലുള്ള വർദ്ധനവ് നടത്തിയപ്പോൾ ബഹുമാനപ്പെട്ട ഇന്നത്തെ മുഖ്യമന്ത്രി, അന്നത്തെ പ്രതിപക്ഷനേതാവ് സഭയിൽ നിന്ന് ഇറങ്ങിപ്പോയി. അന്നത്തെ പ്രതിപക്ഷ നേതാവ് ഇപ്പോൾ മുഖ്യമന്ത്രിയായപ്പോഴാണ് ഏറ്റവും രൂക്ഷമായ, ഒരാൾക്കുപോലും അംഗീകരിക്കാൻ കഴിയാത്ത രീതിയിൽ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചത്.

"ജലസംഭരണിയിലെ ചെളി നീക്കം ചെയ്ത് റിസർവോയറുകളിലെ സംഭരണശേഷി വർദ്ധിപ്പിച്ച് വൈദ്യുതി ഉല്പാദനം ഉയർത്താൻ കഴിയുമെന്നാണ്" പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നത്. അത് കഴിഞ്ഞില്ലെങ്കിലും വൈദ്യുതി വകുപ്പിൽ പല നിലവാരത്തിലും കെടുകാര്യസ്ഥതയുടെ ചെളി നിറച്ച് ജനദ്രോഹ നടപടികൾ നടത്താൻ നന്നായി കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെ പ്രവർത്തനം നോക്കിയാൽ മനസ്സിലാക്കാൻ കഴിയും. അടുത്തതായി ഒരുപാട് ദുരൂഹതകളുള്ള പത്രങ്ങളിൽ വന്ന കാര്യത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. വൈദ്യുതി വകുപ്പിന് ആവശ്യമുള്ള ഇലക്ട്രോണിക് മീറ്ററുകൾ കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ കൊല്ലത്ത് പ്രവർത്തിക്കുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനു പകരം യു.പി.യിലെ ഇലക്ട്രോൺ ഇക്യുപ്മെന്റ് എന്ന സ്വകാര്യ കമ്പനിയിൽനിന്ന് വാങ്ങിയതിൽ ദുരൂഹതയുണ്ട്. ഒരു പൊതുമേഖലാ സ്ഥാപനത്തെ ഒഴിവാക്കി സ്വകാര്യ മേഖലയിൽനിന്നും മീറ്ററുകൾ വാങ്ങി എന്നതിന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിൽ ലാഭകരമായി പ്രവർത്തിക്കുന്ന അപൂർവം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നാണ് കൊല്ലത്ത് പ്രവർത്തിക്കുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്. ഇത് ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രിക്ക് നേരിട്ട് അറിയാവുന്നതാണ്. അവിടെ ആർ.എസ്.പി.(ബി)-യുടെ തൊഴിലാളി സംഘടനയടക്കം ഇതു സംബന്ധിച്ച് നൽകിയ നിവേദനത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ഈ സ്ഥാപനത്തിൽനിന്ന് മീറ്റർ വാങ്ങിയാൽ നികുതിയിനത്തിലും ഗ്യാരന്റി കമ്മിഷനായും 350 ലക്ഷം രൂപ സർക്കാരിന് ലഭിക്കും. ധാരാളം തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ പൊതുമേഖലാ സ്ഥാപനം ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. എന്റെ കയ്യിൽ വ്യവസായ വകുപ്പ് ഇറക്കിയ ഓർഡർ ഉണ്ട്. അതിൽ പറയുകയാണ്, "If KSEB orders the contract to purchase Electro Mechanical Meters till 2004, from the United Electrical industries the number of persons to be sent on VRS will come down. If KSEB does not go on in the contract, VRS will have to be offered to 150 employees alongwith the suggested pattern" വ്യവസായ വകുപ്പിന്റെ ഓർഡറിൽ വളരെ ദയനീയമായി പറയുന്നുണ്ട്-കെ.എസ്.ഇ.ബി.യുടെ ആവശ്യത്തിനുള്ള മീറ്റർ ഈ കമ്പനിയിൽനിന്നും വാങ്ങിയില്ലെങ്കിൽ തൊഴിലാളികൾക്ക് വി.ആർ.എസ്. കൊടുത്ത് പിരിച്ചു വിടേണ്ടിവരും, അതുകൊണ്ട് വാങ്ങണമെന്നുള്ള അപേക്ഷയാണ് വ്യവസായ വകുപ്പ് കൊടുത്തിരിക്കുന്നത്. അതൊന്നും നോക്കിയില്ലായെന്നു മാത്രമല്ല 2001 ജനുവരി 31-ന് അന്നത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡ് കൊല്ലത്തെ മീറ്റർ കമ്പനിയുമായി ചേർന്ന് ഒപ്പുവച്ച കരാർ പ്രകാരം 2004 ഫെബ്രുവരി മാസം വരെ മീറ്റർ കമ്പനി ഉല്പാദിപ്പിക്കുന്ന മെക്കാനിക്കൽ മീറ്ററുകൾ വൈദ്യുതി വകുപ്പ് വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കരാർ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ റദ്ദ് ചെയ്തു. എന്തിനാണ് റദ്ദ് ചെയ്തത് ? അതിൽ ദുരൂഹതയുണ്ട്. അത് വിശദീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. മാത്രമല്ല പൊടുന്നനെ മെക്കാനിക്കൽ മീറ്ററിനു പകരം ഇലക്ട്രോണിക് മീറ്റർ ഉപയോഗിക്കാനുള്ള തീരുമാനം സർക്കാർ എടുത്തു. ഈ രണ്ട് നടപടികൾക്കും വൈദ്യുതി വകുപ്പുമന്ത്രി നൽകിയ വിശദീകരണം ദുർബ്ബലമാണ്. ഇലക്ട്രോണിക് മീറ്റർ മാറ്റിയത് ന്യായീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്താവനയിൽ പറയുന്നത് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ എ.പി.ഡി.ആർ.പി.യിൽനിന്ന് പണം വായ്പയെടുത്താൽ ഇലക്ട്രോണിക് മീറ്റർതന്നെ ഉപയോഗിക്കേണ്ടിവരും. അതുകൊണ്ടാണ് ഇലക്ട്രോണിക് മീറ്ററിലേക്ക് ചെയിഞ്ച് ചെയ്തത് എന്നാണ്. എന്നാൽ ഇതേ പദ്ധതിയിൽനിന്ന് വായ്പയെടുത്ത കർണ്ണാടക ബോർഡ്, ആന്ധ്രപ്രദേശ് ബോർഡ് എന്നീ സ്ഥാപനങ്ങൾ മെക്കാനിക്കൽ എനർജി മീറ്ററുകൾക്ക് ഈ സ്കീം പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിന്റെ കടലാസ് എന്റെ കയ്യിലുണ്ട്. മാത്രമല്ല, ഹൗസ് സർവ്വീസ് രംഗത്ത് ഇലക്ട്രോണിക് മീറ്റർ പരാജയമാണെന്ന് കണ്ട് കർണ്ണാടക, തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത്, ഒറീസ, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങൾ അഞ്ചു വർഷം മുമ്പുതന്നെ മെക്കാനിക്കൽ മീറ്ററിലേക്ക് തിരിച്ചുവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ മെക്കാനിക്കൽ മീറ്റർ മാറ്റി ഇലക്ട്രോണിക് മീറ്ററിലേക്ക് ചെയിഞ്ച് ചെയ്ത് ഒരു സ്വകാര്യ കമ്പനിയെ ഏല്പിച്ച വളരെ പ്രധാനപ്പെട്ട പ്രശ്നം ദുരൂഹത ഉയർത്തുന്നതാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. സ്വകാര്യ കമ്പനിയിൽ നിന്ന് വാങ്ങുന്നതിനു പകരം പൊതുമേഖലാ സ്ഥാപനത്തിൽനിന്ന് വാങ്ങുന്നതിന് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി. വളരെ താല്പര്യം കാണിക്കേണ്ടതല്ലേ ? ഇവിടെ ഭരണപക്ഷത്തും പ്രതിപക്ഷത്തും അതല്ലേ ചർച്ച ? നിങ്ങൾ ആ താല്പര്യം എന്തുകൊണ്ട് കാണിച്ചില്ല ? അതുവഴി കോടിക്കണക്കിന് രൂപ സർക്കാരിന് നികുതി ഇനത്തിൽ ലഭിക്കുന്നത് നഷ്ടമാകുന്നു. വളരെ പ്രധാനപ്പെട്ട ഒരു തൊഴിൽ സ്ഥാപനം പൂട്ടിയിടേണ്ട സ്ഥിതി ഇവിടെ ഉണ്ടായിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ തൊഴിലാളി സംഘടനകളും നിവേദനം കൊടുത്തുവെങ്കിലും ആ നിവേദനം അംഗീകരിക്കാൻ മന്ത്രി തയ്യാറായിട്ടില്ല. ഇതിനു കാരണമെന്താണെന്നു പറയാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. മറ്റൊന്ന് അനധികൃതമായി സ്വജനപക്ഷപാതത്തിൽക്കൂടിയുള്ള ട്രാൻസ്ഫറാണ് നടത്തുന്നത്. ഭരണകക്ഷിയാകുമ്പോൾ സ്ഥലംമാറ്റ കാര്യങ്ങളിൽ അല്പം ഇടപെടലുകൾ സ്വാഭാവികമാണ്. ആറുമാസ കാലഘട്ടത്തിൽ അഞ്ചു തവണ സ്ഥലം മാറ്റിയിട്ടുണ്ട്. രണ്ടു വർഷത്തിൽ നാലു തവണ സ്ഥലം മാറ്റിയിട്ടുണ്ട്. ഒരു കേസ് ഹൈക്കോടതിയിൽ പോയി. സ്വന്തം ആളുകൾക്ക് മറ്റ് പലതിന്റേയും അടിസ്ഥാനത്തിൽ തിരക്കിനിടയിൽ 11-ാം തീയതിയാണ് ചീഫ് എഞ്ചിനീയർ ഒപ്പിട്ടത്. ആ കടലാസ് എന്റെ കയ്യിലുണ്ട്. ഏഴാം തീയതിയാണ് വൈദ്യുതി ബോർഡിന്റെ ഓർഡർ. ചീഫ് എഞ്ചിനീയർ 11-ാം തീയതി ഒപ്പിട്ടാൽ അതു കഴിഞ്ഞിട്ടാണല്ലോ കെ.എസ്.ഇ.ബി. ഉത്തരവ് ഇറക്കേണ്ടത്. ഇതാണ് നടക്കുന്നത്. അതു സംബന്ധിച്ച് മലയാള മനോരമയ്ക്കുപോലും എഴുതേണ്ടിവന്നു. 110 കെ.വി.യുടെ ട്രാൻസ്ഫർ ലൈൻ എന്നു പറഞ്ഞുകൊണ്ട് എഴുതി. വൈദ്യുതി മന്ത്രിയുടെ ആഫീസിൽ നിന്നുള്ള 193 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ സ്ഥലംമാറ്റ ഉത്തരവ് വിവാദമാകുന്നു. അടുത്ത ദിവസംതന്നെ ബോർഡിന്റെ ഉത്തരവായി പുറത്തിറങ്ങുന്നു. രണ്ടു ദിവസത്തിനകം വീണ്ടും ഒരു ഉത്തരവ് ഇറങ്ങുന്നു. ഇക്കുറി ആദ്യത്തെ 18 പേരുടെ സ്ഥലംമാറ്റം റദ്ദാക്കുന്നു. ഒരാഴ്ചയ്ക്കകം വീണ്ടും ഉത്തരവ് ഇറങ്ങുന്നു. ഇക്കുറി

LIBRARY ARCHIVES Kerala Legislative Assembly

ആദ്യ ലിസ്റ്റിൽ ഉണ്ടായിരുന്ന 11 പേരുടെ സ്ഥലം മാറ്റം കൂടി റദ്ദാക്കി. 193 പേരുടെ സ്ഥലം മാറ്റം ഇത്ര പ്രയാസമാണെങ്കിൽ ദശലക്ഷക്കണക്കിന് ആളുകൾക്ക് വൈദ്യുതി എത്തിക്കാൻ പാടുപെടുന്നതിൽ അത്ഭുതമില്ലെന്നാണ് പത്രം പറയുന്നത്. മാതൃഭൂമി എഴുതി, വൈദ്യുതി വകുപ്പിലെ ലാഭകേന്ദ്രം. വൈദ്യുതി ബോർഡ് ലാഭകേന്ദ്രമാക്കുന്നതിന്റെ മുന്നോടിയായി വൈദ്യുതി വകുപ്പിൽ പൊതു സ്ഥലംമാറ്റത്തിലേക്ക് ലാഭകേന്ദ്രങ്ങൾ തുറന്നുകഴിഞ്ഞുവത്രേ. ഇപ്പോൾ ജോലി നിയന്ത്രിക്കുന്നതിനായി വകുപ്പുമന്ത്രിയുടെ ആഫീസിൽത്തന്നെ ചിലരെ ചുമതലപ്പെടുത്തിയിട്ടുണ്ടത്രേ. സാധാരണ തൂപ്പുകാർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവർക്ക് അവർ ഉദ്ദേശിച്ച സ്ഥലങ്ങളിലേക്ക് മാറ്റം കിട്ടണമെങ്കിൽ ചിലർ വിചാരിച്ചാലേ നടക്കൂവെന്ന് പറയപ്പെടുന്നു. അവർ വിചാരിക്കണമെങ്കിൽ അവരുടെ ലാഭകേന്ദ്രങ്ങളിൽ വല്ലതും തടയുകയുംവേണം. ലാഭകേന്ദ്രത്തിലെ വരവിന്റെ കനം കൂടുന്നതിനനുസരിച്ച് സ്ഥലം മാറ്റം ഉറപ്പാകും. ഈ കാര്യങ്ങളിൽ ദുരൂഹതയുണ്ട്. ഇത് പ്രധാനപ്പെട്ട പത്രങ്ങളിൽ വന്നതാണ്. ഈ കാര്യത്തെക്കുറിച്ച് മറുപടി പറയാൻ മന്ത്രി തയ്യാറാകണം. കേരളത്തെ അന്ധകാരത്തിലേക്ക് തള്ളിവിടുന്ന തരത്തിലുള്ള നടപടികളാണ് ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. ബാബു : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി പിന്താങ്ങുകയാണ്. മഴ കുറവും കാലവർഷവും തുലാവർഷവുമെല്ലാം ചതിക്കുകയും ചെയ്ത ഒരു സാഹചര്യത്തിലും ഇലക്ട്രിസിറ്റി ബോർഡിനെ വളരെ വിദഗ്ദ്ധമായ മാനേജുമെന്റിലൂടെ മുന്നോട്ടു നയിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്കും ബോർഡിനും കഴിഞ്ഞുവെന്നുള്ളത് വളരെയേറെ സ്വാഗതാർഹമായ കാര്യമാണ്. മാടക്കത്തറ ട്രാൻസ്ഫോർമർ തീപിടിത്തം, മൂഴിയാറിലെ അഗ്നിബാധ, നാൽച്ചൂർ കോളാർ 400 കെ.വി. ലൈനിലെ അപകടം, ഇത്തരം ദുരന്തങ്ങളെല്ലാം ഉണ്ടായിട്ടും ഇലക്ട്രിസിറ്റി ബോർഡിനെ ദിശാബോധത്തോടെ നയിക്കാൻ കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമല്ല. ഇവിടെ എസ്.എസ്.എൽ.സി. പരീക്ഷാ സമയത്ത് ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാൻ തീരുമാനിച്ച സന്ദർഭത്തിലാണ് തീപിടിത്തം ഉണ്ടായത്. ഇത് ഒരു അട്ടിമറിയാണോ എന്നുള്ളതിനെ സംബന്ധിച്ച് ആശങ്ക, സംശയം നിലനിൽക്കുകയാണ്. അട്ടിമറി ഉണ്ടായിയെങ്കിലും ആ ദിവസംതന്നെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാൻ തക്കവിധത്തിൽ ഗവൺമെന്റ് ഉണർന്നു പ്രവർത്തിച്ചു എന്നുള്ളത് ഈ രംഗത്തെ കാര്യക്ഷമതയുടെ സൂചനയായി ചൂണ്ടി കാണിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി രംഗത്ത് വലിയ പുരോഗതി ഉണ്ടായതായി ഇവിടെ പറയുകയുണ്ടായി. എൽ.ഡി.എഫ്. സർക്കാർ ലോഡ്ഷെഡ്ഡിംഗ് പിൻവലിക്കും, പവർകട്ട് പിൻവലിക്കുമെന്നു പറഞ്ഞുകൊണ്ടാണ് അധികാരത്തിൽ വന്നത്. നാലര വർഷം അധികാരത്തിൽ ഇരുന്ന സമയത്ത് സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരുന്നു. 2000 നവംബർ മാസം 1-ന് തെരഞ്ഞെടുപ്പിനു പോകാനുള്ള തയ്യാറെടുപ്പ് ആരംഭിച്ച സന്ദർഭത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റിന് ലോഡ് ഷെഡ്ഡിംഗ്

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കാൻ സാധിച്ചത്. അതുപോലെ കായംകുളത്തെ 11-ാം നമ്പർ ജനറേറ്റർ അറ്റകുറ്റപ്പണി നടത്തേണ്ട സമയത്ത് അത് മാറ്റിവയ്ക്കാൻ കേരള സർക്കാർ എൻ.ടി.പി.സി.ക്ക് കത്തെഴുതി. തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് ലോഡ് ഷെഡ്ഡിംഗ് പിൻവലിച്ചു. 11-ാം നമ്പർ ജനറേറ്ററിന്റെ അറ്റകുറ്റപ്പണികൾ നടത്തേണ്ടിയും വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ബോർഡിന്റെ സ്ഥിതി എന്താണ് ? കടക്കെണി യിലായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സാമ്പത്തിക അച്ചടക്കമില്ലായ്മ ബോർഡിന്റെ ഒരു നയമായിരുന്നു. പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി കൂടിയ പലിശയ്ക്ക് പണം കടമെടുത്ത് ആ പണം വകമാറി ചെലവാക്കുന്നത് നിങ്ങളുടെ നയമായിരുന്നു. 1991-96-ൽ യു.ഡി.എഫ്. സർക്കാർ 940 കോടി രൂപ കടമെടുത്തു. 1680 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി ചെലവാക്കി. കറണ്ട് ചാർജ്ജായി കിട്ടിയ തുകയിൽനിന്ന് 740 കോടി രൂപയും പദ്ധതി പ്രവർത്തനത്തിനുവേണ്ടി ചെലവാക്കുകയുണ്ടായി. എന്നാൽ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 1997-2001 വരെ 3,967 കോടി രൂപ കടമെടുത്തു. ഇതിൽ 2,740 കോടി രൂപയാണ് പദ്ധതിക്കുവേണ്ടി ചെലവഴിച്ചത്. 1,227 കോടി രൂപ വകമാറ്റി ചെലവാക്കി. ഇതുതന്നെയാണ് അടിസ്ഥാന വികസനത്തിനുവേണ്ടി എൽ.ഡി.എഫ് സർക്കാർ സ്വരൂപിച്ച 507 കോടി രൂപയുടെ കാര്യത്തിൽ സംഭവിച്ചത്. അടിസ്ഥാന വികസനത്തിനുവേണ്ടി കടമെടുത്ത 507 കോടി രൂപയിൽ ഒരു രൂപപോലും അടിസ്ഥാന വികസനത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് ചെലവാക്കിയില്ല. വക മാറ്റി ചെലവഴിച്ചു. ഇതു തന്നെയാണ് ബോർഡിനും സംഭവിച്ചത്. ഇവിടെ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 56.72 കോടി രൂപ 2000-2001-ൽ ലാഭമാക്കിക്കൊണ്ടാണ് കണക്ക് ഉണ്ടാക്കിയിട്ടുള്ളത്. സി. ആന്റ് എ.ജി റിപ്പോർട്ടാണ് ഞാൻ കാട്ട് ചെയ്തത്. തലേ വർഷം 25 കോടി രൂപയുടെ കടമുണ്ടായിരുന്നു. അത് 9,041 കോടി രൂപയാക്കി ഉയർത്തിക്കൊണ്ട് 1,299.33 കോടി രൂപ ഒരു കൊല്ലത്തിൽ നഷ്ടമുണ്ടാക്കിയ ആളുകളാണ് നിങ്ങൾ. എന്നിട്ട് 56.2 കോടി രൂപ ലാഭം കാണിച്ചിരിക്കുകയാണ്. ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് 3% ലാഭം കാണിക്കണം എന്നാണ്. അത് കാണിക്കണമെങ്കിൽ ആ കണക്കനുസരിച്ച് 1,286.5 കോടി രൂപ അന്ന് സർക്കാർ സബ്സിഡിയായി നൽകേണ്ടിയിരുന്നു. ഒരു പൈസ പോലും സബ്സിഡി നൽകിയിട്ടില്ല. പിന്നെ എങ്ങനെ 56.72 കോടി രൂപ ലാഭം കാണിക്കാൻ സാധിച്ചു എന്നത് പറയേണ്ട ഒരു കാര്യമാണ്. ഇങ്ങനെ കണക്കിലുള്ള തട്ടിപ്പിലൂടെ ഇലക്ട്രിസിറ്റി ബോർഡിനെ ലാഭകരമാക്കി പ്രവർത്തിപ്പിച്ചിരുന്നു എന്ന് അവകാശപ്പെടുന്നതിൽ കവിഞ്ഞ് യാഥാർത്ഥ്യങ്ങളുമായി അതിന് യാതൊരു ബന്ധവുമില്ല. ഇവിടെ ചാർജ് വർദ്ധനവിനെക്കുറിച്ച് പറഞ്ഞു. ശ്രീ. പിണറായി വിജയൻ മന്ത്രിയായിരുന്നപ്പോഴും ശ്രീ. ശർമ്മ മന്ത്രിയായിരുന്നപ്പോഴും നാല് തവണ ചാർജ് വർദ്ധിപ്പിച്ചു എന്നുള്ള കാര്യം നിങ്ങൾക്ക് നിഷേധിക്കാൻ സാദ്ധ്യമല്ല. കറണ്ട് ചാർജ് വർദ്ധനവിലൂടെ മാത്രമേ ബോർഡിനെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ എന്നുള്ള ധാരണ മാറി മാറി വന്ന ഗവൺമെൻറുകൾക്ക് ഉണ്ടായിരുന്നു. അതിന് ഒരു തിരുത്തൽ ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റിന്റെ കാലത്ത് കുറേ കാര്യക്ഷമതയോടെ ഇല്ക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കടബാദ്ധ്യത കുറയ്ക്കാനും ഭരണച്ചെലവുകൾ കുറയ്ക്കാനും ചീഫ് എഞ്ചിനീയർമാരുടെ പോസ്റ്റുകൾ വെട്ടിക്കുറച്ച്, 3,000 മറ്റു തസ്തികകൾ വെട്ടിക്കുറച്ച് കടബാദ്ധ്യതകൾ കുറയ്ക്കാനും എഫിഷ്യൻസി വർദ്ധിപ്പിക്കാനും ചെലവു കുറഞ്ഞ വൈദ്യുതി വാങ്ങാനുമുള്ള നടപടികൾ സ്വീകരിച്ചും കേന്ദ്ര പൂളിൽ നിന്ന് വൈദ്യുതി കൊണ്ടു വരുന്നതിനുവേണ്ടി ഹൈ വോൾട്ടേജ് ലൈനുകൾ നിർമ്മിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. അങ്ങനെ എല്ലാ നിലയിലും ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. ഞാൻ അതിനെയെല്ലാം സ്വാഗതം ചെയ്യുന്നു. അതോടൊപ്പം തന്നെ കറണ്ട് ചാർജ് വർദ്ധനവ് മാത്രമാണ് ഇലക്ട്രിസിറ്റി ബോർഡിനെ രക്ഷിക്കാനുള്ള മാർഗ്ഗം എന്നുള്ള തെറ്റിദ്ധാരണ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിരുന്നു. നാല് തവണ ചാർജ് വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റിന്റെ കാലത്തും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിൽ നിന്നും ഒരു മാറ്റം ഉണ്ടാകണം. ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും ചെലവ് കുറഞ്ഞ വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിച്ചുകൊണ്ടും ഈ രംഗത്ത് കൂടുതൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള തുടക്കം കുറിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇത് കൂടുതൽ മുന്നോട്ടു കൊണ്ടു പോകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതു പോലെ പവർകട്ട് വരുമ്പോൾ മാത്രം വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്ന രീതി മാറണം. കേരളത്തിലെ ഈ സാഹചര്യത്തിൽ പുതിയ പദ്ധതികൾ ആരംഭിക്കാൻ പരിസ്ഥിതി പ്രശ്നങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ അനുവാദവുമെല്ലാം വേണ്ടതുകൊണ്ട് നമുക്ക് സാധിക്കുന്നില്ല. ഇവിടെ വൈദ്യുതി ഉൽപ്പാദനത്തെക്കാൾ പ്രധാനപ്പെട്ട കാര്യമാണ് വൈദ്യുതി ഉപയോഗം കുറയ്ക്കുക എന്നുള്ളത്. ആ കാര്യത്തിൽ ബോധവൽക്കരണം എല്ലാ കാലത്തും നടക്കേണ്ടതായിട്ടുണ്ട്. അതുപോലെ ഓഫ് ലോഡ് സമയത്തെ വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കുവാനും അങ്ങനെ ഓഫ് ലോഡ് സമയത്ത് കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന എച്ച്.ടി., ഇ.എച്ച്.ടി ഉപഭോക്താക്കൾ ഉൾപ്പെടെ ഉള്ളവർക്ക് പരമാവധി ഇൻസെന്റീവ് കൊടുത്തുകൊണ്ട് ഓഫ് ലോഡ് സമയത്ത് വൈദ്യുതി ഉപയോഗം നടത്തുന്നതിനുള്ള പ്രോൽസാഹനം നൽകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 14 വർഷമായി മുടങ്ങിക്കിടന്നിരുന്ന കുറ്റ്യാടി പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അതുപോലെ അനവധി പദ്ധതികൾ പുതിയതായി ആരംഭിക്കാനും തുടക്കം കുറിക്കാനും സാധിച്ചിട്ടുണ്ട്. കൃാപ്റ്റീവ് ജനറേഷന്റെ കാലഘട്ടത്തിൽ ജസ്റ്റേഷൻ പീരീഡ് നിങ്ങളുടെ കാലത്ത് 20 കൊല്ലമായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ജസ്റ്റേഷൻ പീരീഡ് കുറച്ചുകൊണ്ട് കാപ്റ്റീവ് ജനറേഷൻ പ്രോജക്ടുമായി കമ്പനികളും വ്യവസായ സ്ഥാപനങ്ങളും എല്ലാം മുന്നോട്ടു വരത്തക്ക വിധത്തിൽ സുതാര്യവും അതേസമയം തന്നെ പ്രായോഗികവുമായ ഒരു തീരുമാനം എടുത്തത് സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എഗ്രിമെൻറ് ഉണ്ടാക്കി. കായംകുളം തെർമൽ വൈദ്യുത പദ്ധതിയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവൻ സംസ്ഥാനത്തിന് നൽകണം എന്നുള്ള കരാറാണ് ഉണ്ടാക്കിയത്. ആ കരാറിന്റെ ഫലമായി സംസ്ഥാനത്ത് വമ്പിച്ച നഷ്ടം ഉണ്ടായി. ഈ ഗവൺമെൻറ് വന്നതിനുശേഷം ആ വൈദ്യുതി കരാർ അവസാനിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ വൈദ്യുതി സറണ്ടർ ചെയ്യാനും അതിനു പകരമായി നമുക്ക് വില കുറഞ്ഞ പവർ ട്രേഡിംഗ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ വൈദ്യുതി വാങ്ങാനും സാധിച്ചു എന്നുള്ളത് നിഷേധിക്കാൻ പറ്റുന്ന കാര്യമല്ല. ഒരു കാര്യം ഈ സന്ദർഭത്തിൽ പറയുകയാണ്. കുറ്റ്യാടി , നേരിയമംഗലം പദ്ധതികളുടെ കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ മൂന്നു കൊല്ലം വേണ്ടി വന്നു എന്നാണ് ഞാൻ മനസ്സിലാക്കിയത്. പഴയ ഗവൺമെന്റിന്റെ സമയത്തും ഈ ഗവൺമെന്റിന്റെ സമയത്തും കാലതാമസം ഉണ്ടായി. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം. പദ്ധതികളെ സംബന്ധിച്ച് തീരുമാനം എടുക്കാനും കാലതാമസം ഒഴിവാക്കാനും ശ്രമം ഉണ്ടാകണം. മാറി മാറി വരുന്ന ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എല്ലാം ഇത് സംഭവിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം - നമ്മൾ ജനറേറ്റു ചെയ്യുന്ന വൈദ്യുതിയിൽ മൂന്നിലൊന്ന് വൈദ്യുതിയും കാണുന്നില്ല. ഇത് എല്ലാ കാലത്തും ഉള്ള പ്രശ്നമാണ്. അതുകൊണ്ട് ട്രാൻസ്മിഷൻ ലോസ് പരമാവധി കുറയ്ക്കണം. ഈ ലോസിന്റെ ഭാഗമായി മോഷണം തന്നെയാണ് നടക്കുന്നത് എന്നാണ് പറയപ്പെടുന്നത്. അതുകൊണ്ട് മോഷണം തടയാൻവേണ്ടി ഈ ഗവൺമെന്റ്, കർശനമായ ഇംപ്രിസൺമെന്റ് ഉൾപ്പെടെയുള്ള ശിക്ഷ നൽകുന്ന ഒരു ഓർഡിനൻസ് കൊണ്ടു വന്നു. അത് സ്വാഗതാർഹമാണ്. ഈ സഭയിൽ തന്നെ ഈ ഓർഡിനൻസ് നിയമമാക്കാനുള്ള നടപടി വേണം എന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. നിങ്ങളുടെ കാലത്തെ ഇലക്ട്രിസിറ്റി നയത്തെക്കുറിച്ച് നിങ്ങൾ അഭിമാനം കൊള്ളുന്നല്ലോ. ഈ മൂന്ന് ലാഭ കേന്ദ്രങ്ങൾ ഉണ്ടായത് എന്നാണ് ? 16% ലാഭം ഉണ്ടാക്കണം എന്നുള്ള നയം സ്വീകരിച്ചത് ആരാണ് ? സഖാവ് പിണറായി വിജയന്റെ കാലത്തുണ്ടായ നയമാണ് ഇപ്പോഴും തുടരുന്നത്. റഗുലേറ്ററി കമ്മീഷൻ വന്നത് നിങ്ങളുടെ കാലത്ത് തന്നെയാണ്. ശ്രീ. പിണറായി വിജയൻ ഇവിടെ അവതരിപ്പിച്ച ഊർജ നയത്തിൽ ഉണ്ടായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 1996-ൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ഞങ്ങൾ ഭരിച്ചിട്ടും ഇങ്ങനെ ഒരു കമ്മീഷനെ നിയമിച്ചില്ലല്ലോ. നിങ്ങൾ റഗുലേറ്ററി അതോറിറ്റിയെ നിയമിച്ചു എന്നു മാത്രമല്ല, അതിന്റെ ചെലവ് എത്രയാണെന്ന് അറിയുമോ ? ഒരു കോടി രൂപ അതിനുവേണ്ടി ചെലവഴിക്കുന്നു. 26,500 രൂപ ചെയർമാന്റെ ശമ്പളം മാത്രം. ഇങ്ങനെ ഒരു പുതിയ വെള്ളാനയെ നിങ്ങൾ ഉണ്ടാക്കി. മാത്രമല്ല, ഞങ്ങളുടെ കാലത്ത് പ്രസരണ നഷ്ടം ഉണ്ടായി എന്ന് പറഞ്ഞു. ആ പ്രസരണ നഷ്ടം ഒഴിവാക്കിത്തരാമെന്ന് പറഞ്ഞ് വോട്ട് വാങ്ങി അധികാരത്തിൽ വന്ന നിങ്ങൾക്ക് ഒന്നും ഒഴിവാക്കാൻ കഴിഞ്ഞില്ല എന്നല്ലേ അങ്ങ് പ്രസംഗിച്ചു വരുന്നത് ?

ശ്രീ. കെ. ബാബു : സർ, ഞാൻ പറഞ്ഞു വന്നത് സഖാവ് പിണറായി വിജയൻ 1999-ൽ ഈ സഭയിൽ അവതരിപ്പിച്ച ഊർജ നയത്തിൽ റഗുലേറ്ററി കമ്മീഷൻ ഉണ്ടായിരുന്നു. ലാഭ കേന്ദ്രങ്ങൾ ആക്കുമെന്ന് പറഞ്ഞിരുന്നു. 16 ശതമാനം ലാഭമുണ്ടാക്കുമെന്ന് പറഞ്ഞിരുന്നു. ഞാൻ വിശദാംശത്തിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഇവിടെ റഗുലേറ്ററി കമ്മീഷനെ നിയമിച്ചതിന്റെ പേരിൽ ഭാരിച്ച ബാദ്ധ്യതകളുണ്ടെങ്കിൽ അതിനെക്കുറിച്ച് തീർച്ചയായും പരിശോധിക്കണം. അക്കാര്യത്തിൽ തർക്കമില്ല. പക്ഷേ ഒരു കാര്യം നിങ്ങൾ ആലോചിക്കണം. ഓംബുഡ്സ്മാനിൽ എത്ര മെമ്പർമാരെയാണ് നിയമിച്ചത് ? ആറ് പേരെ നിയമിച്ച് വമ്പിച്ച നഷ്ടം ഈ സംസ്ഥാനത്ത് ഉണ്ടാക്കിയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

പോയവരാണ് നിങ്ങൾ. അത് മറക്കരുത്. ഇലക്ട്രിസിറ്റി ബോർഡ് സി.പി.എമ്മിന്റെ കറവപ്പശുവായിരുന്നു. അതിന്റെ ഉദാഹരണം ഞാൻ പറയാം. സി.പി.എമ്മിന്റെ കാലത്ത് ഉണ്ടായിരുന്ന ചെയർമാനെയാണ് നിങ്ങൾ കൈരളിയുടെ എം.ഡി. യായി നിയമിച്ചത്. ഇലക്ട്രിസിറ്റി ബോർഡിനെ വച്ചുകൊണ്ട് കൈരളിയിൽ അനധികൃതമായി ഉണ്ടാക്കിയ പണപ്പിരിവിന്റെ പാരിതോഷികമാണ് ഈ സ്ഥാനം. ഒരു കാര്യം കൂടി പറയാം, എസ്.എൻ..സി. ലാവലിൻ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ആരോപണം കൊണ്ടുവന്നിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു, വളരെ സ്വാഗതാർഹമാണ്. ഈയടുത്ത ദിവസങ്ങളിൽ പത്രങ്ങളിൽ ഒരു വാർത്ത വന്നിട്ടുണ്ട്, ഈ അന്വേഷണം പിൻവലിക്കാൻ പോകുന്നു, ലാവലിൻ കമ്പനിക്ക് അനധികൃതമായി കോൺട്രാക്ട് കൊടുത്ത ഈ അഴിമതിയെക്കുറിച്ച് അന്വേഷണം നടത്താൻ തീരുമാനിച്ച ഗവൺമെന്റിന്റെ തീരുമാനം സ്വാഗതാർഹമാണ്. ആ അന്വേഷണം ശക്തിയായി മുന്നോട്ടുകൊണ്ടുപോകണം. വേഗത്തിലാക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്ത വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. എസ്.എൻ.സി. ലാവലിനെ സംബന്ധിച്ചുള്ള അന്വേഷണം. ഗവൺമെന്റ് തീരുമാനമെടുത്തു, ആ തീരുമാനം നടപ്പാക്കില്ല എന്നുപറഞ്ഞ് ചില ദുഷ്ടബുദ്ധികൾ ഒളിഞ്ഞും തെളിഞ്ഞും ചില പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതു സംബന്ധിച്ച ശക്തിയായ അന്വേഷണം നടത്തണമെന്നുള്ളതല്ലേ അങ്ങയുടെയും അഭിപ്രായം.

ശ്രീ. കെ. ബാബു : സർ, ഞാൻ പറഞ്ഞതും അതുതന്നെയാണ്, അന്വേഷണം മുന്നോട്ടുകൊണ്ടുപോകണം. സഖാവ് പിണറായി വിജയൻ പറയുന്നതെന്താ, ഇത് സെൽഫ്ഗോളായിരിക്കും എന്നാണ്. ഒരു തെറ്റിദ്ധാരണയും വേണ്ട. യു.ഡി.എഫ്. ഗവൺമെന്റ് നിങ്ങളുടെ നെറ്റിയിലടിക്കുന്ന ഗോൾഡൻ ഗോളായിരിക്കും ഇത് എന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. കേരളത്തിൽ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെ ഒളിപ്പോരിലൂടെ അട്ടിമറിക്കാൻ വേണ്ടി ശ്രമിക്കുകയാണ്. ആ ഒളിപ്പോരിന്റെ ഭാഗമാണ് ഇന്നലെ കേരളത്തിൽ വിദ്യാർത്ഥികളെ ഇറക്കിവിട്ട് നടത്തിയ സമരം. മാറാട് നടന്ന കൂട്ടക്കുരുതിയിൽ എല്ലാവരും അപലപിച്ചിട്ടുണ്ട്, തീർച്ചയായും അത് അപലപനീയമാണ്. പക്ഷെ നിങ്ങൾ നടത്തിയ കൂട്ടക്കൊല, പ്രവീൺദാസിന്റെ വധം, നിങ്ങളുടെ പാർട്ടിയിൽ നിന്ന് ഒരാൾ സി.എം.പി. യിലേക്ക് കൂറുമാറി എന്നതിന്റെ പേരിൽ പ്രവീൺ ദാസിനെ കൊലചെയ്ത് കുടൽമാല അണിയാൻ നടത്തിയ ശ്രമം, നിങ്ങൾക്ക് തേനും പാലും രുചിക്കില്ല. നിങ്ങൾക്ക് ചോര കുടിക്കുന്ന കൊതുകിന്റെ സ്വഭാവമാണ്. രാഷ്ട്രീയ കൊതുകുകളാണ് മാർക്സിസ്റ്റു പാർട്ടി. ഈ കൊലപാതകം അവസാനിപ്പിക്കണം. ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തിയായി പിൻതാങ്ങുന്നു.

ശ്രീ. ടി. പി. എം. സാഹിർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിന് മറുപടി പറഞ്ഞ ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി അവരുടെ വകുപ്പുകളിൽ മാറ്റങ്ങൾ വരുത്തി

LIBRARY ARCHIVES Kerala Legislative Assembly

റൊണാൾഡോയെ പോലെ ഗോളടിച്ചു മുന്നേറുകയാണ്. റവന്യൂ കമ്മിയിൽ 1925 ഉറുപ്പിക ആയിരുന്നത് 1335 കോടി ഉറുപ്പികയാക്കി ചുരുക്കുവാൻ ഈ ഗവൺമെന്റിന്റെ രണ്ടുവർഷത്തെ പ്രവർത്തനം കൊണ്ട് കഴിഞ്ഞത് ഒരു നേട്ടമായി ഞാൻ കാണുകയാണ്. ഇവിടെ ശ്രീ. സതീശ് ചന്ദ്രൻ സൂചിപ്പിച്ചു, കേവലം 29 മെഗാവാട്ട് യൂണിറ്റ് വൈദ്യുതി മാത്രമാണ് ഈ രണ്ടുവർഷം കൊണ്ട് ഉൽപ്പാദിപ്പിക്കാൻ സാധിച്ചത്, യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞ തരത്തിലുള്ള ഒരു ഉൽപ്പാദനം ഇവിടെ നടന്നിട്ടില്ല, ഇലക്ട്രിസിറ്റി ബോർഡ് ഒരു ഈജിയൻ തൊഴുത്താണ് എന്നൊക്കെ. കടത്തിൽ മുങ്ങിക്കിടക്കുന്ന ഈ ഈജിയൻ തൊഴുത്തിനെ വീണ്ടും കടത്തിലാക്കുക എന്നുള്ള ആശയത്തിന് ഞങ്ങൾ മുതിരുന്നില്ല. അതുകൊണ്ടു മാത്രമാണ് പുതിയ ഒരു പ്രൊഡക്ഷനുവേണ്ടി ശ്രമിക്കാത്തത്. എന്നിരുന്നാലും 5 മുതൽ 10 മെഗാവാട്ട് വരെയുള്ള നൂറോളം ചെറുകിട ജലസേചന പദ്ധതികളുടെ ഒരു പ്രോജക്ട് തയ്യാറാക്കി കഴിഞ്ഞു. അതിൽ 30-ഓളം പ്രോജക്ടുകൾ പ്ലോട്ട് ചെയ്തു കഴിഞ്ഞതിൽ നാലെണ്ണം ടെൻഡർ ചെയ്ത് ഇന്ന് പ്രവർത്തനത്തിന് മുതിരുകയാണ്. അത് ഈ രണ്ടുവർഷത്തിനിടയിൽ ഉണ്ടായ ഒരു മാറ്റമാണ്. 1996-നും 1998-നുമിടയ്ക്ക് എൽ.ഡി.എഫ്. ന്റെ ഭരണകാലത്ത് രണ്ടുതവണ ഇലക്ട്രിസിറ്റി ചാർജ് വർദ്ധിപ്പിച്ചു. ചില മേഖലകളിൽ 1996 മുതൽ 2001 വരെയുള്ള പീരിഡിൽ 40 ശതമാനത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അങ്ങനെ ജനങ്ങളെ പീഡിപ്പിച്ചുകൊണ്ടുള്ള ഒരു വർദ്ധനവ്, ഈ സർക്കാർ വന്ന് രണ്ടുവർഷമായിട്ടും ഞങ്ങൾ ഇലക്ട്രിസിറ്റി ചാർജ് വർദ്ധിപ്പിച്ചിട്ടില്ല. കേവലം 8 ശതമാനം വരുന്ന കമേഴ്സ്യൽ ഇനത്തിൽ മാത്രമാണ് ഇന്ന് ഇലക്ട്രിസിറ്റി ബോർഡിന് ഉൽപ്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു ലാഭം കിട്ടുന്നത്. 35 ശതമാനം വരുന്ന ഗാർഹികേതര ഉപഭോക്താക്കൾക്കോ, 44 ശതമാനം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കോ ഒരു പൈസപോലും സർക്കാർ കൂട്ടിയിട്ടില്ല. വ്യവസായത്തിന്റെ കാര്യത്തിലാണെങ്കിൽ മുൻപ് 55 ശതമാനമായിരുന്നു അവരുടെ കൺസംപ്ഷൻ. ഇന്ന് പല വ്യവസായ സ്ഥാപനങ്ങളും അടച്ചു പൂട്ടുന്നതുകൊണ്ട് ഏകദേശം 35 ശതമാനം മാത്രമേ അവർ ഡ്രാ ചെയ്യുന്നുള്ളൂ. അതുതന്നെ പല ഇളവുകളും കിഴിവുകളും നൽകി ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം സഹിച്ചുകൊണ്ട് വ്യവസായത്തെ ഇവിടെ താങ്ങിനിർത്തുകയാണ്. ഇത്തരുണത്തിൽ ഗവൺമെന്റിന്റെ പല ചെയ്തികളെയും അഭിമുഖീകരിച്ചുകൊണ്ട് ഈ വകുപ്പിനെ മുന്നോട്ടു കൊണ്ടുപോകുവാൻ പല പദ്ധതികളും ആവിഷ്ക്കരിച്ചതിന്റെ കൂട്ടത്തിൽ എക്സിസ്റ്റിംഗ് പ്രോജക്ടിന്റെ എഫിഷ്യൻസി കൂട്ടുവാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേവലം 30 ശതമാനത്തോളം മാത്രമേ ഇപ്പോൾ പഴയ പ്രോജക്ടിൽ നിന്നും നമുക്ക് ഇലക്ട്രിസിറ്റി ലഭിക്കുന്നുള്ളൂ. അധിക പണം ചെലവഴിക്കാതെ തന്നെ ഹൈഡൽ പ്രോജക്ടുകളിൽ എഫിഷ്യൻസി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് ജനങ്ങളെ അധികം ബുദ്ധിമുട്ടിക്കാതെ ഇനിയുള്ള മൂന്ന് കൊല്ലത്തിനിടയ്ക്ക് കൂടുതൽ വൈദ്യുതി ആ സ്ഥാപനങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിക്കാൻ ശ്രമിക്കണം. അതുപോലെ തന്നെ അനർട്ട് പോലുള്ള താപവൈദ്യുത നിലയം അല്ലാത്ത മേഖലകളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ശ്രമിക്കണം. അതുമല്ലാതെ നമ്മുടെ സംസ്ഥാനത്തിന്റെ അയൽപക്കത്ത് അറ്റോമിക് എനർജി ഉപയോഗിച്ച് തമിഴ്നാട് ഗവൺമെന്റ് ഇപ്പോൾ ഒരു യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങാൻ ശ്രമിക്കുന്നുണ്ട്. തിരുവനന്തപുരത്തുനിന്നും 80 കിലോമീറ്റർ അകലെയാണ്. നമുക്കും അതിന്റെ ബോർഡറിൽ സ്ഥലമുണ്ടെങ്കിൽ നമ്മളും ആ ഭാഗത്തേക്ക് ചിന്തിക്കണം. ഇന്നിവിടെ ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിസിറ്റിയിൽ ഹൈഡൽ പ്രോജക്ടിൽ നിന്നുള്ള പ്രൊഡക്ഷൻ കോസ്റ്റ് മന്ത്രി ഇവിടെ കഴിഞ്ഞ തവണ സൂചിപ്പിച്ചു, നാല് കോടി ഉറുപ്പിക ഒരു മെഗാവാട്ട് പ്രോജക്ടിന് ഇപ്പോൾ ചെലവ് വേണ്ടിവരുന്നു എന്ന്. അങ്ങനെ വലിയ ഹൈഡൽ പ്രോജക്ടും ലാഭകരമല്ലാത്ത പ്രവർത്തിയാണ്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് മൂന്ന് ഡീസൽ പ്രോജക്ടുകൾ മൂവായിരം കോടി ഉറുപ്പികയോളം കടമെടുത്തുകൊണ്ട് കമ്മീഷൻ ചെയ്ത് കേരളത്തെ നശീകരണത്തിലേക്ക് നയിക്കുകയാണ് ചെയ്തത്. കാരണം ഡീസൽ പ്രോജക്ടുകളുടെ റണ്ണിംഗ് കോസ്റ്റ് 4.77 പൈസയിലും കൂടുതലാണ്. അത് ഇപ്പോഴും വർദ്ധിച്ച് വർദ്ധിച്ച് ഡീസലിന്റെ വില വർദ്ധിച്ചതുകൊണ്ട് ഇന്ന് 5 ഉറുപ്പികയിലും മേലെയുള്ള ഒരു കോസ്റ്റിലേക്ക് മാറിയിരിക്കുകയാണ്. ഒരു പ്ലാനിംഗും ഇല്ലാതെ, ആർക്കുമറിയാം ഡീസൽ പ്ലാന്റുകൾ സ്ഥാപിക്കാൻ വലിയ സമയം ആവശ്യമില്ല എന്ന്. അങ്ങനെ ഇലക്ട്രിസിറ്റി ബോർഡിനെ കടക്കെണിയിലാക്കിക്കൊണ്ട് ഈ വകുപ്പിനെ നശിപ്പിച്ചു പോയിരിക്കുന്ന ഒരു അവസ്ഥയിൽ ഇനിയും ഡീസൽ പ്ലാന്റ് ഉണ്ടാക്കാൻ നമുക്ക് സാധിക്കും. അതിന് രണ്ടുവർഷം മതി. പക്ഷെ ആ ബോർഡിനെ നശിപ്പിക്കണം എന്ന ചിന്തയിൽ നിന്നും മാറി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ എന്തുകൊണ്ടും അഭിനന്ദിക്കേണ്ടതാണ് എന്നാണ് എനിക്ക് പറയാനുള്ളത്.

ഇന്നത്തെ ധനാഭ്യർത്ഥന സഹകരണവും പോർട്ടും അടങ്ങിയതാണ്. അതിൽ സഹകരണ വകുപ്പ് ജന താൽപ്പര്യങ്ങൾ മാത്രം മുൻനിർത്തി, സഹകരണ മേഖലയെ രാഷ്ട്രീയത്തിന് അതീതമായി, എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തിന് വിഭിന്നമായി ഇന്ന് പരിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. ആ വിഭാഗത്തിൽ ഇപ്പോൾ നമുക്ക് അഭിമാനിക്കാൻ ഒരു പുതിയ സ്വാശ്രയ സഹകരണസംഘം രൂപീകരിക്കും, ഒരു ബിൽ കൊണ്ടുവരും എന്ന് അദ്ദേഹം സൂചിപ്പിച്ചു. എന്തുകൊണ്ടും അത് കഴിയുന്നതും വേഗത്തിൽ നടപ്പിലാക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊരു വകുപ്പ് ഇതിലുള്ളത് പോർട്ടാണ്. സർ, മൈനർ പോർട്ടുകളുടെ ഡെവലപ്മെന്റ് ശ്രദ്ധിക്കേണ്ടേ ? കോഴിക്കോട് ബേപ്പൂർ പോർട്ട്, അതൊരു പ്രൈവറ്റ് സ്ഥാപനം എം.ഒ.യു. സൈൻ ചെയ്തതാണ്. പക്ഷെ കഴിഞ്ഞ പത്തിരുപത് വർഷത്തിനുള്ളിൽ ബേപ്പൂർ പോർട്ടിന്റെ ഡവലപ്പ്മെന്റിനുവേണ്ടി കേവലം ഇരുപത് കോടി ഉറുപ്പിക മാത്രമാണ് ഗവൺമെന്റിന് ചെലവിടാൻ സാധിച്ചത്, 100 കോടിയോളം ഉറുപ്പികയുടെ ഒരു പ്രോജക്റ്റ് ഇവിടെ ഉണ്ടെങ്കിലും ഗവൺമെന്റിന്റെ സാമ്പത്തിക പരാധീനതമൂലം കേവലം 20 കോടി ഉറുപ്പിക മാത്രം ചെലവഴിച്ച ഒരു പോർട്ട് അവിടെ നിലനിൽക്കുന്നുണ്ട്. അതിന്റെ ഡെവലപ്പ്മെന്റിനുവേണ്ടി പ്രൈവറ്റ് പാർട്ടി മുന്നോട്ടുവന്ന സാഹചര്യത്തിൽ ഗവൺമെന്റ് അവരുമായി സംസാരിച്ച് ബേപ്പൂർ പോർട്ടിന്റെ ഡവലപ്പ്മെന്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിൽ ഇപ്പോൾ ഒരു പ്രശ്നം വന്നിരിക്കുന്നത് മാറാട് കലാപത്തിന്റെ പരിധിയിൽപ്പെടുന്ന ഒരു സ്ഥലമായതു കൊണ്ട് അവിടെ സെൻട്രൽ ഗവൺമെന്റ് കോസ്റ്റ് ഗാർഡ് യാർഡിന് സാങ്ഷൻ ചെയ്തിരിക്കുകയാണ്. ഈ കോസ്റ്റ്ഗാർഡ് ബേപ്പൂർപോർട്ടിന്റെ ഡെവലപ്മെന്റിന് വിഘ്നമായി നിൽക്കുന്ന സ്ഥലത്ത് അനുവദിക്കരുത് എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അതുകൊണ്ടുതന്നെ നമ്മുടെ ബേപ്പൂർ പോർട്ടിന്റെ പുരോഗതിയിൽ വിഘ്നമായ തരത്തിലുള്ള ഒരു ലൊക്കേഷൻ കോസ്റ്റ് ഗാർഡിന് നൽകരുത്. ഈ പോർട്ടിന്റെ ഡെവലപ്മെന്റിനു വേണ്ടി കേരളാ ഗവണ്മെന്റ് ഉദ്ദേശിച്ച സ്ഥലങ്ങളിൽനിന്നും കുറച്ചകലെ ഒരുപാട് സ്ഥലങ്ങൾ അതിന്റെ പ്രദേശത്തുണ്ട്. അവിടെ എവിടെയെങ്കിലും കോസ്റ്റ് ഗാർഡിന് സ്ഥലംനൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിൻതാങ്ങുകയാണ്.

പ്രൊഫ. എ. ഡി. മുസ്തഫ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിൻതാങ്ങുകയാണ്. വൈദ്യുതി വകുപ്പിനെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ പ്രവർത്തനം നിഷ്പക്ഷമായി വിലയിരുത്തുകയാണെങ്കിൽ തീർച്ചയായും അഭിനന്ദനം അർഹിക്കുന്ന രൂപത്തിൽ കാര്യങ്ങൾ വകുപ്പുമന്ത്രിക്ക് നടത്താൻ കഴിഞ്ഞു എന്നതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. വൈദ്യുതി വകുപ്പ്, കെ.എസ്.ഇ.ബി. എന്നുപറയുന്നത് ഒരു വെള്ളാനയാണ്. 160 കോടി ഉറുപ്പിക വരുമാനവും 275 കോടി ഉറുപ്പിക ചെലവും ദിവസേന ഏകദേശം 4 കോടി ഉറുപ്പികനഷ്ടവും വരുത്തിവയ്ക്കുന്ന ഈ സംവിധാനത്തെ കുറേയൊക്കെ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞു എന്നുള്ളത് ശ്ലാഘനീയമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 4436 കോടി ഉറുപ്പിക കടബാദ്ധ്യതയായിരുന്നു. അതിൽനിന്ന് 2001-2002-ന് തന്നെ 1036 കോടി ഉറുപ്പിക കടംവീട്ടാൻ സർക്കാരിന് കഴിഞ്ഞു എന്നുള്ള വസ്തുത ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ വകുപ്പ് നന്നായി മുന്നോട്ടു നയിക്കണമെങ്കിൽ ചെലവ് കുറഞ്ഞ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് കൊണ്ട് നടത്തുക, ഇത്തരം കാര്യങ്ങളിൽ ഈ സർക്കാർ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നതിന്റെ ഒന്നാംതരം തെളിവുകൾ ഇവിടെ സൂചിപ്പിക്കാൻ സാധിക്കും. 610 കോടി ഉറുപ്പിക ചെലവ് കുറയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞു എന്നുള്ളത് വലിയ ഒരു നേട്ടമായി ഞാൻ കാണുകയാണ്. ഭരണച്ചെലവ് 100 കോടി ഉറുപ്പിക, നാഫ്ത്തയുടെ എക്സൈസ് തീരുവ, സെയിൽടാക്സ് തുടങ്ങിയവ ഇളവ് ചെയ്തതുവഴി 150 കോടി ഉറുപ്പിക, കായംകുളം താപവൈദ്യുതി തമിഴ്നാടിന് കൂടി നൽകിയത് വഴി ഫിക്സഡ് ചാർജ് ഇനത്തിൽ 150 കോടി ഉറുപ്പിക, വൈദ്യുതി ചോർച്ച 50 ശതമാനം കുറച്ചതുവഴി 150 കോടി ഉറുപ്പിക ഇങ്ങനെ 550 കോടി ഉറുപ്പികയും വൈദ്യുതി ബോർഡിലെ മൂവായിരം ഉയർന്ന തസ്തികകൾ നിർത്തലാക്കിക്കൊണ്ട് 60 കോടി ഉറുപ്പികയും ചേർത്ത് ചെലവിനത്തിൽ 610 കോടി ഉറുപ്പിക കുറയ്ക്കാൻ കഴിഞ്ഞു എന്നുള്ളത് വലിയ നേട്ടമായി ഞാൻ കരുതുകയാണ്. കൂടാതെ ചെലവുകുറഞ്ഞ വൈദ്യുതി-അതാണല്ലോ നമ്മുടെ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്. ഈ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ കാര്യത്തിലും, വേറെ ധാരാളം ചെറുകിട പദ്ധതികൾക്കും ഗവൺമെന്റ് രൂപം നൽകുകയും പൂർത്തിയാക്കുകയും പുതിയവ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുകയും ചെയ്ത വസ്തുത ഇവിടെ ചൂണ്ടിക്കാണിക്കാം. വഴിക്കടവ് പദ്ധതി, കുന്നത്തുകാൽ, മലമ്പുഴ, പന്നിയാർ, ചെങ്കുളം, കുറ്റിയാടി ഓഗ്മെന്റേഷൻ, ചെമ്പുകടവ് 1, 2, തുടങ്ങിയ ഇരുപത്തിയഞ്ചോളം പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കി കൊണ്ടിരിക്കുന്നു എന്ന വസ്തുത ഞാൻ ഓർമിപ്പിക്കുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ബാരാപ്പുഴയെന്നുപറയുന്ന പ്രദേശത്ത് ഒരു പദ്ധതിയുമായി വർഷങ്ങളായി മുന്നോട്ടുപോകുകയാണ്. 1949-ൽ നല്ല ഒരു മനുഷ്യൻ കണ്ടെത്തിയ ഒരു സ്ഥാപനം ഏറ്റവും ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഒരു 3 കോടി രൂപ മാത്രം ഒരു മെഗാവാട്ടിന് ചെലവുചെയ്യേണ്ടുന്ന പദ്ധതി വർഷങ്ങളായി ഇഴഞ്ഞു നീങ്ങി കൊണ്ടിരിക്കുകയാണ്. 55 വർഷം കഴിഞ്ഞുവെങ്കിലും ഇതുവരെ അത് ആരംഭിക്കാൻ കഴിഞ്ഞില്ല. ഈ കാര്യത്തിലേക്ക് മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏഴു ലക്ഷം പേർക്ക് പുതിയ കണക്ഷൻ കൊടുക്കാൻ കഴിഞ്ഞു. 2057 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാൻ കഴിഞ്ഞു. 8 ലക്ഷം പഴയ മീറ്ററുകൾക്ക് പകരം പുതിയവ സ്ഥാപിക്കാൻ കഴിഞ്ഞു. OYEC-യുടെ കാര്യത്തിൽ വളരെ ഉദാരമായ സമീപനം സ്വീകരിച്ചുകൊണ്ട് 72 മാസഗഡുക്കളായി OYEC അടച്ചുകഴിഞ്ഞാൽ തന്നെ മൂന്നാമത്തെ മാസം കണക്ഷൻ നൽകാനുള്ള തീരുമാനം, അങ്ങനെ വളരെ സ്തുത്യർഹമായ സേവനങ്ങൾ ഈ രംഗത്ത് നടന്നുകൊണ്ടിരിക്കുന്നു എന്ന വസ്തുത ഓർമ്മപ്പെടുത്തുന്നതോടൊപ്പം തന്നെ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടേയും ബഹുമാനപ്പെട്ട മെമ്പർമാരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 2002-ൽ ഒക്ടോബർ മാസം കേന്ദ്ര ഗവൺമെന്റ് ഇലക്ട്രിസിറ്റി ബിൽ എന്നുപറഞ്ഞുകൊണ്ട് ഒരു ബിൽ പാസ്സാക്കി, ഈ ബിൽ നിയമപ്രകാരം നടപ്പിലാക്കാൻ തുടങ്ങിയാൽ ഈ സംസ്ഥാനത്ത് കെ.എസ്.ഇ.ബി. അടക്കമെല്ലാം തന്നെ പ്രൈവറ്റ് മേഖലയിൽ കൊണ്ടുവരുന്ന തരത്തിലുള്ള, അതായത് കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ പൂർണ്ണമായി തകർത്തുകൊണ്ട്, ഈ രംഗത്തെ, പൂർണമായി സ്വകാര്യവൽക്കരിക്കാനുള്ള ഒരു ബിൽ ആണ് 2002 ഒക്ടോബർ മാസം കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയതെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അതോടൊപ്പംതന്നെ ഇവിടെ പന്ത്രണ്ടോളം വൈദ്യുതി പദ്ധതികൾ പ്രൈവറ്റ് മേഖലയിൽ നൽകാൻ തീരുമാനിച്ചു. സോഷ്യലിസ്റ്റ് സംവിധാനം കുറേയൊക്കെ പരാജയപ്പെട്ടുവെങ്കിലും പ്രൈവറ്റൈസേഷനാണ് എല്ലാറ്റിനുമുള്ള ഒരു പോംവഴി എന്ന രൂപത്തിലുള്ള ചിന്താഗതി നമ്മൾ ഒഴിവാക്കണം. ഇതൊക്കെ പൊതുനൻമയ്ക്കുവേണ്ടിയുള്ള സ്ഥാപനമെന്ന നിലയിൽ കുറച്ച് നഷ്ടമാണെങ്കിലും അതിന്റെ പൊതുസ്വഭാവം നിലനിർത്താൻ എന്നും ശ്രമിക്കണമെന്ന് സൂചിപ്പിക്കുന്നു.

മറ്റൊരു കാര്യം, സഹകരണരംഗത്ത് നമുക്ക് അറിയാം, ഇന്ന് ഗ്ലോബലൈസേഷന്റേയും കാപ്പിറ്റലൈസേഷന്റേയും കാലഘട്ടമായി മാറിയിരിക്കുന്നു. സോഷ്യലിസ്റ്റ് സംവിധാനങ്ങളോട് നമുക്കുള്ള പ്രതിപത്തി ഒരിക്കലും അവസാനിക്കുന്നില്ല. സോഷ്യലിസ്റ്റ് സംവിധാനങ്ങൾ കുറേയൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

പരാജയപ്പെട്ടുവെങ്കിലും ഇന്ന് പ്രൈവറ്റൈസേഷന്റേയും ഗ്ലോബലൈസേഷന്റേയും കാലഘട്ടത്തിൽ ഇത് രണ്ടിന്റേയും മദ്ധ്യത്തിലുള്ള ഒരു സംവിധാനമാണ് സഹകരണപ്രസ്ഥാനം. മുതലാളിത്തത്തിന്റേയും സോഷ്യലിസത്തിന്റേയും തെറ്റായ വശങ്ങൾ ഒഴിവാക്കിക്കൊണ്ട് രണ്ടിന്റേയും നല്ല ഗുണങ്ങൾ ഉള്ള ഒരു സംവിധാനമെന്ന നിലയിലായിരുന്നു ആരാധ്യനായ ശ്രീ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സഹകരണ പ്രസ്ഥാനത്തെ ഈ രാജ്യത്ത് കൊണ്ടുവരാനും അത് വളർത്താനും ശ്രമിച്ചത്. സഹകരണപ്രസ്ഥാനം പൊതുജനമദ്ധ്യേ കൊണ്ടുവന്ന്, ജീവിതത്തിന്റെ എല്ലാരംഗത്തും ഒരു സഹകരണപ്രസ്ഥാനം വളർത്തിയെടുക്കാനുള്ള അങ്ങയുടെ ശ്രമത്തെ പൂർണമായി ഞാൻ അഭിനന്ദിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണമായി പിൻതാങ്ങുകയാണ്. 'അക്കരെ എത്തണം-തോണിയും മുക്കണം,' എന്നതായിരുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സഹകരണനയവും പരിപാടിയും. സഹകരണ രംഗം അവർ രാഷ്ട്രീയവൽക്കരിച്ചു, സഹകരണ പ്രസ്ഥാനങ്ങളെ വെട്ടിപ്പിടിച്ചു, വായ്പാ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ മറ്റ് മേഖലയിൽ ചെലവഴിച്ച് പുനർവായ്പാ വാതായനങ്ങൾ അവർ അടച്ചു. പണാപഹരണവും രാഷ്ട്രീയപകപോക്കലും കാരണം സഹകരണമെന്ന തോണി മുങ്ങി, മുങ്ങിയ തോണി പുനഃസ്ഥാപിക്കലാണ് ഈ ഗവൺമെന്റ് ചെയ്തത്. ഇന്നും സഹകരണരംഗം രാഷ്ട്രീയ അതിപ്രസരണത്തിൽ നിന്ന് മാറിയിട്ടില്ല എന്നാണ് എന്റെ അഭിപ്രായം. സഹകരണവും നിസ്സഹകരണവും തോണിയുടെ രണ്ട് തലപ്പുകളിൽ ഇരുന്ന് രണ്ടു ദിശയിലേക്ക് തുഴയുകയാണ്. സഹകരണവഞ്ചി ഇന്നും ഓളങ്ങളിൽപ്പെട്ട് ഉലയുകയാണ്. 'തലയ്ക്കു മീതെ വെള്ളം വന്നാൽ അതിന്റെ മീതെ തോണി' എന്നൊരു ചൊല്ലുണ്ട്. അതാണ് സർ, തോണിയുടെ മഹത്വം, സഹകരണത്തിന്റെ ഗുരുത്വവും. സ്വകാര്യ മേഖലയും പൊതുമേഖലയും ഈ രീതിയിലുള്ള പോരായ്മയുടെ പ്രളയത്താൽ ശ്വാസംമുട്ടിനിൽക്കുമ്പോൾ, സാധാരണക്കാരന് താങ്ങ്, തണൽ, അഭയം, ജീവരക്ഷ ഇവയെല്ലാം നൽകാൻ സഹകരണ പ്രസ്ഥാനത്തിന് കഴിയുന്നതാണ്. അതിൽ സഹകരണപ്രസ്ഥാനം സേവനരംഗം ആക്കുകയും, 'സൽപ്പേര് തന്നെയാണ് സമ്പത്ത്' എന്ന ആപ്തവാക്യം സഹകാരികൾ മനസ്സാവരിക്കുകയും വേണം. സർ, ദൗർഭാഗ്യത്തിന് ഇന്ന് ചൂഷണം ഏറ്റവും കൂടുതൽ നടക്കുന്നത് സഹകരണ മേഖലയിൽ ആണോയെന്ന് ഞാൻ സന്ദേഹിക്കുന്നു. എല്ലാ പാർട്ടിയിലുമുള്ള സത്യസന്ധരായ, സേവനസന്നദ്ധരായ സഹകാരികളുടെ കൂട്ടായ്മ ഉണ്ടാക്കണം. സഹകാരികൾക്ക് ഒരു പെരുമാറ്റച്ചട്ടം ഉണ്ടാകണം. സഹകരണപ്രസ്ഥാനത്തെ ധൂർത്ത് അടിക്കരുത്, നഷ്ടപ്പെടുത്തരുത്, വെട്ടിമാറ്റരുത്, വെട്ടിക്കരുത്.

12.00 NOON] 1957-ൽ പ്രൊഫസർ മുണ്ടശ്ശേരി സഹകരണത്തിന്റെ ചുമതലകൂടി വഹിച്ചിരുന്ന മന്ത്രിയായിരുന്ന അവസരത്തിൽ ഒരു Co-operative Advisory Board ഉണ്ടാക്കിയിരുന്നു. ഇന്ന് രാജസ്ഥാൻ പോലെയുള്ള സംസ്ഥാനങ്ങളിൽ മന്ത്രി അദ്ധ്യക്ഷനായി

LIBRARY ARCHIVES Kerala Legislative Assembly

സത്യസന്ധതയുള്ള മാതൃകാ സഹകാരികൾ ചേർന്നുകൊണ്ടുള്ള മാതൃകാ Advisory Board ഉണ്ട്. അതുപോലെയുള്ള Advisory Board നമുക്കിവിടെ ഉണ്ടാക്കണം. അങ്ങനെ സഹകരണ രംഗം സംശുദ്ധമാക്കണം. കക്ഷി രാഷ്ട്രീയത്തിന്റെ നീരാളിപ്പിടിത്തമില്ലെങ്കിൽ കേരളത്തിൽ സഹകരണ രംഗത്ത് അൽഭുതങ്ങൾ സൃഷ്ടിക്കാമെന്ന് തെളിയിച്ച ഒരു എളിയ സഹകാരിയാണ് ഞാൻ. അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രസ്ഥാനങ്ങളും ഇപ്പുറത്തുള്ളവരുടെ പ്രസ്ഥാനങ്ങളും ചേർന്നപ്പോൾ 40 കോടി രൂപകൊണ്ട് 400 കോടി രൂപയുടെ turnover ഉണ്ടാക്കി കേരളത്തിൽ സഹകരണ രംഗത്ത് അൽഭുതം ഉണ്ടാക്കിയ 'മിൽമ' പ്രസ്ഥാനത്തെ മാതൃകയാക്കണം. ക്രാന്തദർശിയായ ഒരു സാത്വികന്റെ കഥയുണ്ട്. ക്രാന്തദർശിയായ ഒരു സാത്വികനെ പരീക്ഷിക്കാൻവേണ്ടി പുരോഗമനവാദിയായ ഒരു ചെറുപ്പക്കാരൻ ഉള്ളം കൈയിൽ ഒരു കൊച്ചു കുരുവിയുമായി വന്നു. എന്നിട്ട് ക്രാന്തദർശിയോട് ചോദിച്ചു, ഉള്ളം കൈയിലുള്ള വസ്തുവിന് ജീവനുണ്ടോ ഇല്ലയോ? ജീവനുണ്ടെന്ന് പറഞ്ഞാൽ പെരുവിരലൊന്നമർത്തണം. ആ കൊച്ചു ജീവിയെ കൊല്ലണം. ക്രാന്തദർശി വിഡ്ഢിയാണെന്ന് തെളിയിക്കണം. മറിച്ച് ജീവനില്ലെന്ന് പറഞ്ഞാൽ ജീവനുള്ള കുരുവിയെ ഉയർത്തിക്കാണിക്കണം. ക്രാന്തദർശി പറഞ്ഞു, ഉള്ളം കൈയിൽ ഇരിക്കുന്ന വസ്തുവിന് ജീവനുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കുന്നത് അത് കൈയിലിരിക്കുന്ന ആളിന്റെ മാനസികാവസ്ഥ പോലെ ഇരിക്കും ; എന്നാണ്. അതുപോലെയാണ് കേരള സഹകരണ പ്രസ്ഥാനവും. അത് കൈകാര്യം ചെയ്യുന്നവരുടെ മാനസികാവസ്ഥയ്ക്ക് അനുസരിച്ചാണ് മാനസികസ്ഥിതിക്ക് അനുസരിച്ചാണ്, സഹകരണപ്രസ്ഥാനം നിലനിൽക്കണമോ വളരണമോ എന്ന് തീരുമാനിക്കുന്നത്. മാറിയ സാമ്പത്തിക പശ്ചാത്തലത്തിൽ സഹകരണ തത്വങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടുള്ള സമഗ്രമായ ഒരു പുനഃസംഘടന, ഒരു നിയമ പരിരക്ഷ, ശൈലിമാറ്റം നിർബന്ധമാക്കണം. സ്വകാര്യ മേഖലയോട് കിടപിടിക്കാൻ പര്യാപ്തമായ കാര്യക്ഷമതയും നേതൃത്വഗുണവും Professional Management, അക്കൗണ്ടബിലിറ്റിയും സഹകരണ മേഖല സ്വായത്തമാക്കി പുതിയ വെല്ലുവിളികളെ നേരിടണമെന്നാണ് എന്റെ അഭിപ്രായം. സഹകരണത്തെ ഇന്ന് കേരളത്തിൽ നയിക്കുന്നത് ശ്രീ. എം. വി. രാഘവനാണ്. അദ്ദേഹം ഒരു സഹകരണ ചാണക്യനാണെന്ന് പറയുന്നതിൽ എനിക്ക് മടിയില്ല. അദ്ദേഹത്തിന് സവിശേഷമായ ഒരു ബുദ്ധി, ബുദ്ധിക്കനുസരിച്ചുള്ള കൗശലങ്ങൾ ഇവ രണ്ടും ചേർത്ത് അദ്ദേഹം കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തെ നയിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് സഹകരണ നിയമനിർമ്മാണം കാലോചിതമായി പരിഷ്ക്കരിക്കാൻ മാറ്റാനുള്ള സാഹചര്യമുണ്ടാക്കണം. കേന്ദ്ര ഗവൺമെന്റിന്റെ സഹകരണ സംരക്ഷണ ഫണ്ട് 8,000 കോടി രൂപയാണ്. അതിൽ 187 കോടി രൂപ കേരളത്തിനർഹതപ്പെട്ടതാണ്. നമുക്കത് ലഭിക്കാതിരിക്കുന്നതിനുള്ള കാരണം, നമുക്ക് സ്വാശ്രയ സഹകരണ നിയമം ഉണ്ടായിട്ടില്ല എന്നത് മാത്രമാണ്. ഇവിടെ സ്വാശ്രയ സഹകരണ നിയമത്തെ അപ്പുറത്തിരിക്കുന്ന ചിലർ എതിർക്കുന്നു. ജനാധിപത്യം സംരക്ഷിച്ചുകൊണ്ട് സർക്കാർ ഇടപെടലുകൾ ഒഴിവാക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള സഹകരണ നിയമത്തിലെ 32-ാം വകുപ്പ് മാറ്റിയാൽപ്പോരേ, അതല്ലെങ്കിൽ സംഘങ്ങൾ പിരിച്ചുവിടുന്നതിന് പര്യാപ്തമായതോടൊപ്പം തന്നെ ഏത് തീരുമാനവും റദ്ദാക്കുന്നതിനുള്ള 175-ാം ചട്ടം എടുത്ത് കളഞ്ഞാൽ പോരേ എന്നൊക്കെ ചോദിക്കും. അത് അന്ധൻ ആനയെ കണ്ടതുപോലെയാണ്. ഇത് സമാന്തര സഹകരണ നിയമമാണ്. 8 സംസ്ഥാനങ്ങൾ ഇത് പ്രാവർത്തികമാക്കി. പശ്ചിമ ബംഗാളിൽ സ്വാശ്രയ സഹകരണ നിയമം കൊണ്ടുവരുമെന്ന് അവിടത്തെ മന്ത്രി പറഞ്ഞിരിക്കുന്നു. പശ്ചിമ ബംഗാളിൽ നടന്നാൽ അത് പുരോഗമനം. കേരളത്തിൽ നടന്നാൽ അത് അധോഗമനം. ആ കാഴ്ചപ്പാടിന് മാറ്റം ഉണ്ടാകണം. കേരളത്തിലെ സഹകരണ രംഗം കൈവരിച്ച നേട്ടങ്ങൾക്ക് കോട്ടം ഉണ്ടാകാത്ത നിലയിലുള്ള സ്വാശ്രയ സഹകരണ നിയമം കേരളത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. സഹകരണ പ്രസ്ഥാനത്തിൽ ഉണ്ടാകുന്ന കമ്പോള മൽസരം, പുതിയ ബാങ്കുകൾ, വിദേശ ബാങ്കുകൾ വഴി ഉണ്ടാകുന്ന ഭീഷണി എന്നിവ നേരിടുന്നതിനുവേണ്ടി നയപരമായ നിലയിൽ ദേശീയ തലത്തിൽ തന്നെ ഒരു സഹകരണ ദേശീയ നിയമം ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. 2001 ജനുവരി മാസം ഒന്നാം തീയതി നടപ്പിലാക്കിയ, ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലിരുന്നപ്പോൾ കൊണ്ടുവന്ന സഹകരണ ഭേദഗതി നിയമം. ആ സഹകരണ ഭേദഗതി നിയമം അപകടമാണെന്ന് അപ്പുറത്തിരിക്കുന്നവർക്ക് ഇപ്പോൾ ബോദ്ധ്യമായിരിക്കുന്നു. അംഗത്വം നൽകുന്നതിനുള്ള രജിസ്ട്രാറുടെ അവകാശം, പോലീസ് വിജിലൻസ് ഏർപ്പാട്, സർക്കാർ പദ്ധതി നടപ്പിലാക്കൽ, പഞ്ചായത്തുകൾക്ക് അംഗത്വം. ശ്രീ. എം.വി. രാഘവൻ പണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അനഭിമതനായിരുന്നു. ഇപ്പോൾ അദ്ദേഹത്തെ അവരുടെ മുൻകാല രാഷ്ട്രീയ നേതാവെന്നുള്ള നിലയിൽ കാണുന്നു. അതിനുള്ള കാരണമെന്താണെന്നറിയാമോ ? നിലവിലുള്ള നിയമത്തിന്റെ വാൾ അദ്ദേഹത്തിന്റെ കൈകളിലുണ്ട്. ആ വാൾ അവർക്കെതിരെ പ്രയോഗിക്കുമോ എന്നതിന്റെ അടിസ്ഥാനത്തിൽ, അവർതന്നെ കഴിഞ്ഞ ഭരണകാലത്ത് തീർത്തുകൊടുത്ത നിയമത്തിന്റെ വാൾ, ആ വാൾ ഉണ്ടെന്ന് അറിഞ്ഞു കൊണ്ടാണ് അവർ സ്നേഹിക്കുന്നത്. അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. അങ്ങയുടെ അനുയായി, എന്റെ നിയോജക മണ്ഡലത്തിൽ- അങ്ങയുടെ പാർട്ടി ജില്ലാ കമ്മിറ്റി മെമ്പർ പ്രവീൺ ദാസിനെ ഒരു ഇറച്ചിവെട്ടുകാരൻ പോലും വെട്ടാത്ത നിലയിലാണ് വെട്ടി വീഴ്ത്തിയത്. അതിൽ പ്രതിയായിട്ടുള്ളവരുടെ പേര് അങ്ങ് ഇന്ന് പത്രത്തിൽ വായിച്ചു കാണും. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 3 ലോക്കൽ കമ്മിറ്റി സെക്രട്ടറിമാരാണ് അതിൽ പ്രതിയായിരിക്കുന്നത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അങ്ങയോടുള്ള മനോഭാവത്തിന് മാറ്റം ഉണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച് അങ്ങ് ഗൗരവമായി ആലോചിക്കേണ്ടത് സന്ദർഭോചിതമായിരിക്കും. 1969-ൽ ഉണ്ടാക്കിയ സഹകരണ നിയമം പൊളിച്ചെഴുതേണ്ട കാലം കഴിഞ്ഞു. 1989-ലെ അർദ്ധനാരീശ്വരൻ കമ്മിറ്റിയുടെ റിപ്പോർട്ട് ഇന്നും ഇവിടെ പ്രസക്തമായി നിൽക്കുന്നു. വായ്പാ സംഘങ്ങളുടെ പുനർ ക്രമീകരണങ്ങൾക്കുവേണ്ടി ഉണ്ടാക്കിയ വിക്കി പട്ടേൽ കമ്മിറ്റി, ഗ്രാമീണ സഹകരണ സംഘങ്ങളുടെ നവോത്ഥാനത്തിനു വേണ്ടിയുള്ള വ്യാസ് കമ്മിറ്റി,

LIBRARY ARCHIVES Kerala Legislative Assembly

അതുമല്ലെങ്കിൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി കൊണ്ടുവന്ന കുമാരൻ കമ്മിറ്റി, അതുമല്ലെങ്കിൽ പരമേശ്വരൻ കമ്മിറ്റി. അതുമല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ 5 ലക്ഷം രൂപ മുടക്കി ശ്രീ. പിണറായി വിജയന്റെ ബന്ധുവിനെക്കൊണ്ട് ഇവിടെ സഹകരണ ബാങ്കുകൾ 2 തട്ടിൽ വേണോ 3 തട്ടിൽ വേണോ എന്നതിനെ സംബന്ധിച്ച് അന്വേഷിപ്പിച്ച രഞ്ജിത് കമ്മിറ്റി, ആ ചാപിള്ള കമ്മിറ്റി, അടക്കമുള്ളവയെ സംബന്ധിച്ച് പഠിച്ച് സമഗ്രമായ ഒരു സഹകരണനിയമം ഉണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും ഈ സഭയും തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന. ഈ ഗവൺമെന്റ് ഗഹാൻ സമ്പ്രദായം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതാണ്. അതിന് ബിൽ കൊണ്ടുവരണം. വനിതകൾക്ക് തൊഴിലിനുവേണ്ടി, അവരെ സംരക്ഷിക്കുന്നതിനുവേണ്ടി, അവരെ പരിരക്ഷിക്കുന്നതിന് വനിതാ സഹകരണ സംഘങ്ങൾ കൊണ്ടുവരണം. ദുർബല വിഭാഗങ്ങളുടെ സഹകരണ പ്രസ്ഥാനങ്ങൾ, അത് ഏത് പാർട്ടി ഭരിച്ചാലും ആ സഹകരണ പ്രസ്ഥാനത്തിലെ ഭരണത്തെ വേണ്ടത്ര സഹായിച്ച് സംരക്ഷിച്ച്, ദുർബല വിഭാഗങ്ങളെ സഹകരണ പ്രസ്ഥാനത്തിന്റെ മുന്നണിയിലാക്കി, Main Stream-ൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കൊണ്ടുവരണം. സഹകരണ രംഗത്ത് ആധുനികമായ മാനേജുമെന്റ് ഉണ്ടാക്കുവാൻ പര്യാപ്തമായ നിയമം ഉണ്ടാകണം. അപ്പെക്സ് സംഘങ്ങൾ ഓരോന്നും ഓരോ രീതിയിൽ പ്രവർത്തിക്കുന്നു. അവരുടെ ഒരു confederation ഉണ്ടാകണം. വൈകുണ്ഡ മേത്ത സഹകരണ യൂണിവേഴ്സിറ്റി പൂനെയിലുണ്ട്. അതിന് സമാനമായ ഒരു സ്ഥാപനം കേരളത്തിൽ ഉണ്ടാക്കാൻ നമുക്ക് കഴിയണം. Deposit mobilisation-ലൂടെ നമ്മുടെ സംസ്ഥാനത്തെ സഹകരണപ്രസ്ഥാനം സമാഹരിക്കുന്ന സമ്പത്തിനെ പ്രത്യുല്പാദനപരമായി വിനിയോഗിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം. കാർഷിക വായ്പകൾ നൽകുന്നതിൽ ഭൂരിപക്ഷം വായ്പാ സംഘങ്ങൾ ഇന്ന് അമാന്തം കാണിക്കുന്നു. കാർഷിക വായ്പാ സംവിധാനത്തിനുണ്ടാക്കിയ സഹകരണ പ്രസ്ഥാനം ഇന്ന് സ്വർണ്ണപ്പണയത്തിനുവേണ്ടി അല്ലെങ്കിൽ ഇതര ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നു. അതിനൊരു മാറ്റം ഉണ്ടാക്കണം. നമ്മുടെ റിക്രൂട്ട്മെന്റ് ബോർഡിന് statutory അധികാരം ഉണ്ടെങ്കിൽപ്പോലും സുതാര്യതയുടെ, സത്യസന്ധതയുടെ സഹകരണ മേഖലയിൽ വളരെ അംഗീകാരമുള്ള, ജനങ്ങൾ വിശ്വസിക്കുന്ന, പ്രവർത്തികളിൽ സത്യസന്ധത തെളിയിച്ചവർ, ആ സ്ഥാനങ്ങളിൽ വരാൻ പര്യാപ്തമായ സാഹചര്യം ഉണ്ടാക്കി സുതാര്യത നിലനിർത്തണം. I C D P-യിൽ സമഗ്രമായ സഹകരണ പദ്ധതി-എല്ലാ ജില്ലകളിലും കുറ്റമറ്റ നിലയിൽ പ്രാവർത്തികമാക്കുവാനാവശ്യമായ സംവിധാനം ഉണ്ടാകണം. സഹകരണ പ്രസ്ഥാനത്തിന്റെ ഉയർത്തെഴുന്നേൽപ്പ്, കേരളത്തിന്റെ സാമ്പത്തിക രംഗത്ത് പൊതുമേഖലയുടെയും സ്വകാര്യ മേഖലയുടെയും നടുവിൽ നാളെ വളർന്നു വരാൻ കഴിയുന്ന ഈ പ്രസ്ഥാനത്തെ ഉയർത്തിക്കൊണ്ടുവരാൻ നമുക്ക് കഴിയണം.

406/12

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ഇലക്ട്രിസിറ്റി വകുപ്പ്, ഇന്നലെകളിൽ അന്ധതയിലായിരുന്ന വകുപ്പ്, വൈദ്യുതിയുടെ പ്രസരണ വേഗത്തിൽ ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകുവാൻ, വിമർശകർക്ക് വൈദ്യുതാഘാതം വരുത്തും പോലെ മറുപടി പറയാൻ കഴിയുന്ന ശ്രീ. കടവൂർ ശിവദാസൻ അക്ഷരാർത്ഥത്തിൽ വൈദ്യുത മന്ത്രി എന്ന അദ്ദേഹത്തിന്റെ ഔദ്യോഗിക പേര് അന്വർത്ഥമാക്കിയിരിക്കുന്നു. ഈ ഗവൺമെന്റിനുവേണ്ടി മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷപൂർവ്വം ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യാവസായിക പുരോഗതിയിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്ന ഒരു മേഖലയാണ് ഊർജ്ജ മേഖല. കേരളത്തിന്റെ ഊർജ്ജ ഉൽപ്പാദനത്തിന്റെ പ്രധാന ഉറവിടം നമ്മുടെ ജലവിഭവ ശേഷിയിൽ പരിമിതപ്പെട്ടിരിക്കുകയായിരുന്നു. നമുക്ക് മറ്റ് ഊർജ്ജ സ്രോതസ്സുകളായ കൽക്കരി, പ്രകൃതി വാതകം, എണ്ണ തുടങ്ങിയവയുടെ ശേഖരം ഒട്ടുമില്ല. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിലാണ് നമ്മുടെ വൈദ്യുതി മേഖലയുടെ നിലനിൽപ്പ് മുൻപോട്ട് പോകുന്നത്. 1940-ൽ 5 മെഗാവാട്ട് വൈദ്യുതി മാത്രം ഉൽപ്പാദിപ്പിച്ചിരുന്ന നമ്മുടെ സംസ്ഥാനത്ത് ഇന്ന് 2060 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശേഷിയുണ്ടെന്ന് പറയാൻ കഴിയുമെങ്കിലും അത് പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുന്നില്ല. ഒരവസരത്തിൽ നമ്മുടെ വൈദ്യുതിയുടെ ഉൽപ്പാദനം മുഴുവൻ ഹൈഡൽ പവർ പ്രോജക്റ്റുകളിൽ നിന്നായിരുന്നുവെങ്കിൽ ഇന്ന് അത് മൊത്തം ഉൽപ്പാദനത്തിന്റെ ഏതാണ്ട് 70 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. 29 ശതമാനത്തോളം തെർമൽ പവറും ഒരു ശതമാനത്തിൽ താഴെ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വിൻഡ് മില്ലുകളുമാണ് നമ്മുടെ ഊർജ്ജ ഉൽപ്പാദനത്തിന്റെ പ്രധാന സ്രോതസ്സുകൾ. നമുക്ക് ഇത്രമാത്രം ഉയർന്ന നിരക്കിലുള്ള ഉൽപ്പാദനം കൊണ്ടുവരാൻ കഴിഞ്ഞുവെങ്കിലും നമ്മുടെ പ്രതിശീർഷ ഉപഭോഗം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണ്. പോണ്ടിച്ചേരി പോലുള്ള സംസ്ഥാനങ്ങളിൽ പോലും പ്രതിശീർഷ ഉപഭോഗം 931 കെ.ഡബ്ല്യൂ.എച്ച് ആണെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം അത് വെറും 261 കെ.ഡബ്ല്യൂ.എച്ച് ആണ്. ഇത്രയും കുറഞ്ഞ പ്രതിശീർഷ ഉപഭോഗം ഉണ്ടായിട്ട് പോലും കേരളത്തിൽ ഇന്ന് ആവശ്യത്തിന് വൈദ്യുതി ഇല്ലാത്ത സാഹചര്യമാണ് നാം കാണുന്നത്. യഥാർത്ഥത്തിൽ വൈദ്യുതി ഇല്ലായെന്നുള്ള സാഹചര്യമല്ല. നമുക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. പക്ഷേ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ കോസ്റ്റ്, ഉൽപ്പാദന ചെലവ് വളരെയധികം വർദ്ധിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. നമ്മുടെ തെർമൽ പവർ പ്ലാന്റുകളിലെ 70 ശതമാനമെങ്കിലും, അതിന്റെ സ്ഥാപിതശേഷി, അല്ലെങ്കിൽ പ്രവർത്തനം ഉണ്ടായാൽ മാത്രമേ ഏറ്റവും കുറഞ്ഞ ഏതാണ്ട് അഞ്ച്, അഞ്ചര രൂപയ്ക്ക് വൈദ്യുതി ലഭിക്കുന്ന സാഹചര്യം ഉണ്ടാകുകയുള്ളു. അവിടെ ഷട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഡൗൺ ഉണ്ടാകുമ്പോൾ, അല്ലെങ്കിൽ സ്ഥിരമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഇന്ന് കേരളത്തിൽ വൈദ്യുതി ഉൽപ്പാദനം നടക്കുന്നത്. അങ്ങനെയുള്ളപ്പോൾ അത് 12 രൂപയിലധികം വില വരുന്ന സാഹചര്യത്തിലേക്ക് പോവുകയാണ്. ഈ നിലയിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല. അവിടെ നമുക്ക് പരിഹാരം മറ്റ് മേഖലകളിൽ നിന്ന് കാണേണ്ടിയിരിക്കുന്നു. അതിന് ഏറ്റവും പ്രധാനപ്പെട്ട സാദ്ധ്യതയുള്ളത് ചെറുകിട ജലവൈദ്യുത പദ്ധതികളാണ്. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മൾ വലിയ ജലപദ്ധതികൾക്ക് സമർപ്പിച്ച പ്രോജക്റ്റുകളൊക്കെ തിരസ്ക്കരിക്കപ്പെടുകയായിരുന്നു. പരിസ്ഥിതി വാദികളുടെ വ്യത്യസ്തങ്ങളായ നിലപാടുകൾമൂലം നമുക്ക് പ്രധാനപ്പെട്ട പല ജലവൈദ്യുത പദ്ധതികളും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. പൂയംകൂട്ടി, സൈലന്റ് വാലി പോലുള്ള പദ്ധതികളൊക്കെ നമുക്ക് നഷ്ടപ്പെട്ടു. ഇന്ന് കരണീയമായിട്ടുള്ളത്, സാദ്ധ്യതയുള്ളത് ഒരു മെഗാവാട്ട്, രണ്ട് മെഗാവാട്ടൊക്കെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വളരെ ചെറിയ പദ്ധതികളാണ്. ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ ഇവിടെ നേരത്തെ സൂചിപ്പിക്കുകയുണ്ടായി, ഏതാണ്ട് 400 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്ന്. ഈ ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ നമുക്ക് ആയിരം മെഗാവാട്ടിലധികം വൈദ്യുതിവരെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിനുള്ള നടപടികൾ എത്രയും വേഗം വൈദ്യുതി വകുപ്പ് സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. മറ്റൊരു മേഖല, നമ്മൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വേണ്ട വിധത്തിൽ കൺസ്യൂമറുടെ അടുത്ത് എത്തിക്കാൻ കഴിയുന്നില്ല എന്നാണ്. ട്രാൻസ്മിഷൻ ലോസ്സ് അതുപോലെ ഡിസ്ട്രിബ്യൂഷൻ ലോസ്സ് മറ്റേതൊരു പ്രദേശത്തേക്കാൾ കൂടുതലാണോ എന്ന് ചോദിച്ചാൽ ചിലപ്പോൾ അല്ല എന്ന് നമുക്ക് പറയാൻ കഴിയും. പക്ഷേ അത് ബീഹാറിൽ മുപ്പതോ മുപ്പത്തി ഒന്നോ ശതമാനമാണെങ്കിൽ നമുക്കത് ഇരുപത്തിയൊൻപത് ശതമാനമൊക്കെയാണെന്ന് പറയാൻ കഴിയുമെങ്കിലും ഇത്രമാത്രം ട്രാൻസ്മിഷൻ ലോസ്സുള്ള ഒരു സാഹചര്യം ഒഴിവാക്കിയാൽ മാത്രമേ വൈദ്യുതി മേഖലയെ നമുക്ക് കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുകയുള്ളു. അതിന് ചെയ്യാൻ കഴിയുന്ന പ്രധാനപ്പെട്ട കാര്യം നമ്മുടെ ഉർജ്ജോൽപ്പാദനത്തിന്റെ സ്രോതസ്സിൽ നിന്ന് ഇരുനൂറും മുന്നൂറും കിലോമീറ്റർ ദൂരെ കൺസ്യൂമറുടെ കൺസംപ്ഷൻ പോയിന്റിലേക്ക് വൈദ്യുതി എത്തിക്കുന്ന സാഹചര്യത്തിന് മാറ്റമുണ്ടാകണം. കൺസംപ്ഷൻ പോയിന്റിന്റെ സമീപത്ത് തന്നെ ഊർജ്ജോൽപ്പാദനം നടത്താൻ കഴിയുന്ന നിരവധി പദ്ധതികളെക്കുറിച്ച് നമുക്ക് ചിന്തിക്കേണ്ടി വരും. അവ ഇന്ന് സാധിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. തിരുവനന്തപുരത്ത് ഇന്ന് വൈദ്യുതി ലഭിക്കണമെങ്കിൽ പള്ളിവാസലിൽ നിന്നോ അതുപോലെ ദൂരപ്രദേശങ്ങളിൽ നിന്നോ വരണം. കേരളത്തിലേക്കുള്ള വൈദ്യുതി തന്നെ പലപ്പോഴും പ്രധാനമായും ലഭിക്കുന്നത് കേരളത്തിന് വെളിയിലുള്ള രാമഗുണ്ടം പോലുള്ള പദ്ധതികളിൽ നിന്നാണ്. ഈ സാഹചര്യത്തിന് മാറ്റമുണ്ടാക്കാൻ നമുക്ക് കഴിയണം. മറ്റൊരു കാര്യം, വൈദ്യുതിയുടെ മോഷണമാണ്. വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

മോഷണത്തിന്റെ കാര്യത്തിൽ നമുക്ക് കാര്യമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞോ എന്ന് ചോദിച്ചാൽ, കഴിഞ്ഞ ഒന്നുരണ്ട് വർഷത്തിനിടയിൽ ബഹുമാന്യനായ നമ്മുടെ വൈദ്യുതി വകുപ്പുമന്ത്രിയുടെ പ്രധാനമായ ശ്രദ്ധമൂലം നിരവധിയായ പ്രവർത്തനങ്ങൾ കാഴ്ച്ചവയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി മോഷണം പല വിധത്തിൽ നടക്കുന്നുണ്ട്. കേരളത്തിൽ ഒരു യൂണിറ്റ് വൈദ്യുതി 50 പൈസയ്ക്ക് കൃഷി ആവശ്യത്തിന് നൽകുമ്പോൾ ആ വൈദ്യുതി വ്യാവസായിക ആവശ്യത്തിനും ഗാർഹിക ആവശ്യത്തിനും. ഉപയോഗിക്കുന്ന ധാരാളം കൺസ്യൂമേഴ്സ് ഇന്നും കേരളത്തിലുണ്ട്. 5.80 രൂപയ്ക്ക് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി തുച്ഛമായ 50 പൈസ നിരക്കിൽ കാർഷിക മേഖലയ്ക്ക് നൽകുമ്പോൾ അത് മറ്റ് ആവശ്യങ്ങൾക്കായി ദുരുപയോഗപ്പെടുത്തുന്ന, വിനിയോഗിക്കുന്ന ആ സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിൽ, ഞാൻ ഉദ്യോഗസ്ഥൻമാരെ അടച്ചാക്ഷേപിക്കാൻ തയ്യാറല്ല. പക്ഷേ അതിനെ സഹായിക്കുന്ന ഉദ്യോഗസ്ഥൻമാരുമുണ്ടെന്ന് പറയാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ കാലങ്ങളിലെ നമ്മുടെ അനുഭവം അതാണ്. പല സ്ഥലങ്ങളിലും ഉദ്യോഗസ്ഥൻമാരുടെ സഹകരണത്തോടുകൂടി വൈദ്യുതി മോഷണവും വൈദ്യുതിയുടെ ദുരുപയോഗവും ധാരാളമായിട്ടുണ്ട്. അത് നിയന്ത്രിക്കുവാൻ നമുക്ക് കഴിയണം. അതിനുള്ള നടപടികൾ സ്വീകരിക്കണം. എന്നാൽ മാത്രമേ വൈദ്യുതി ബോർഡിനെ കൂടുതൽ കാര്യക്ഷമമാക്കുവാൻ നമുക്ക് സാധിക്കുകയുള്ളു എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ മറ്റൊരു കാര്യം, ജലവൈദ്യുതിയുടെ അല്ലെങ്കിൽ നമ്മുടെ താപവൈദ്യുതിയുടെ കാര്യം- കേരളത്തെ സംബന്ധിച്ചിടത്തോളം, ഞാൻ ആദ്യം സൂചിപ്പിച്ചു, നമുക്ക് തെർമൽ പവർ പ്ലാന്റുകൾ സ്ഥാപിക്കണമെങ്കിൽ അതിനാവശ്യമായ കൽക്കരി, നാഫ്ത, ഓയിൽ എന്നിവ ദൂരദേശങ്ങളിൽ നിന്ന് കൊണ്ടുവരണം. കേരളത്തിൽ ഇതൊന്നും ലഭ്യമല്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിലാണ് യഥാർത്ഥത്തിൽ തെർമൽ പവർ കൂടുതൽ ചെലവേറിയതായിരിക്കുന്നത്. നമുക്ക് ദീർഘകാല അടിസ്ഥാനത്തിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുന്ന പദ്ധതികളെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. ലോകത്തെമ്പാടും ആണവോർജ്ജം ഉപയോഗിക്കുന്ന സാഹചര്യം നാം കാണുന്നുണ്ട്. കേരളത്തിൽ എന്തുകൊണ്ട് അതിന് സാധിക്കുന്നില്ല എന്ന് ചോദിച്ചാൽ നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ജനസംഖ്യയാണ്, അല്ലെങ്കിൽ ജനസാന്ദ്രതയാണ്. കേരളം മറ്റ് പല പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ ജനസാന്ദ്രതയുള്ള പ്രദേശമാണെന്ന ഒരൊറ്റ കാരണം മാത്രമാണ് അതിന് ഒരു പ്രധാന തടസ്സമായി നിൽക്കുന്നത്. പക്ഷേ നമ്മുടെ തൊട്ടടുത്ത് തമിഴ്നാട്ടിൽ ഇവിടെ നിന്ന് ഏതാണ്ട് 75 കിലോമീറ്റർ മാത്രം ഡിസ്റ്റൻസുള്ള കൂടംകുളത്ത് ആണവോർജ്ജം ഉൽപ്പാദിപ്പിക്കാൻ തമിഴ്നാട് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. തമിഴ്നാട്ടിലുള്ളവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുന്നതിനേക്കാൾ വേഗം കേരളത്തിലുള്ള ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകാൻ ഏതെങ്കിലും തരത്തിൽ സാഹചര്യമുണ്ടായാൽ അതിനുള്ള സാഹചര്യം ഈ പദ്ധതിയിൽ നിന്നാണ് ഉണ്ടാവുക. അവിടെയൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ സേഫ്റ്റി മെഷേഴ്സ് സ്വീകരിച്ചുകൊണ്ട് ഒരു 100 വർഷത്തേക്ക് കേരളത്തിനാവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ ഒരുക്കിയെടുക്കാൻ നാം ശ്രമിച്ചില്ലെങ്കിൽ ഭാവിയിൽ ഈ ജലവൈദ്യുത പദ്ധതികൊണ്ടുമാത്രം മുന്നോട്ട് പോകാൻ കഴിയില്ല എന്ന യാഥാർത്ഥ്യം കൂടി നമ്മുടെ മനസ്സിൽ സൂക്ഷിക്കേണ്ടതുണ്ട്. ഞാൻ മറ്റു ചില കാര്യങ്ങൾ കൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ സംസാരം അവസാനിപ്പിക്കാം. 1998 ജൂലൈ മാസം വരെ അപേക്ഷ കൊടുത്തവർക്ക് മാത്രമാണ് ഇന്ന് വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുന്നത്. അല്ലാത്തവർക്കൊക്കെ ഒന്നുകിൽ ഒ..ഇ.സി വേണം, അല്ലെങ്കിൽ മറ്റ് തരത്തിലുള്ള പണം അടയ്ക്കണം. 1998-ൽ, കഴിഞ്ഞ നൂറ്റാണ്ടിൽ അപേക്ഷ കൊടുത്തവർക്കൊന്നും കണക്ഷൻ കിട്ടുന്നില്ല എന്ന സാഹചര്യത്തിന് പരിഹാരമുണ്ടാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പ്രധാനപ്പെട്ട തടസ്സം പറയുന്നത്, മെറ്റീരിയൽസില്ല എന്നുള്ളതാണ്. മെറ്റീരിയൽസ് പലപ്പോഴും ലഭ്യമാണെങ്കിലും അതാത് ഡിവിഷനുകളിൽ സമയത്ത് എത്തിക്കാൻ കഴിയുന്നില്ല എന്ന സാഹചര്യം നിലനിൽക്കുന്നു. അങ്ങനെയുള്ള സാഹചര്യങ്ങളിൽ മെറ്റീരിയൽസ് എത്രയും വേഗം എത്തിക്കാനുള്ള നടപടി സ്വീകരിക്കണം. മറ്റൊരു കാര്യം, എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള വൈദ്യുതി മേഖല. പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഓരോ സാമ്പത്തിക വർഷവും ഞങ്ങൾ നൽകുന്ന പ്രൊപ്പോസൽസ് അതാത് സാമ്പത്തിക വർഷം തന്നെ നടപ്പാക്കുവാനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി വൈദ്യുതി ബോർഡിന് നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പലപ്പോഴും അത് ഒരു വർഷവും രണ്ട് വർഷവും മുന്നോട്ട് പോകുന്നു. ആ സാഹചര്യമുണ്ടാക്കരുത്. ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി മേഖലയിൽ മാത്രം ജനകീയാസൂത്രണ പദ്ധതിയിൽ 53 കോടിയിലധികം രൂപ ഡെപ്പോസിറ്റായി നൽകിയിട്ട് ഇന്നുവരെ ആ പദ്ധതികളൊന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 53 കോടി അല്ലെങ്കിൽ 100 കോടിയിലധികം രൂപ ചെലവ് വരുന്ന പദ്ധതികൾ നടപ്പിലാക്കി എന്ന് കണക്ക് കൊടുക്കുകയും ഒന്നും നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നു. അത് ഒഴിവാക്കി എത്രയും വേഗം ആ പദ്ധതികൾ കൂടി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങികൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി രംഗമാകെ തകർന്ന് അതിരൂക്ഷമായ കടക്കെണിയിൽപ്പെട്ട് മുങ്ങിത്താഴുന്ന ഒരു കപ്പലായി മാറിയിരിക്കുന്ന കാലഘട്ടത്തിലാണ് ഐക്യജനാധിപത്യമുന്നണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരമേറ്റെടുത്തത്. വൈദ്യുതി രംഗത്തു തകർച്ചയുണ്ടാക്കാനുള്ള പ്രധാനപ്പെട്ട കാരണക്കാർ കഴിഞ്ഞ ഗവൺമെന്റിന് നേതൃത്വം കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

ആളുകളാണെന്നു പറയുമ്പോൾ അതിനോട് ആർക്കും തർക്കമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. പല കണക്കുകൾവച്ച് പരിശോധിച്ചാൽത്തന്നെ കേരളത്തിലെ ജനങ്ങൾക്ക് അത് ബോധ്യമാകാൻ കഴിയുന്ന കാര്യങ്ങളാണ്. വൈദ്യുതിബോർഡിനെ സംബന്ധിച്ചിടത്തോളം യാതൊരു തത്വദീക്ഷയുമില്ലാത്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമായ തരത്തിൽ വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിനു പകരം കേരളത്തിലെ ജനങ്ങളെ എങ്ങനെ ദ്രോഹിക്കാൻ കഴിയുമെന്ന് പരിശോധന നടത്തിയ അല്ലെങ്കിൽ ഗവേഷണം നടത്തിയ ആളുകളാണ് അപ്പുറത്തിരിക്കുന്നത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കടവൂർ ശിവദാസൻ അതിന് കാലോചിതമായ മാറ്റം വരുത്താൻ വേണ്ടി നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി വൈദ്യുതി ഉൽപ്പാദനരംഗത്ത് നമുക്ക് കുറെക്കൂടി കാര്യക്ഷമതയുണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു. അതുപോലെതന്നെ വൈദ്യുതി വിറ്റഴിക്കുമ്പോൾ അതിന്റെ പണം നേടിയെടുക്കുന്ന കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കുവാൻ കഴിഞ്ഞുവെന്നുള്ളതുകൊണ്ട്, കൂടുതൽ തുക ഉണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു എന്നതൊക്കെ എടുത്തുപറയേണ്ട കാര്യമാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്ന കാലഘട്ടത്തിൽ ഓരോമാസവും വൈദ്യുതി ബോർഡിനുണ്ടായിരുന്ന വരുമാനം 160 കോടി രൂപ ആയിരുന്നുവെങ്കിൽ അത് ഇന്ന് 250 കോടി രൂപയിലേക്ക് മാറിയിരിക്കുന്ന അവസ്ഥയുണ്ടായി. മുൻ ഗവൺമെന്റ് വൈദ്യുതി ചാർജ് നാല് പ്രാവശ്യം വർദ്ധിപ്പിച്ചു. നമ്മൾ രണ്ടും അപ്പുറവും ഇപ്പുറവും ഇരുന്ന ആളുകളായതുകൊണ്ട് ബഹുമാനപ്പെട്ട സുപാലിന് നന്നായിട്ട് അറിയാം, എത്ര പ്രാവശ്യം നിങ്ങൾ അപ്പുറത്തിരുന്നപ്പോൾ വൈദ്യുതിയുടെ ചാർജ് വർദ്ധിപ്പിച്ചുവെന്ന്, അതുകൊണ്ട് ആ കാര്യം മാത്രം പറയണ്ട. ഇപ്പോൾ ചാർജ് കൂട്ടിയതുകൊണ്ടു മാത്രമല്ല വരുമാനം വർദ്ധിക്കാൻ ഇടയായത്. അതിലെല്ലാം ഉപരിയായി ഇത് എങ്ങനെ നടത്തണമെന്ന് നേതൃത്വം കൊടുക്കുവാൻ അറിയാവുന്നവർ ആ സ്ഥാനത്ത് വന്നുവെന്നുള്ളതുകൊണ്ടാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുന്നത് നന്നായിരിക്കും.

ശ്രീ. പി. എസ്. സുപാൽ : സർ, യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ ചാർജ് വർദ്ധനവ് ഭീമമായ വർദ്ധനവാണ്, അത് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടത് അങ്ങയുടെ നേതാവായ ശ്രീ. കെ. കരുണാകരനല്ലേ ?

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, ചില തെറ്റുകൾ ഉണ്ടാകുമ്പോൾ അത് തിരുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. അതിന് സംശയമില്ല. പക്ഷേ നിങ്ങൾ 4 പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു. വൈദ്യുതിചാർജ് വർദ്ധിപ്പിച്ചെങ്കിലും പണം പിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നിങ്ങൾക്ക് സ്വീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമല്ലേ. പല ആളുകളെയും നിങ്ങൾക്ക് സഹായിക്കേണ്ടത് ഉള്ളതുകൊണ്ട് നിങ്ങൾ അത്തരം കാര്യങ്ങൾ വരുമ്പോൾ മൗനംദീക്ഷിക്കുന്നു എന്നുള്ളതുകൊണ്ട് വൈദ്യുതി ബോർഡിലെ വരുമാനം കുറഞ്ഞിരുന്നു എന്നതാണ് സത്യാവസ്ഥ. പക്ഷേ ഇന്നുള്ള അവസ്ഥ എന്താണ് ? 160 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയിൽ നിന്ന് 250 കോടി രൂപയിലേക്ക് വൈദ്യുതി ചാർജ് ഇനത്തിൽ പണം ഈടാക്കാൻ കഴിഞ്ഞത് വൈദ്യുതി മോഷണം ഒരുഭാഗത്ത് തടയാൻ കഴിഞ്ഞുവെന്നുള്ളതുകൊണ്ടാണ്. വൈദ്യുതി മോഷണം തടയുന്നതിന് നല്ല നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായി മുന്നോട്ട് വന്നിരിക്കുന്നു. മോഷണം സ്ഥിരമായി നടത്തുന്ന ആളുകളെ പിടിക്കാൻവേണ്ടിയുള്ള സംവിധാനം ഉണ്ടായിരിക്കുന്നു. അതുകൊണ്ട് വൈദ്യുതി വിൽക്കുന്ന ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. അതാണ് പറഞ്ഞത് നടത്തുവാൻ കഴിയുന്ന, ചെയ്യുവാൻ കഴിയുന്ന, നേതൃത്വം കൊടുക്കുവാൻ കഴിയുന്ന, ആളുകൾ ഇതിന് നേതൃത്വം കൊടുത്തതുകൊണ്ടാണ് അത്തരത്തിലേക്ക് കടന്നുവരാൻ കഴിഞ്ഞത്. നമുക്കറിയാവുന്ന മറ്റൊരു കാര്യമുണ്ട്. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുമ്പോൾ ഇവിടെയുണ്ടാക്കിയ കട ബാധ്യത എത്രയാണ് 4,436 കോടി രൂപയാണ്. 4,436 കോടി രൂപയുടെ കട ബാധ്യത നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കി. ഇതിന്റെ ബാദ്ധ്യതയും ഞങ്ങളാണ് ഏറ്റെടുത്തത്. ഈ ബാദ്ധ്യത ഞങ്ങൾ ഏറ്റെടുക്കുമ്പോൾ കഴിഞ്ഞ രണ്ട് വർഷക്കാലംകൊണ്ട് ഏതാണ്ട് 1,036 കോടി രൂപ നിങ്ങൾ കടമെടുത്തത് ഞങ്ങൾക്ക് അടയ്ക്കുവാൻ കഴിഞ്ഞിരിക്കുന്നു. അത് കഴിഞ്ഞത് ഫിനാൻസ് മാനേജ്മെന്റ് എന്നു പറയുന്നത് ഒരു പ്രധാനപ്പെട്ട കാര്യം കൊണ്ടാണ്. അത് ചെയ്യുവാൻ അറിയാവുന്നവരായതുകൊണ്ടാണ്. നിങ്ങൾ ചെയ്തത് എന്താണ് ; കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏതാണ്ട് 3,967 കോടി രൂപ കടമെടുത്തു. ആ കടമെടുത്ത പണം നിങ്ങൾ പദ്ധതി ചെലവിനുവേണ്ടി ചെലവഴിച്ചോ, ചെലവഴിച്ചില്ല. ബഹുമാനപ്പെട്ട രാജു എബ്രഹാമിന് അറിയില്ലെങ്കിൽ ഞാൻ കണക്ക് പറഞ്ഞുതരാം. 3,967 കോടി രൂപ നിങ്ങൾ കടമെടുത്തപ്പോൾ 2,740 കോടി രൂപ മാത്രമാണ് പദ്ധതി പ്രവർത്തനത്തിനുവേണ്ടി നിങ്ങൾ വിനിയോഗിച്ചത്. ബാക്കിയുള്ള 1,227 കോടി രൂപ നിങ്ങൾ വക മാറ്റി ചെലവഴിച്ചു. അതുകൊണ്ട് എന്ത് സംഭവിച്ചുവെന്നു ചോദിച്ചാൽ നമ്മുടെ സംസ്ഥാനത്ത് പല മേഖലകളിലും വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി ഇന്നും കഴിയാത്ത സ്ഥലങ്ങളുണ്ട്. ഒരുപക്ഷേ ശ്രീ. രാജു എബ്രഹാമിന്റെ നിയോജകമണ്ഡലമടക്കം ഇന്നും വൈദ്യുതി എത്തിക്കാൻ കഴിയാതെ പോയിട്ടുള്ള പല സ്ഥലങ്ങൾ കാണും. എന്റെ നിയോജകമണ്ഡലത്തിൽതന്നെ പല പ്രദേശങ്ങളിലും ഇന്നും വൈദ്യുതി ലഭിച്ചിട്ടില്ല.

ശ്രീ. രാജു എബ്രഹാം : സർ, നമ്മൾ രണ്ട് എം.എൽ.എ.മാരും ഒരു പിന്നോക്ക ജില്ലയിൽനിന്നു വന്നിട്ടുള്ളവരാണ്. കേരളത്തിൽ ജല വൈദ്യുത പദ്ധതികളുടെ ഉല്പാദനത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന, ശബരിഗിരിയടക്കം സ്ഥിതിചെയ്യുന്ന ജില്ലയിൽ പകുതിയിൽ അധികം സ്ഥലങ്ങളിൽ വൈദ്യുതി ഇനിയും എത്താനുണ്ട്. അങ്ങ് വലിയ വലിയ കാര്യങ്ങളെപ്പറ്റി പ്രസംഗിക്കാറുണ്ട്. നമ്മുടെ ഈ പ്രാദേശികമായ പ്രശ്നം പരിഹരിക്കാൻകൂടി ഒരു നിർദ്ദേശം സമർപ്പിക്കുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ പറഞ്ഞുവരുന്നത് അതുതന്നെയാണ്. ബഹുമാനപ്പെട്ട രാജു എബ്രഹാം, ഞാൻ പറഞ്ഞുവരുന്നത് വൈദ്യുതി നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ചില മേഖലകളിൽ എത്താൻ കഴിയാതെ പോയതിന്റെ കാരണം നിങ്ങൾ തന്നെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഇവിടെ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്ന് നിങ്ങൾ പണം നേടിയെടുത്തു. എന്നിട്ട് വൈദ്യുതി എത്താത്ത മേഖലകളിൽ വൈദ്യുതി എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതിനു പകരം നിങ്ങൾ ആ തുക മറ്റ് കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചതുകൊണ്ടാണ് നമ്മുടെ രണ്ടുപേരുടെയും പ്രദേശങ്ങളിൽ പല മേഖലകളിലും ഇപ്പോഴും വൈദ്യുതി എത്താത്തതെന്ന് അങ്ങ് അറിഞ്ഞിരിക്കണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, പദ്ധതി പ്രവർത്തനത്തിന് അനുവദിച്ച തുക അതിനുവേണ്ടി ചെലവഴിച്ചില്ല, വകമാറ്റി ചെലവഴിച്ചുവെന്നു പറഞ്ഞു. ആരോ കൊട്ടിഘോഷിക്കപ്പെട്ട ജനകീയ ആസൂത്രണ പദ്ധതി സി.ഐ.എ.യുടെ പദ്ധതിയായിരുന്നു. സി.ഐ.എ. ഏജന്റും അന്നത്തെ ആസൂത്രണ ബോർഡ് അംഗവുമായ തോമസ് ഐസക്കും പങ്കുചേർന്ന് കേരളത്തിന്റെ സാമ്പത്തിക സ്ഥിതി തകർത്തു. അത് കേരളത്തിൽ ധനകാര്യ സ്ഥാപനങ്ങളെ ക്ഷണിച്ചു വരുത്താനാണെന്നും ഇന്ന് മാതൃഭൂമിയുടെ ഫ്രണ്ട് പേജിൽ ഒരു വാർത്ത വന്നിട്ടുണ്ട്. അത് മാർക്സിസ്റ്റ് സഹയാത്രികനായ എം. എൻ വിജയന്റെ 'പാണൻ' എന്നുപറയുന്ന ദൈവാരികയിൽ വന്നതാണെന്ന് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. അടൂർ പ്രകാശ് : സർ, അതുതന്നെയാണല്ലോ നമ്മുടെ സംസ്ഥാനത്തെ വികസന പ്രവർത്തനത്തെ ഏറ്റവും കൂടുതൽ തകരാറിലാക്കിയത്. ഇന്ന് അപ്പുറത്തിരിക്കുന്ന ശ്രീ. തോമസ് ഐസക്കാണ്.....(ബഹളം).....(ബഹളം).....(ബഹളം)...

ശ്രീ. എം.വി. ജയരാജൻ : പോയിന്റ് ഓഫ് ഓർഡർ.....

Mr.Deputy Speaker : What is the Point of Order ?

ശ്രീ. എം. വി. ജയരാജൻ : സർ, ഇവിടെ ഒരു ചോദ്യം ചോദിക്കുവാൻ എന്ന പേരിൽ ബഹുമാനപ്പെട്ട സി.പി.മുഹമ്മദ് പറഞ്ഞത് ഈ സഭയിലെ അംഗമായ ഡോ. തോമസ് ഐസക് സി.ഐ.എ ചാരനാണെന്നാണ്. വാസ്തവ വിരുദ്ധമാണത്. ഒരു അംഗത്തെപ്പറ്റി വാസ്തവ വിരുദ്ധമായ കാര്യം സഭയിൽ ഉന്നയിക്കുവാൻ പാടില്ല. അത് രേഖയിൽ കാണാൻ പാടില്ല. അത് രേഖയിൽ നിന്ന് നീക്കം ചെയ്യാനുള്ള റൂളിംഗ് ഉണ്ടാകണം. അത് ബഹുമാനപ്പെട്ട സി.പി. മുഹമ്മദിനെപ്പോലെയുള്ള ഒരു മെമ്പർക്ക് യോജിച്ചതല്ല. ആ മെമ്പർ സി.ഐ.എ. ചാരന്മാരുടെ പണം പറ്റുന്നുണ്ടെങ്കിൽ അതു പറഞ്ഞാൽ മതി.

മി. ഡെപ്യൂട്ടി സ്പീക്കർ : അത്തരം പരാമർശങ്ങൾ ഇനി ആവർത്തിക്കരുത്.

ശ്രീ. ഇ. എം. അഗസ്തി : സർ, ബഹുമാനപ്പെട്ട ശ്രീ. ജയരാജന്റെ പരാമർശം ശ്രീ. തോമസ് ഐസക് സി.ഐ.എ. ചാരനാണെന്നുള്ള.....(ബഹളം) ..... (ബഹളം) .....(ബഹളം)..... ചെറിയാൻ ഉന്നയിച്ച ആരോപണം സഭാ രേഖയിൽ കൊണ്ടു വരുന്നതിനുവേണ്ടി ശ്രീ. ജയരാജൻ ബോധപൂർവ്വം കൊണ്ടുവന്ന പരാമർശമാണെന്ന് അങ്ങേക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് : സർ, അതുതന്നെയാണ് ഇവിടെ നടക്കുന്നത്. എനിക്ക് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുള്ളത്, അങ്ങ് കാലോചിതമായ മാറ്റങ്ങൾ ഈ രംഗത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു ആളാണ്. ഞങ്ങളുടെ പ്രദേശത്ത് പാവപ്പെട്ട ആളുകൾ വസിക്കുന്ന ഒരു പ്രദേശമുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ അരുവാപ്പുലം പഞ്ചായത്ത്. അവിടെ അയ്യായിരത്തോളം ആളുകൾ വസിക്കുന്ന ഒരു പ്രദേശമുണ്ട്. കൊക്കാത്തോട് എന്നുപറയുന്ന പ്രദേശത്ത് ഇതുവരെയും വൈദ്യുതി എത്തിക്കുവാൻ വേണ്ട നടപടികൾ ഉണ്ടായിട്ടില്ല. അവിടെ വൈദ്യുതി എത്തിക്കുന്നതിനുള്ള അടിയന്തിരമായ നടപടികൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് ഞാൻ വിനീതമായി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. എന്റെ പ്രദേശത്തെ കൊക്കാത്തോട് ഉൾപ്പെടെ, പോത്തപ്പാറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വൈദ്യുതി എത്താത്ത കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ഇവിടെ സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ട്. അതിനുവേണ്ടി നടപടി സ്വീകരിക്കാമെന്ന് പലപ്പോഴും ഉറപ്പ് കിട്ടിയിട്ടുണ്ടെങ്കിലും അതിനു ആവശ്യമായ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. വൈദ്യുതി ബോർഡിൽനിന്നും പുതിയ ഒരു കണക്ഷൻ എടുക്കുന്നതിന് ഒരു കൺസ്യൂമർ വയറിംഗ് നടത്തുന്നു. അതോടൊപ്പം ഒരു എനർജി മീറ്റർ അവർക്കുതന്നെ വാങ്ങി വയ്ക്കാൻ അനുമതി ഉണ്ടാകണം. അതിനുള്ള അനുമതി ബോർഡിൽനിന്നും കൊടുക്കേണ്ടതുണ്ട്. എനർജി മീറ്റർ വാങ്ങുന്ന ഒരു കൺസ്യൂമറിന് അത് ടെസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചാൽ തീർച്ചയായും വൈദ്യുതി ബോർഡിന് ലാഭകരമായി കണക്ഷൻ കൊടുക്കുവാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കുവാൻ കഴിയും.

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

Mr.Speaker : Please conclude.....

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ അങ്ങ് പറഞ്ഞതുകൊണ്ട് നിർത്താം. പറയാൻ വന്നതെല്ലാം അങ്ങ് പോയി. അതുകൊണ്ട് ഞാൻ പറഞ്ഞ് നിർത്തിക്കൊള്ളാം. പകുതി ജീവനും പോയി..... ഇന്ന് വൈദ്യുതി മേഖലയിൽ വലിയ ഒരു അപാകതയുണ്ട്. അത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്ന് ഒരു മീറ്റർ കൊണ്ടുവന്ന് വയ്ക്കുമ്പോൾ, അഞ്ച് ആമ്പിയറിന്റെ ഒരു മീറ്ററായിരിക്കും ആവശ്യം. പക്ഷേ വൈദ്യുത ബോർഡിൽ അഞ്ച് ആമ്പിയറിന്റെ മീറ്റർ ഇല്ലെങ്കിൽ പത്തോ, പതിനഞ്ചോ, ഇരുപതിന്റേയോ വയ്ക്കും. അങ്ങനെ കൊണ്ടുവച്ചു കഴിഞ്ഞാൽ മാസംതോറും ബില്ലു കൊടുക്കുമ്പോൾ ഒരു ചാർജ് ഈടാക്കി കൊണ്ടിരിക്കുകയാണ്. പക്ഷേ ആ ഈടാക്കുന്നത് എത്ര ആമ്പിയറിന്റെ മീറ്ററാണ് അവിടെ വച്ചിരിക്കുന്നത് അതിന് അനുസൃതമായിട്ടാണ്. അഞ്ച് ആമ്പിയറിന്റെ മീറ്റർ സ്റ്റോക്കില്ല എന്നുള്ളതുകൊണ്ട് പതിനഞ്ചോ അല്ലെങ്കിൽ ഇരുപതോ മുപ്പതോ ആമ്പിയറിന്റെ മീറ്റർ കൊണ്ടുവച്ച് പണം വാങ്ങുന്ന ഒരു ഏർപ്പാടുണ്ട്. അതിനെക്കുറിച്ച് പരിശോധിക്കണം. അതിന് നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.. 2000 ഡിസംബർ വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ കൊടുക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഞങ്ങളുടെ ജില്ലയിൽ 1998

വരെയുള്ളത് ഇതുവരെ കൊടുത്തു കഴിഞ്ഞിട്ടില്ല. അത് പോസ്റ്റ് കൊടുക്കാത്തതു കൊണ്ടാണ്. പോസ്റ്റ് വിതരണം ചെയ്യുന്ന കാര്യത്തിൽ എല്ലാ ജില്ലയിലും യൂണിഫോമിറ്റി ഉണ്ടാക്കുവാൻ കഴിഞ്ഞാൽ ബോർഡ് പുറപ്പെടുവിക്കുന്ന വിജ്ഞാപനം നടപ്പാക്കുവാൻ കഴിയുമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്.

Mr. Speaker : Please resume your seat. Nothing will go in record. I am really sorry.....

ശ്രീ. അടൂർ പ്രകാശ് : ഞാൻ ഒരു വാക്ക് പറഞ്ഞ് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. കെ. ഷാജു : സർ, ബഹുമാന്യരായ മന്ത്രിമാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ ഇലക്ട്രിസിറ്റി ബോർഡിന് വാർഷിക പദ്ധതിയിൽ ഊർജ്ജ മേഖലയുടെ വിഹിതം 630 കോടി രൂപയാക്കിയിരിക്കുകയാണ്. പത്താം പഞ്ചവത്സര പദ്ധതിയിൽ ജല വൈദ്യുത പദ്ധതിയിൽ നിന്നുള്ള ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് വാർഷിക വിഹിതം 630 കോടി രൂപയായി പ്രഖ്യാപിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുവാൻ കഴിയുകയും വേണം. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ആരംഭിക്കുവാനും അത് സമയ ബന്ധിതമായി പൂർത്തിയാക്കുവാനും കഴിയണം. ഇപ്പോൾത്തന്നെ കുറെയധികം ജല വൈദ്യുത പദ്ധതികൾ, ഞാൻ സമയ ചുരുക്കംകൊണ്ട് ഓരോന്നിന്റെയും പേരെടുത്ത് പറയുന്നില്ല. വിവിധ ജല വൈദ്യുത പദ്ധതികൾ പകുതി വഴിക്കും പലതും ആരംഭിക്കാതെയും നിൽക്കുന്നു. ഇതെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ഒപ്പം പാരിസ്ഥിതിക പ്രശ്നങ്ങളുടെ പേരിൽ ചില പദ്ധതികൾ തടഞ്ഞുവയ്ക്കപ്പെട്ടിട്ടുണ്ട്. അവിടെ ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കി അത്തരം പദ്ധതികൾകൂടി പൂർത്തീകരിക്കുവാൻ കഴിയണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. പ്രത്യേകിച്ച് നമ്മുടെ പ്രസരണ വിതരണ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. പല പ്രവർത്തനങ്ങളും ഇഴയുകയാണ്. രണ്ട് 220 കെ. വി. ലൈനുകളുടെ, പ്രവർത്തനങ്ങൾ, ഒന്ന് കുണ്ടറയിലും ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലത്തിലും. മറ്റൊന്ന് എന്റെ മണ്ഡലത്തിലെ ഇടപ്പോണും ആണ്. രണ്ടു വർഷക്കാലമായി അതിന്റെ പ്രവർത്തനം നടക്കുകയാണ്. ഇതുവരെ എങ്ങും എത്തിയിട്ടില്ല. 220 കെ.വി. ലൈൻ പൂർത്തീകരിച്ചാൽ നമ്മുടെ പ്രസരണ വിതരണ മേഖലയിലെ പ്രശ്നത്തിന് കുറച്ചു പരിഹാരം കാണുവാൻ കഴിയും. ഇക്കാര്യത്തിൽ ഇനിയും ഗൗരവമായി മുന്നോട്ടു പോകുവാൻ നമുക്കു കഴിയണം. കെ.എസ്.ഇ.ബി.യുടെ റവന്യൂ കമ്മി കുറയ്ക്കുന്നതിനായി ഗവൺമെന്റ് 2002-2003-ൽ 200 കോടി രൂപയും 2003-2004-ൽ 175 കോടി രൂപയും ഉൾപ്പെടെ മൊത്തം 375 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ.ബി.യുടെ സ്ഥിതി എന്തായിരുന്നുവെന്ന് എനിക്കു മുൻപ് സംസാരിച്ച

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഞാൻ അത് വിശദീകരിക്കുന്നില്ല. കടക്കെണിയിൽ തകർന്നുപോയിരുന്ന കെ.എസ്.ഇ.ബി.-യെ പുനരുദ്ധരിക്കുവാനും മുന്നോട്ടു കൊണ്ടുപോകുവാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഞങ്ങൾ അതിൽ അഭിമാനം കൊള്ളുകയാണ്. കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുകയും ഒപ്പം കെ.എസ്.ഇ.ബി.യുടെ നഷ്ടം പരിഹരിക്കുകയും ചെയ്യുക എന്ന ദ്വിമുഖ സമീപനം വിജയിപ്പിച്ചെടുക്കുവാനുള്ള മാനേജ്മെന്റ് കെ.എസ്.ഇ.ബി.ക്ക് ഉണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്. കമ്പിയും പോസ്റ്റും ഇല്ലാത്തതുകൊണ്ട് ലക്ഷക്കണക്കിന് ആളുകൾ ഇരുട്ടിൽ തപ്പുകയാണ്. ഇലക്ട്രിസിറ്റി ബോർഡിന് ഇത് വാങ്ങിക്കുവാനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തതുകൊണ്ടു തന്നെയാണ് കണക്ഷൻ കൊടുക്കാതിരിക്കുന്നത്. ആളുകൾക്ക് കണക്ഷൻ ലഭിക്കാതിരിക്കുന്നതിനു കാരണം ഇലക്ട്രിസിറ്റി ബോർഡിന് കമ്പിയും പോസ്റ്റും ഇല്ല എന്നുള്ളതാണ്. അതുകൊണ്ട് ഈ കാര്യത്തിൽ കണക്ഷൻ ആവശ്യമുള്ള ആളുകൾ കേബിൾ വാങ്ങുകയാണെങ്കിൽ അവർക്ക് കണക്ഷൻ കൊടുക്കുവാൻ കഴിയുന്ന തരത്തിൽ നയമുണ്ടാക്കണം. മൊത്തത്തിൽ കാര്യക്ഷമമായ പ്രവർത്തനവുമായിട്ടാണ് കെ.എസ്.ഇ.ബി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ഇടക്കാലത്തുള്ള പവർക്കട്ടും അതുപോലുള്ള കാര്യങ്ങളും പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഏറ്റെടുത്തിട്ടുള്ള വികസന പ്രവർത്തനങ്ങളുമായി സധൈര്യം മുന്നോട്ടു പോകുവാൻ കെ.എസ്.ഇ.ബി.ക്കു കഴിയണം. അതിന് മന്ത്രിയുടെ നേതൃത്വം അങ്ങേയറ്റം ശ്ലാഘനീയമാണെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. സഹകരണ മേഖലയിൽ ജനാധിപത്യം പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. ജനാധിപത്യം പുനഃസംഘടിപ്പിക്കപ്പെട്ടു കഴിഞ്ഞു. നേരത്തേയുള്ള വെട്ടിപ്പിടുത്തങ്ങളും വെട്ടി നിരത്തലുകളുമെല്ലാം ഇപ്പോൾ അവസാനിച്ചിട്ടുണ്ട്. എല്ലാ മേഖലയിലും മാറ്റങ്ങളുണ്ടായി. വൺ-ടൈം സെറ്റിൽമെന്റ് വഴി കേരളത്തിൽ ഏതാണ്ട് മൂന്നര ലക്ഷത്തോളം പേർക്ക് ആനുകൂല്യം കൊടുക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 653 കോടി രൂപ ഈ പുതിയ സെറ്റിൽമെന്റിലൂടെ നമ്മുടെ സഹകരണ സംഘങ്ങൾക്ക് ലഭിച്ചു എന്നുള്ളതാണ് നേട്ടം. ദേശസാത്കൃത ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കും വേണ്ടിയിട്ട് ആർ.ബി.ഐ. അനുവദിച്ചിട്ടുള്ള വൺടൈം സെറ്റിൽമെന്റ് നമ്മുടെ സഹകരണസംഘ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കുവാൻ കഴിഞ്ഞു എന്നുള്ളത് നേട്ടം തന്നെയാണ്. സഹകരണ ബാങ്കുകളുടെ വായ്പാ പലിശ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. കാർഷികേതര വായ്പ മൂന്നു ശതമാനമായി കുറച്ചു. കാർഷിക വായ്പയുടെ പലിശയും ഒന്നര ശതമാനമായി കുറയ്ക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കാർഷിക കടാശ്വാസ നിയമം ഈ ഗവൺമെന്റ് കൊണ്ടുവന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ്. ഏതാണ്ട് മൂന്ന് മൂന്നര ലക്ഷത്തോളം വരുന്ന ആളുകൾക്ക് അതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 14 കോടി രൂപയുടെ ആനുകൂല്യം നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർക്കുവേണ്ടി കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സ്വാശ്രയ സഹകരണ നിയമത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് വന്നതിനുശേഷം അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലുള്ള നിയമത്തിൽ ഒരു മാറ്റവും വരുത്താതെ തന്നെ പുതിയ അംഗങ്ങൾക്ക് അവരുടെ അവകാശവും അധികാരവും നിയന്ത്രിക്കാൻ കഴിയുന്ന സംവിധാനമാണ് ഇക്കാര്യത്തിൽ വന്നിട്ടുള്ളത്. സഹകരണ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഞാൻ അതിനെ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. അവർക്കെല്ലാം 1974 ജനുവരി മുതൽ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്. പിരിഞ്ഞു പോയിട്ടുള്ള നിരവധി ആളുകൾക്കുപോലും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. അഴിമതി അവസാനിപ്പിക്കാൻ കഴിഞ്ഞു എന്നുള്ളത് ഈ രംഗത്തെ എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന നാളുകളിൽ 84 ജീവനക്കാരെ പിൻവാതിലിലൂടെ നിയമിച്ചതിനെ സംബന്ധിച്ച് ആക്ഷേപം വന്നു. ഞാൻ കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ മന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം ഉന്നയിച്ചതാണ്. ആലപ്പുഴ ജില്ലാ ബാങ്കിൽ 84 ആളുകളെ, നിയമിച്ചു അത് ഇവിടെ പറഞ്ഞു മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ കമ്മിറ്റി മെമ്പർമാർ, അവരുടെ ഭാര്യമാർ, ലോക്കൽ കമ്മിറ്റി സെക്രട്ടറിമാരുടെ ഭാര്യമാർ, ഏരിയ കമ്മിറ്റി സെക്രട്ടറിമാരുടെ ഭാര്യമാർ ഇവരൊക്കെ ഈ നിലയിൽ വന്നു. .....(ബഹളം).....മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടേറിയറ്റ് അംഗത്തിന്റെ ഭാര്യയ്ക്ക് ജോലി കൊടുത്തു എന്നുള്ള ആരോപണം പത്രങ്ങളിൽ വന്നപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ കമ്മിറ്റിയുടെ വകയായി പത്രക്കുറിപ്പ് വന്നു, നിഷേധക്കുറിപ്പ് വന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടേറിയറ്റ് അംഗത്തിന്റെ ഭാര്യയ്ക്കല്ല ജോലി കൊടുത്തത്, അദ്ദേഹത്തിന്റെ സഹോദരിക്കാണ് ജോലി കൊടുത്തത് എന്ന്. ആ നിലയിൽ അഴിമതി നടന്നിട്ടുണ്ട്. ആ നിയമനത്തെ സംബന്ധിച്ച് ഗൗരവമായി പരിശോധിക്കണം. അതിനെതിരായി സമരം നടത്തിയ ഞങ്ങളുടെ പേരിൽ കേസെടുത്തതാണ്. ഞാനത് വിശദീകരിക്കുന്നില്ല. സഹകരണ മേഖലയിലും പൊതുമേഖലയിലും അതുപോലെതന്നെ സ്വകാര്യ മേഖലയിലും എല്ലാം നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് ഒരു സമവായം സൃഷ്ടിച്ച് നമ്മുടെ നാട്ടിൽ സമാധാനപരമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചാൽ മാത്രമേ വികസനത്തിലൂടെയും പുരോഗതിയിലൂടെയും കേരളത്തിന് ഇനി മുന്നോട്ടുപോകാൻ കഴിയൂ. പക്ഷേ അത് തകർക്കുന്ന രൂപത്തിലുള്ള സമീപനങ്ങൾ നമ്മുടെ നാട്ടിൽ കാണുകയാണ്. ഏറ്റവും ഒടുവിലായി കൊല്ലം ജില്ലയിലെ കടയ്ക്കലിൽ കണ്ടു. പ്രവീൺദാസ് എന്നുപറയുന്ന ഒരാൾ, സി.എം.പി. ആയതുകൊണ്ട് ആളെ കൊല്ലാൻ പാടുണ്ടോ ? സി.എം.പി.യിലേക്ക് മാറിയെന്നുള്ളതിന്റെ പേരിൽ, കുറെ ചെറുപ്പക്കാർ പ്രവീൺദാസിന്റെ കൂടെ കൂടിയെന്നുള്ളതിന്റെ പേരിൽ, മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് വിട്ടുപോയി എന്നുള്ളതിന്റെ പേരിൽ ഒറ്റതിരിഞ്ഞ് ആക്രമിക്കുകയായിരുന്നു. പ്രാണരക്ഷാർത്ഥം ഓടിക്കയറി അഭയം തേടിയ വീട്ടിന്റെ വാതിൽ ചവിട്ടിപ്പൊളിച്ച് അകത്തുകടന്ന് വെട്ടിവെട്ടി കൊലപ്പെടുത്തുകയാണ് ചെയ്തത്. അങ്ങനെ കൊല്ലാൻ പാടുണ്ടോ ? ഈ മണ്ണിൽ ജനിച്ചാൽ ജീവിക്കാനുള്ള അവകാശം എല്ലാവർക്കും തുല്യമാണ്. ആ അവകാശം നിഷേധിക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരകേരളത്തിലെ മൃഗയാ വിനോദം ദക്ഷിണ കേരളത്തിലേക്കും വ്യാപിക്കുകയാണ്, തെക്കൻ കേരളത്തിലേയ്ക്കും മാറുകയാണ്. പകർച്ചപ്പനി പോലെ ഇത് കടയ്ക്കലിൽ എത്തി നിൽക്കുന്നു. ഇത് അവിടംകൊണ്ട് അവസാനിക്കുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും ആരെങ്കിലും വിട്ടുപോയാൽ അവർക്ക് ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമില്ല എന്നുള്ള പരസ്യ പ്രഖ്യാപനമായി ഇത്തരം സംഭവങ്ങൾ മാറുകയാണ്. കഴിഞ്ഞ ദിവസം നമ്മൾ അതാണ് കണ്ടത്. ഈ ഭൂമിയിൽ ജനിച്ച് മരിക്കുംവരെ ജീവിക്കാനുള്ള അവകാശം എല്ലാ ജീവജാലങ്ങൾക്കും ഇല്ലേ ? അത് കവർന്നെടുക്കുന്നത് ശരിയാണോ ? അതുകൊണ്ട് നമ്മുടെ നാട്ടിൽ സമാധാന അന്തരീക്ഷം നിലനിർത്തണം. ഈ നാടിന്റെ വികസനവും പുരോഗതിയും സാദ്ധ്യമാക്കുവാൻ, മാർക്സിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിൽ നടക്കുന്ന കൂട്ടക്കുരുതി, മനുഷ്യക്കുരുതി അവസാനിപ്പിക്കാൻ സത്വരമായ നടപടികൾ സ്വീകരിക്കാതെ നമുക്ക് ഇനി മുന്നോട്ടുപോകാൻ കഴിയില്ല. ഈ നാടിന്റെ വികസനത്തിനും പുരോഗതിക്കുമുള്ള നിരവധി സമീപനങ്ങളുമായി മുന്നോട്ട് പോകുന്ന ഈ ഗവൺമെന്റിന്റെ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഈ ധനാഭ്യർത്ഥകളെ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ എതിർക്കുകയാണ്. വൈദ്യുതി ചാർജ് രണ്ട് പ്രാവശ്യം കൊണ്ടുതന്നെ ഏതാണ്ട് 1500 കോടി രൂപയുടെ വർദ്ധനവ് വന്നുകഴിഞ്ഞു. 2001 ഓഗസ്റ്റിൽ 500 കോടി, 2002 ഓഗസ്റ്റിൽ 600 കോടി അതിനുപുറമെ മീറ്ററിന്റെ വാടകയിനത്തിൽ 120 കോടി. 1 രൂപ 97 പൈസ ആവറേജുണ്ടായിരുന്ന വൈദ്യുതി ചാർജ്ജാണ് ഇപ്പോൾ 2 രൂപ 93 പൈസയായി വർദ്ധിപ്പിച്ചിരിക്കുന്നത്. ഗാർഹിക ഉപഭോക്താക്കൾക്ക് 30 ശതമാനം തന്നെ വർദ്ധനവ്. വീണ്ടും ചാർജ്ജ് വർദ്ധനവ് വരാൻ പോകുന്നു. ഞാൻ സമയക്കുറവുകൊണ്ട് ഡീറ്റയിൽസിലേക്ക് പോകുന്നില്ല. ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയതിനെക്കുറിച്ച് ഞാൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ദൈവങ്ങളെ ഇന്ദ്രനെയൊക്കെ കാട്ട് ചെയ്താണ് ഇവിടെ സംസാരിച്ചത്. ഇന്ദ്രനും വരുണനും കക്ഷിയായതു കൊണ്ടാണ് മഴ പെയ്യാതിരിക്കുന്നത്, ലോഡ് ഷെഡ്ഡിംഗിനേയും പവർക്കട്ടിനേയും ന്യായീകരിക്കാൻ ദൈവങ്ങളെ കക്ഷികളാക്കേണ്ട. കാരണം ലോഡ് ഷെഡ്ഡിംഗും പവർക്കട്ടും ഏർപ്പെടുത്തുന്ന കാര്യത്തിൽ വൈദ്യുതി ബോർഡ് ബോധപൂർവ്വമായി വൈദ്യുതി ക്ഷാമം ഇവിടെ ഉണ്ടാക്കുകയാണ്. ബോർഡിന്റെ കണക്ക് അനുസരിച്ച് 28-6-2003-ൽ ബ്രഹ്മപുരത്ത് നിന്ന് 6 ലക്ഷം യൂണിറ്റ്, കോഴിക്കോട് 8 ലക്ഷം യൂണിറ്റ് അങ്ങനെ 14 ലക്ഷം യൂണിറ്റ്. 29.6.2003-ൽ ബ്രഹ്മപുരത്ത് 6 ലക്ഷം യൂണിറ്റ്, കോഴിക്കോട് 3 ലക്ഷം യൂണിറ്റ് അങ്ങനെ 9 ലക്ഷം യൂണിറ്റ്. ഈ സമയത്ത് ബി.എസ്.ഇ.എസ്-ൽ നിന്ന്, എന്നുപറയുമ്പോൾ റിലയൻസ് വാങ്ങിയ ബി.എസ്.ഇ.എസ്. 38 ലക്ഷം യൂണിറ്റ് ഉൽപ്പാദിപ്പിച്ച് നൽകി. 38 ലക്ഷം യൂണിറ്റ് 29-ാം തീയതി നൽകി. ബി.എസ്.ഇ.എസ്.-ൽ നിന്ന് വൈദ്യുതി വാങ്ങുന്നത് 4 രൂപ 50 പൈസയ്ക്കാണ്. ബ്രഹ്മപുരം, കോഴിക്കോട് പൊതുമേഖലാ സ്ഥാപനത്തിൽ നിന്ന് വൈദ്യുതി വാങ്ങിയാൽ 2 രൂപ 50 പൈസ.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ ബ്രഹ്മപുരത്തും കോഴിക്കോടും ഉൽപ്പാദനം വളരെയേറെ കുറച്ചു. പത്ത് ശതമാനം അല്ലെങ്കിൽ അതിനു താഴെ കുറച്ചു. ബോധപൂർവ്വമായി ബി.എസ്.ഇ.എസ്.-ൽ നിന്ന്, റിലയൻസ് കമ്പനിയിൽ നിന്ന് വാങ്ങുന്നു. 2 രൂപ ഒരു യൂണിറ്റിന്റെ പേരിൽ നഷ്ടം വരുന്നു. അതിന്റെ ഫലമായി പ്രതിദിനം 64 ലക്ഷം രൂപ വൈദ്യുതി ബോർഡ് അധിക ചെലവുണ്ടാക്കുന്നു. അതിന്റെ പിന്നിൽ എന്താണെന്ന് എനിക്കറിയില്ല. റിലയൻസ് കേരളത്തിൽ സ്വാധീനം ഉറപ്പിക്കുകയാണ്. ജിം-ലും റിലയൻസ് കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട കരാർ, ഭൂമി എടുക്കുന്ന കരാർ, എന്നിങ്ങനെ കൊണ്ടുവന്നു. റിലയൻസിന് നിങ്ങൾ കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിനേയും പൊതുമേഖലാ സ്ഥാപനങ്ങളേയും ഏൽപ്പിച്ചു കൊടുക്കുന്നതിന്റെ സൂചനയാണ് ഇതിലൊക്കെ കാണുന്നത്. അതുപോലെ കമ്പ്യൂട്ടർവൽക്കരണം. നിങ്ങൾ ബിൽഗേറ്റ്സിന്റെ മൈക്രോസോഫ്റ്റുമായി ഉണ്ടാക്കിയിട്ടുള്ള ധാരണ, കെ.എസ്.ഇ.ബി. മൈക്രോസോഫ്റ്റുമായി ഉണ്ടാക്കിയിട്ടുള്ള കരാറിൽ എന്തൊക്കെയാണ് വ്യവസ്ഥകൾ. ബിൽഗേറ്റ്സിനെ അങ്ങ് പോയി കണ്ടിട്ടില്ല എങ്കിലും വ്യവസായ വകുപ്പുമന്ത്രി പോയി കണ്ട് കളിവള്ളമൊക്കെ കൊടുത്തതാണല്ലോ ? നിങ്ങൾ 3 കോടി 31 ലക്ഷം രൂപയുടെ കരാർ ഒപ്പുവച്ചു. നിങ്ങൾ ഇപ്പോൾ പറയുന്നു ബോർഡിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുമെന്ന്. ഇനി വൈദ്യുതി ബോർഡിൽ സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരണം വന്നാൽ 200 കോടി രൂപയാണ് ആ വഴിക്ക് മൈക്രോസോഫ്റ്റിന് പോവുകയെന്ന്. എങ്കിൽ എന്തുകൊണ്ടാണ് ലീനെക്സ് പോലുള്ള സ്വതന്ത്ര സോഫ്റ്റ് വെയർ സ്ഥാപനങ്ങളെ ഒഴിവാക്കിയത് ? എന്റെ കൈയിൽ രേഖകളുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഈ മൾട്ടി നാഷണൽ കമ്പനികളൊക്കെ ഇവിടെ വരാൻ പോകുന്നു. ഇതിന്റെയൊക്കെ പിന്നിൽ വല്ല കിങ്ബാക്കുണ്ടോ ? പരിശോധിക്കണം. ഇതൊക്കെ വളരെ ബോധപൂർവ്വമായി ഇവിടെ അടിച്ചേൽപ്പിക്കുകയാണ്. ബോർഡിലെ സ്ഥിതി, ജീവനക്കാരുടെ സ്ഥലം മാറ്റവും കരാർ റദ്ദാക്കലും, ഒഴിവുകൾ നികത്താതെയുമൊക്കെയുള്ള പ്രശ്നങ്ങൾ ഒക്കെ ഇനി സമയമുള്ളപ്പോൾ ഞാൻ വിശദീകരിക്കാം. കുറ്റ്യാടി ഓഗുമെന്റേഷൻ പദ്ധതിയെക്കുറിച്ച് ഇവിടെ നേരത്തെ ശ്രീ. ബാബു സൂചിപ്പിച്ചു. 1981-ൽ തുടങ്ങിയ പദ്ധതി. 1981-ൽ കോൺട്രാക്ട് ഒപ്പുവച്ച പദ്ധതി 16 കൊല്ലത്തിനുശേഷം ഒരു പണിയും നടത്താത്ത കമ്പനിക്ക് 1997-ൽ ഹൈക്കോടതിയിൽ പോയി അനുകൂലമായ വിധിനേടി. അതിനെത്തുടർന്ന് കോൺട്രാക്ട് ബോർഡ് റദ്ദാക്കിയെങ്കിലും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസ് നടത്തി നടത്തി 24 കൊല്ലം കഴിഞ്ഞു. വൈദ്യുതി ലഭിക്കുന്നില്ലായെങ്കിലും കുറ്റ്യാടി കരാറുകാരന് അതിരുവിട്ട് 3 കോടി രൂപ, 10 കോടി രൂപ, 12 കോടി രൂപ, അയാൾ കൊണ്ടുവരുന്ന എല്ലാ ബില്ലുകളും പാസ്സാക്കിക്കൊടുക്കുകയാണ്. കുറ്റ്യാടിയിൽ നിന്ന് വൈദ്യുതി വരുന്നില്ല. ഈ ഗവൺമെന്റ് വന്ന ഉടനെയാണെന്ന് ഞാൻ പറയുന്നില്ല. 1981 മുതൽ കുറ്റ്യാടി പദ്ധതിയെക്കുറിച്ച് ഇവിടെ നിരന്തരം കേൾക്കുകയാണ്. അങ്ങ് കൂടി അംഗമായിട്ടുള്ള സബ്ജക്ട് കമ്മിറ്റിയിൽ, ഞാനും അതിലെ മെമ്പറാണ്, വിശദമായി പരിശോധിച്ചതാണ്. കുറ്റ്യാടി പദ്ധതിയിൽ പത്തിരുപത് കൊല്ലത്തിനുശേഷം കണക്കാക്കിയാൽ, നമുക്ക് ഉൽപ്പാദിപ്പിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി അവിടത്തെ വെള്ളത്തിന്റെ കണക്ക് വച്ച് കണക്കാക്കിയാൽ ഭീമമായ കോടികൾ ; കോടിക്കണക്കിന് രൂപയാണ് ഗവൺമെന്റിന് നഷ്ടമാകുന്നത്. അവർക്ക് കോടതിയിൽ നിന്ന് അനുകൂലമായ വിധിയുണ്ടാക്കി 13 കോടി രൂപ കൊടുത്തതിനു പുറമേ 3 കോടി രൂപ കൂടി കൊടുത്തു. അതിനെ സംബന്ധിച്ചെല്ലാം കണക്കുണ്ട്. 13 കോടിയാണ് അവസാനമായി കൊടുത്തത്. ഈ കണക്ക് നോക്കിയാൽ അവർക്ക് കിട്ടിയ സംഖ്യയ്ക്ക് പുറമേ, വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യത്തിലെ കണക്കെടുത്താൽ കോടിക്കണക്കിന് രൂപയാണ് കേരളത്തിന് നഷ്ടപ്പെടുന്നത്. കല്ലട പദ്ധതിയെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തതുപോലെ കല്ലടയെക്കാളും ഒരുപക്ഷേ വലിയ തോതിലുള്ള നഷ്ടം ഈ സംസ്ഥാനത്തിനു വരുത്തി വച്ച ഒന്നാണ് കുറ്റ്യാടി. തിരുവഞ്ചൂർ രാധാകൃഷ്ണന് അന്വേഷിക്കാൻ പറ്റുമോ ? നമ്മുടെ കമ്മിറ്റി പരിശോധിച്ചതല്ലേ ? കുറ്റ്യാടിയെപ്പോലുള്ള ചില പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ നിയമസഭയിൽ പറഞ്ഞു, ചില പദ്ധതികൾ നീണ്ടു പോകുന്നതിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം, ഒന്നിച്ച് ആലോചിക്കണം. നമ്മൾ വീണ്ടും ചർച്ച ചെയ്യണം. ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ, സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം കുറച്ചു കൊണ്ടുവരാൻ കഴിയുന്ന വിധത്തിൽ പദ്ധതികൾ പൂർത്തിയാക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കണം. മറിച്ച് കരാറുകാർക്ക് കോടതികളിൽ പോയി, ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും പോയി, നേട്ടമുണ്ടാക്കുന്ന രീതി ഉണ്ടാക്കരുത്. വിവിധ കോടതികളിൽ പതിനയ്യായിരത്തിൽ ചില്വാനം കേസുകൾ ബോർഡിന്റേത് ഉണ്ട്. ഈ കേസുകളിൽ കരാറുകാർ വിജയിക്കുക, ബോർഡ് നഷ്ടപ്പെടുക. സംസ്ഥാനത്തിന്റെ സമ്പത്ത് നഷ്ടപ്പെടുക. ആ സ്ഥിതി ഉണ്ടാകാൻ പാടില്ല. കല്ലട പോലുള്ള ഒന്നാണ് കുറ്റ്യാടി. അതുവച്ചുകൊണ്ട് ചർച്ച ചെയ്യണം. ആ പദ്ധതിയുമായി ബന്ധപ്പെട്ട വീഴ്ചകളിൽ ആരാണ് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ എന്ന് പരിശോധിക്കണം. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ 30-9-2002-ന് കൊടുത്ത കത്തിന്റെ കോപ്പി എന്റെ കൈയിൽ ഉണ്ട്. ഞാൻ ഇവിടെ സമയക്കുറവുള്ളതു കൊണ്ട് വായിക്കുന്നില്ല. 30-9-2002-ൽ അവിടുത്തെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് കൊടുത്ത നാലഞ്ചു കത്തുകളും, നോട്ടുകളുമുണ്ട്. അതിലെ ആവശ്യങ്ങളെല്ലാം ഉത്തരവായി ഇറങ്ങുകയാണ്. അങ്ങനെ കരാറുകാരെ സംരക്ഷിക്കുന്ന നടപടി ഉണ്ടാകാൻ പാടില്ല. ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ വരവോടുകൂടി സ്ഥിതി മാറുന്നു. പൊതു മേഖലയിൽ നിന്നും K.S. E. B-യെ റിലയൻസ് കൂടെ കൈയ്യടക്കി കൊണ്ടുപോയാൽ കേരളത്തിലെ ഇലക്ട്രിസിറ്റി എന്നത് ആർക്കും തൊടാൻ പറ്റാത്ത വിധത്തിൽ തൊട്ടാൽ പൊള്ളുന്ന ഒന്നായിരിക്കും. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, പണ്ട് കാലത്ത്, നമ്മുടെ ഫ്യൂഡൽ വ്യവസ്ഥിതി എല്ലാ അർത്ഥത്തിലും. നില നിന്ന കാലത്ത് ആഢ്യൻ നമ്പൂതിരിമാർ സഞ്ചരിക്കുമ്പോൾ കൂടെ ചെല്ലപ്പെട്ടി എടുത്തു പോകുന്ന ഒരാളുണ്ട്. ഇവിടെ കഴിഞ്ഞ രണ്ടുവർഷക്കാലമായി നാം കണ്ടുകൊണ്ടിരിക്കുന്നത് എ.ഡി.ബി. യുടെ ചെല്ലപ്പെട്ടി എടുക്കാനുള്ള മൽസരമാണ്. ആ മൽസരത്തിൽ, ചെല്ലപ്പെട്ടി എടുക്കുന്ന കാര്യത്തിൽ വിജയിച്ചിരിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡാണ്. ഈ ഗവൺമെന്റിന്റെ ഭരണത്തിൻ കീഴിൽ എല്ലാ അർത്ഥത്തിലും എ.ഡി.ബി.-യുടെ ഒരു ചെല്ലപ്പെട്ടി എടുപ്പുകാരനായി അധഃപ്പതിച്ചിരിക്കുകയാണ് K.S. E. B. എ.ഡി.ബി. യുടെ നിർദ്ദേശങ്ങൾ ഒന്നൊന്നായി നടപ്പാക്കി കൊണ്ടിരിക്കുകയാണ്. വൈദ്യുതി ബോർഡിൽ വൈദ്യുതി ഉൽപ്പാദന പ്രസരണ ലാഭ കേന്ദ്രത്തിലെ കമ്പനികൾ ആകണം. അതുപോലെ തന്നെ കമ്പനികൾ സ്വതന്ത്രമായിരിക്കണം. ഡയറക്ടർ ബോർഡിൽ പുറത്തു നിന്നുള്ളവരും വേണം. നടത്തിപ്പ് സ്വതന്ത്രമായിരിക്കണം. ലാഭ കേന്ദ്രങ്ങൾക്ക് പുറത്ത് വരുന്ന കെ.എസ്.ഇ.ബി. യെ മറ്റൊരു കമ്പനിയാക്കി വൈദ്യുതിയുടെ മൊത്തക്കച്ചവടം ഏൽപ്പിക്കണം. കമ്പനികളെല്ലാം ഘട്ടം ഘട്ടമായി സ്വകാര്യവൽക്കരിക്കണം. വിതരണ മേഖലയുടെ സ്വകാര്യവൽക്കരണം മൂന്നു വർഷത്തിനകം പൂർത്തിയാകണം. ഉൽപ്പാദനം ചെലവിനനുസരിച്ച് വൈദ്യുതി വിൽപ്പന ചെലവ് നിർണ്ണയിക്കണം. ഒരു വിഭാഗം ഉപഭോക്താവിനും ഇളവ് നൽകരുത്. ഇതൊക്കെ ഈ ഗവൺമെന്റിനുള്ള സാമൂഹ്യമായ ബാധ്യതകളാണ്, അധികാരമാണ്. ഗ്രാമീണ മേഖലയ്ക്ക്, പട്ടിക ജാതിക്കാർക്ക്, കർഷകർക്ക്, ലക്ഷം വീട് കോളനികൾക്ക് ഒക്കെത്തന്നെ വൈദ്യുത വിതരണ രംഗത്ത് പ്രത്യേക ആനുകൂല്യങ്ങളും ആശ്വാസ നടപടികളും കാലാകാലങ്ങളായിട്ട് ചെയ്തു കൊണ്ടിരുന്നതാണ്. അതൊക്കെ ഇല്ലാതാക്കാൻ എ.ഡി.ബി. നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പടിപടിയായി ഗവൺമെന്റ് നടപടികൾ. കൈക്കൊണ്ടു കൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്. അതുപോലെ തന്നെ ഒരു പൊതുമേഖലാ സ്ഥാപനമാണ് ഇലക്ട്രിസിറ്റി ബോർഡ്. ലാഭ നഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടേണ്ടതല്ല. മാത്രമല്ല ഓരോരോ വർഷവും പുറപ്പെടുവിക്കപ്പെടുന്ന റണ്ണിംങ് ബാലൻസ് ഷീറ്റിന്റെ അടിസ്ഥാനത്തിലും ഇലക്ട്രിസിറ്റി ബോർഡിനെ വിലയിരുത്തുന്നതും ശരിയല്ല. ഓരോ വർഷവും പുറപ്പെടുവിക്കുന്ന റണ്ണിഗ് ബാലൻസ് ഷീറ്റ്, ആ കട ബാധ്യതയെക്കുറിച്ച് സംസാരിക്കുമ്പോൾ തന്നെ വർദ്ധിച്ചുവരുന്ന ആസ്തിയെക്കുറിച്ച് സംസാരിക്കണം. അത് വിലയിരുത്തപ്പെടണം. ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് ഉൽപ്പാദന രംഗത്ത് വമ്പിച്ച വർദ്ധനവ് ഉണ്ടായി കടബാധ്യത വരുത്തി വച്ചെന്നാണ് മന്ത്രി ആവർത്തിച്ചാവർത്തിച്ച് പറയാറുള്ളത്. പക്ഷെ ഇലക്ട്രിസിറ്റി ബോർഡിന്റെ ആസ്തി 3776 കോടി രൂപയായിരുന്നത് ഇടതു പക്ഷ ജനാധിപത്യമുന്നണി അധികാരം വിട്ടു പോകുമ്പോൾ 9989 കോടി രൂപയായി വർദ്ധിച്ചു. ഈ വക കാര്യങ്ങൾ കാണണം. തികഞ്ഞ ആത്മവിശ്വാസത്തോടുകൂടി ഒരു പൊതു മേഖലാ സ്ഥാപനം എന്ന നിലയിൽ ഇലക്ട്രിസിറ്റി ബോർഡിനെ നിലനിർത്തിക്കൊണ്ട് പോകുന്നതിനു പകരം സ്വകാര്യവൽക്കരണത്തിനുവേണ്ടിയുള്ള തിട്ടൂരം വാങ്ങി പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഇത് ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയുകയില്ല. സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം എന്റെ പ്രിയ സുഹൃത്ത് ശ്രീ. പ്രയാർഗോപാലകൃഷ്ണൻ കക്ഷി രാഷ്ട്രീയത്തിന് അതീതമായി ഒരു കൂട്ടായ്മയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ നല്ല താല്പര്യത്തോടു കൂടിയാണ് അതു ശ്രവിച്ചത്. പക്ഷേ അവസാനം ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രി, കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർസിസ്റ്റ്)മായി സഹകരണ രംഗത്ത് പുതിയ അടുപ്പവും ബന്ധവും, ഉണ്ടായിരിക്കുന്നുവെന്ന് അദ്ദേഹം ആരോപിക്കുന്നതും കേട്ടു അദ്ദേഹം പറഞ്ഞത് ശരിയാണെങ്കിൽ, അതിൽ അദ്ദേഹം ഉത്കണ്ഠപ്പെടുന്ന സഹകരണ രംഗത്ത് കൂടുതൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി തന്നെ നഷ്ടത്തിൽ ഓടുന്നതായ വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്താൻ സഹകരണ വകുപ്പ് തയ്യാറാണെന്ന് പ്രഖ്യാപിച്ചിട്ട് അനുകൂലമായ ഒരു തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ നഖശിഖാന്തം എതിർക്കുകയാണ്. ശിവന്റെ ദാസനും കരുണാമയന്റെ അനുഭാവിയുമായ അങ്ങ് കേരളം ഭരിക്കുമ്പോൾ ദൈവം പോലും കേരളത്തോട് മുഖം തിരിച്ച് നിൽക്കുകയാണ്. ദൈവത്തിനുപോലും സഹായിക്കാൻ പറ്റാത്ത രീതിയിലുള്ള ഭരണമാണ് ഇപ്പോൾ കേരളത്തിൽ നടക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരള സംസ്ഥാനം വൈദ്യുതി മേഖലയിൽ മിച്ച സംസ്ഥാനമായിരുന്നു. അതിനുശേഷം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കേരളം ആകെ ഇരുട്ടിൽ തപ്പുകയാണ്, മന്ത്രി പങ്കെടുത്ത ഒരു യോഗത്തിൽ പോലും അദ്ദേഹം ഇരിക്കുമ്പോൾ തന്നെ കൂരിരുട്ട് ആയിരുന്നു. അത്ര ഗതികേടിലേക്ക് കേരള സംസ്ഥാനം മാറിക്കൊണ്ടിരിക്കുന്നു. കൊല്ലം ജില്ലയിൽ, എന്റെ ജില്ലയിൽ രണ്ടു മന്ത്രിമാർ നേതൃത്വം നൽകുന്ന മീറ്റർ കമ്പനിയുണ്ട്. പള്ളിമുക്കിൽ സ്ഥിതിചെയ്യുന്ന മീറ്റർ കമ്പനി. ആ മീറ്റർ കമ്പനി ഇപ്പോൾ ശ്വാസംമുട്ടിലേക്ക് മാറുന്ന സ്ഥിതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആ മീറ്റർ കമ്പനി പുനഃസംഘടിപ്പിച്ച് ജനങ്ങൾക്ക് ആവശ്യമായ തരത്തിൽ പ്രവർത്തിക്കുവാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. മീറ്റർ കമ്പനിയിൽ നിന്ന് ഇലക്ട്രോണിക് മീറ്ററിനും 348 രൂപ സർക്കാർ കൊടുക്കാമെന്ന് പറയുമ്പോൾ യു.പി.-യിലെ ഒരു സ്വകാര്യ കമ്പനിയിൽ നിന്ന് 901 രൂപ 60 പൈസയ്ക്കാണ് കെ.എസ്.ഇ.ബി. മീറ്റർ വാങ്ങിയത്. ഇതിൽ ഈ വ്യത്യാസം ആരുടെ പോക്കറ്റിലേക്കാണ് പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഇതിൽ ദുരൂഹതയുണ്ട്. ഇതിൽ ദുരൂഹതയില്ലെങ്കിൽ 901 രൂപ 60 പൈസയ്ക്ക് മീറ്റർ വാങ്ങുവാൻ കെ.എസ്.ഇ.ബി തയ്യാറാകുമോ ? കെ.എസ്.ഇ.ബി.-യിൽ വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷിച്ചിട്ട് വർഷം രണ്ടായി, ധാരാളം പേർ കാത്തിരിക്കുന്നു. ഈ ഗതികേട് കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളം ഉണ്ട്. സംസാരിക്കുവാൻ ശേഷിയില്ലാത്തവരും, കാണുവാൻ കഴിവില്ലാത്തവരും, എന്തിനേറെ

LIBRARY ARCHIVES Kerala Legislative Assembly

ജീവിതത്തിന്റെ അവസാന നാളുകളിൽ മരണവും കാത്തു കഴിയുന്ന കൃാൻസർ രോഗികൾപോലും വൈദ്യുതി കണക്ഷന് അപേക്ഷിച്ചാൽ ആ രോഗി മരിച്ച് പതിനാറടിയന്തിരവും കഴിഞ്ഞ് നാലു നൂറ്റാണ്ട് കഴിഞ്ഞാലും വൈദ്യുതി കണക്ഷൻ കിട്ടാത്ത അവസ്ഥയിൽ കേരള സംസ്ഥാനം മാറിയിരിക്കുന്നു. ഇത്രയും നെറികെട്ട, മോശപ്പെട്ട ഭരണക്രമമാണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. അതുകൊണ്ട് അവർക്കൊക്കെ ആശ്വാസകരമായ തരത്തിലുള്ള വൈദ്യുതി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. കേരളത്തിന്റെ സാമൂഹിക വളർച്ചയിൽ സുപ്രധാന പങ്ക് വഹിച്ച സഹകരണ മേഖല ഇന്ന് ആകെ തരിപ്പണമായിരിക്കുകയാണ്. ഈ സഹകരണ മേഖല തകർന്ന് തരിപ്പണമാകുന്ന തരത്തിലേക്ക് സി.എം.പി. യുടെയും അവരുടെ ഒത്താശ പാടുന്ന.....

Mr. Speaker: Please resume your seat.... എഴുതിക്കൊടുക്കണം അല്ലാതെ ഇതൊന്നും പറയാനൊക്കത്തില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. എം. എ. വാഹിദ് : സർ, ഈ മന്ത്രിസഭയിലെ സമർത്ഥരായ രണ്ടു മന്ത്രിമാരുടെ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഈ രണ്ടു വകുപ്പും ഇടതു മുന്നണി ഭരണ കാലത്ത് തകർത്ത് തരിപ്പണമാക്കിയതാണ്. വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഈ രണ്ടു വകുപ്പിലും നടക്കുന്നതുകൊണ്ടാണ് ഏതാനും ചില വിമർശനങ്ങൾ പ്രതിപക്ഷത്തുനിന്നും ഉണ്ടായത്. കെ.എസ്.ഇ.ബി.-യെ ലാഭകരമാക്കുന്നതിനു വേണ്ടിയുള്ള കഠിനാധ്വാനം ബഹുമാന്യനായ വകുപ്പുമന്ത്രി നടത്തുകയാണ്. കെടുകാര്യസ്ഥത കൊണ്ട് തകർന്നുകിടന്ന കെ.എസ്.ഇ.ബി., അവിടെ ഉണ്ടായിരുന്ന തസ്തികകളിൽ ഒരാളിനെപ്പോലും പിരിച്ചുവിടാതെ അനാവശ്യമായ തസ്തികകൾ ഒഴിവാക്കി പുനഃസംഘടിപ്പിച്ചുകൊണ്ട് ഈ വകുപ്പ് മുന്നോട്ട് പോകുകയാണ്.

പ്രസരണ നഷ്ടംകൊണ്ട് സംഭവിക്കുന്ന നഷ്ടങ്ങൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. അങ്ങനെ കാര്യക്ഷമമായ പ്രവർത്തനമാണ് ഇലക്ട്രിസിറ്റി വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നത്. മഴയില്ലാത്തപ്പോൾ പവർക്കട്ട്, ലോഡ്ഷെഡ്ഡിംഗ്, മഴ വരുമ്പോൾ അത് ഒഴിവാക്കി, അങ്ങനെ 4 വർഷക്കാലം നീണ്ടുനിന്ന പവർക്കട്ടും ലോഡ്ഷെഡ്ഡിംഗും നടത്തിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിനെ അപേക്ഷിച്ച് മഴ ഉള്ളപ്പോൾ കറന്റ് നൽകിയും മഴയില്ലാത്തപ്പോൾ ആവശ്യമായ വൈദ്യുതിക്കട്ടും ഏർപ്പെടുത്തിയാണ് മുന്നോട്ടുപോകുന്നത്. സഹകരണ വകുപ്പിനെക്കുറിച്ച് ഈ തവണ വലിയ വിമർശനങ്ങളൊന്നും കണ്ടില്ല. അതുകൊണ്ട് സുതാര്യമായും സത്യസന്ധമായും നല്ല പ്രവർത്തനം നടക്കുന്നു എന്നുള്ളതിൽ തർക്കമില്ല. തിരുവനന്തപുരത്തിന് ഏറ്റവും ആശാവഹമായ ഒരു കാര്യം, തുറമുഖവകുപ്പിന്റെ ചാർജുകൂടി വഹിക്കുന്ന മന്ത്രി ചെയ്തുവരികയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ പണി, കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

എൽ.ഡി.എഫ്. ഭരണകാലത്ത് നഷ്ടപ്പെട്ടുപോയത് വീണ്ടും തുടങ്ങാനുള്ള പ്രാരംഭ നടപടികൾ അദ്ദേഹം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അതിന് തിരുവനന്തപുരം നിവാസികളുടെ സന്തോഷം അദ്ദേഹത്തെ ഞാൻ അറിയിക്കുകയാണ്. ബഹുമുഖമായ വികസനപ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളുമാണ് സഹകരണവകുപ്പിൽ അദ്ദേഹം നടത്തിയിട്ടുള്ളത്. വൺടൈം സെറ്റിൽമെന്റ് ആദ്യമായിട്ടാണ് സഹകരണവകുപ്പിൽ വരുന്നത്. പാവപ്പെട്ടവർക്ക് സഹായകരമാകുന്ന വൺടൈം സെറ്റിൽമെന്റ് ആദ്യമായി നടപ്പാക്കിയത് ശ്രീ. എം. വി. രാഘവനാണ്. അതുപോലെ പലിശ കുറച്ചുകൊടുക്കൽ, കാർഷിക കടക്കാർക്കുള്ള കടാശ്വാസം എന്നിവ സഹകരണ വകുപ്പിൽ ശക്തമായി നടപ്പാക്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ നേട്ടം കിട്ടിയിട്ടുള്ളത് സഹകരണ വകുപ്പിനാണ്. ഇങ്ങനെ ഒരുപാട്, ഒരുപാട് കാര്യങ്ങൾ, ഒരു നീണ്ട പട്ടികതന്നെ സഹകരണ വകുപ്പിലെ നേട്ടങ്ങളായുണ്ട്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

ശ്രീ. യു. സി. രാമൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പൊതുമേഖലയുടെ കെടുകാര്യസ്ഥതയും സ്വകാര്യമേഖലയുടെ ചൂഷണവും ഇതിന്റെ നടുവിലുള്ള വിമോചന മാർഗ്ഗമാണ്. കഴിഞ്ഞ 5 വർഷക്കാലം എൽ.ഡി.എഫ്.-ന്റെ ഭരണം ഇല്ലായിരുന്നുവെങ്കിൽ ഈ സഹകരണ പ്രസ്ഥാനം വളരെ മുന്നോട്ടുപോകുമായിരുന്നു എന്നുള്ളതിൽ തർക്കമില്ല. തെളിച്ചമുള്ള ചിന്താഗതികളും പുതിയ ഒട്ടേറെ പദ്ധതികളുമായി സഹകരണ മേഖലയെ കാര്യക്ഷമമാക്കുന്ന പ്രവർത്തനവുമായിട്ടാണ് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി മുന്നോട്ടുപോകുന്നത്. അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. പാർട്ടിയുടെ ഓഫീസല്ല, ഇത് പാവപ്പെട്ടവരുടെ അത്താണിയാണ് എന്നുള്ള അവസ്ഥ സഹകരണമേഖലയിൽ ഉണ്ടാക്കിയത് ഈ സർക്കാർ വന്നതിനുശേഷമാണ്. സഹകരണമേഖലയിൽ ഗഹാൻ സമ്പ്രദായം നടപ്പിലാക്കണം. സഹകരണസ്ഥാപനവുമായി ബന്ധപ്പെട്ട് മുഴുവൻ ആളുകൾക്കും അതിന്റെ ഗുണഫലം ലഭ്യമാക്കണം, അത് കിട്ടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള നടപടി ഉണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ റൂറൽ ബാങ്കുകൾ, അർബൻ ബാങ്കുകൾ ഇതിനൊക്കെ എതിരായിട്ടാണ് ഇന്ന് റിസർവ് ബാങ്ക് നടത്തുന്ന പരാമർശങ്ങൾ. ഇത് നിക്ഷേപകരിൽ വലിയ ഭീതിയുണ്ടാക്കുന്നു. റിസർവ് ബാങ്കുമായി ബന്ധപ്പെട്ടുകൊണ്ട് നിക്ഷേപകരുടെ ഭയപ്പാട് മാറ്റുന്നതിനാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുക്കുന്ന കർഷകരെ സംബന്ധിച്ചിടത്തോളം ലോൺ എടുക്കുന്ന സമയത്ത് അവരിൽനിന്നും വസൂലാക്കുന്ന ഷെയർ സംഖ്യ 5 വർഷം കഴിഞ്ഞാണ് തിരിച്ചുകൊടുക്കുന്നത്. ഇതിന് പലിശയുമില്ല. ഈ ഷെയർ സംഖ്യ ലോൺ പൂർത്തിയാക്കുന്ന മുറയ്ക്ക് തിരിച്ചുകൊടുക്കുകയും അതല്ലെങ്കിൽ ലോണിൽ വരവുവയ്ക്കുകയും ചെയ്യാനാവശ്യമായ നടപടിയുണ്ടാകണം. പലപ്പോഴും ഈ സഹകാരികൾക്ക് അവർ ലോൺ അടച്ചു കഴിഞ്ഞിട്ടും ഈ പണം തിരിച്ചു വാങ്ങാൻ കഴിയാതെ മരണപ്പെട്ടുപോയ അനുഭവംപോലും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ വളരെ കാര്യക്ഷമമായ ശ്രദ്ധ പതിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ കർഷകരുടെ ഏറ്റവും അവസാനത്തെ അത്താണിയാണ് കാർഷിക ലോൺ, കാർഷിക രംഗത്ത് പ്രയാസം അനുഭവിക്കുന്ന ആളുകൾ എടുക്കുന്ന കാർഷിക ലോണിന്റെ പലിശ പൂർണമായും ഒഴിവാക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ വൺടൈം സെറ്റിൽമെന്റ് സ്കീം. ഇത് വലിയ ഒരു ആശ്വാസമാണ് ഇവിടത്തെ കർഷകർക്ക്. 3185 സഹകരണസംഘങ്ങൾ വഴി 334942 പേർക്കാണ് ഇതിന്റെ ഗുണം കിട്ടിയിട്ടുള്ളത്. രണ്ടു വർഷത്തിനു മുമ്പ് ഇവിടെയുള്ള മുഴുവൻ മാധ്യമങ്ങളും പരിശോധിച്ചുനോക്കിയാൽ ദിനംപ്രതി കർഷകർ കുടുംബത്തോടൊപ്പം കൂട്ട ആത്മഹത്യയിൽ അഭയം പ്രാപിക്കുന്ന അവസ്ഥവരെയുണ്ടായിട്ടുള്ളതായി കാണാം. ഈ വൺടൈം സെറ്റിൽമെന്റ് സ്കീം വന്നതോടുകൂടി ഈ കർഷകർക്ക് വലിയ ആശ്വാസം ഉണ്ടായിട്ടുണ്ട്. കാർഷിക തകർച്ച വഴി ആത്മഹത്യ ചെയ്തതായി കേൾക്കുന്നുമില്ല. വൺടൈം സെറ്റിൽമെന്റ് സ്കീമിന് വിധേയരാകുന്ന കർഷകർക്ക് അവരുടെ മുഴുവൻ പലിശയും ഒഴിവാക്കിക്കൊടുക്കുന്നതിനാവശ്യമായ ഒരു നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഇത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനു വേണ്ടിയുള്ള ഒരു നല്ല സംവിധാനം ഉണ്ടാക്കണമെന്നുകൂടി ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുണ്ട്. അതുപോലെ സഹകരണ ഇൻഷ്വറൻസ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ആവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സംഘത്തിലെ ആഡിറ്റ് നടപടികൾക്ക് വളരെ കാലതാമസം ഉണ്ടാകുന്നു. ആഡിറ്റ് നടപടികൾ യഥാസമയം പൂർത്തിയാക്കാനാവശ്യമായ നടപടികൾ ഉണ്ടാക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്. മാത്രമല്ല സഹകരണ മേഖലയിൽ നിയമനകാര്യത്തിൽ, ലോൺ അനുവദിക്കുന്ന രംഗത്തുമൊക്കെ അനുവദിക്കാൻ പാടില്ലാത്ത ഒട്ടേറെ അഴിമതികൾ നടക്കുന്നതായിട്ട് പലപ്പോഴും പരാമർശങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തരം അഴിമതികളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്. സഹകരണ സ്ഥാപനത്തിലെ നിയമനങ്ങളുടെ കാര്യത്തിൽ ഈ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന എസ്.സി/എസ്.ടി വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് നിയമനത്തിൽ മതിയായ പ്രാതിനിധ്യം ലഭിക്കാത്ത ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. കർശനമായി നിയമനത്തിൽ സംവരണം പാലിക്കാനും അതുപോലെ യഥാസമയങ്ങളിൽ നിയമനം നടത്താനും ആവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ ഇന്ന് സമൂഹത്തിൽ കള്ള സഹകരണസംഘങ്ങൾ വളർന്നുവരികയാണ്. ഇത് സഹകരണ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളെ തുരങ്കം വയ്ക്കുന്ന നടപടിയാണ്. ഇതിനെതിരെ കാര്യക്ഷമമായ ഒരു പ്രവർത്തനം ഉണ്ടാക്കണമെന്ന് ആവശ്യപ്പടുകയാണ്. അതുപോലെ വൈദ്യുതി രംഗത്ത് വിപ്ലവാത്മകമായ പുരോഗതിയും മാറ്റവുമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. പ്രസരണ വിതരണ നഷ്ടം 30 ശതമാനത്തിൽ കൂടുതലാണ് ഇന്നുള്ളത്. ഇത് കുറയ്ക്കാനാവശ്യമായ നടപടിയുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ പ്രദേശങ്ങളിൽ ജീവനക്കാരുടെ കുറവ് സാരമായിട്ടുണ്ട്. കെ.എസ്.ഇ.ബി. ഓഫീസിലും മറ്റ് ബന്ധപ്പെട്ട ഓഫീസുകളിലും ബില്ലുകൾ അടയ്ക്കാനും മറ്റ് ഇടപാടിനും എത്തുന്നവർ ഒരുപാട് സമയം നിൽക്കേണ്ട അവസ്ഥയുണ്ട്. അത് പരിഹരിക്കുന്നതിന്, പ്രത്യേകിച്ച് മലബാർ മേഖലകളിൽ ഈ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെ കുറവുണ്ട്. അത് നികത്താനാവശ്യമായ സത്വര നടപടിയുണ്ടാകണം. അതുപോലെ എന്റെ മണ്ഡലത്തിലെ കുന്നമംഗലത്ത് കെ.എസ്.ഇ.ബി.യുടെ ഓഫീസ് ഇന്ന് പ്രവർത്തിക്കുന്നത് വളരെ ഇടുങ്ങിയ ഒരു വാടകക്കെട്ടിടത്തിലാണ്. അതിന് സ്വന്തമായി ഒരു ബിൽഡിംഗ് ഉണ്ടാക്കുന്നതിന് ആവശ്യമായ അടിയന്തിരമായ പ്രവർത്തനം ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുപോലെ എന്റെ മണ്ഡലത്തിലെ മുക്കം വട്ടോളിപ്പറമ്പ് 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം ആരംഭിച്ചിട്ട് വളരെക്കാലമായി. ഞാൻ കഴിഞ്ഞ ദിവസം നിയമസഭയിൽ കൊടുത്ത ഒരു ചോദ്യത്തിനു മറുപടിയായിട്ട് മേയ് മാസത്തിൽ ഇതിന്റെ ഉദ്ഘാടനം നടത്തും എന്നൊക്കെ മന്ത്രി പറയുകയുണ്ടായി. അതിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണ് നടക്കുന്നത്. അത് പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പയമ്പ്ര, പോലൂർ-പുളവൊയിൽ എന്നീ പ്രദേശങ്ങൾ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവിക്കുകയാണ്. അവിടങ്ങളിലൊക്കെത്തന്നെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുവേണ്ടി പ്രവർത്തനം ആരംഭിച്ചിട്ട് പണി പൂർത്തിയാക്കിയിട്ടില്ല. എത്രയും വേഗം പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സാധനസാമഗ്രികളുടെ കുറവുമൂലം ഒട്ടേറെയാളുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാത്ത അവസ്ഥ നിലനിൽക്കുകയാണ്. പ്രത്യേകിച്ച് മലബാർ ഭാഗത്ത് വലിയ പ്രയാസം അനുഭവപ്പെടുകയാണ്. അതുകൊണ്ട് ആ ഭാഗത്തെ ആളുകൾക്ക് കണക്ഷൻ നൽകുന്നതിനാവശ്യമായ സാധനസാമഗ്രികൾ കോഴിക്കോട് ജില്ലയിലേയ്ക്ക് പ്രത്യേക പരിഗണന നൽകി ലഭ്യമാക്കുന്നതിന് നടപടിയുണ്ടാകണം എന്നാവശ്യപ്പെടുകയാണ്. എന്റെ പ്രദേശത്ത് വൈദ്യുതി ലൈൻ വലിച്ച വകയിൽ വൃക്ഷലതാദികൾ നഷ്ടപ്പെട്ടയാളുകൾക്ക് അതിന്റെ നഷ്ടപരിഹാരത്തുക ഇതുവരെയും വിതരണം ചെയ്തിട്ടില്ല. അതും വളരെ പെട്ടെന്ന് അനുവദിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. ഒട്ടേറെ പ്രദേശങ്ങളിൽ കേബിൾ കണക്ഷൻ നൽകുന്നതിനുള്ള സംവിധാനം നേരത്തെയുണ്ടായിരുന്നു. ഇപ്പോൾ കാര്യമായിട്ട് അത് നടപ്പിലാക്കുന്നില്ല. ലൈൻ വലിക്കാൻ കഴിയാത്ത ആളുകൾ ഇതുമൂലം പ്രയാസപ്പെടുന്നു. അതുകൊണ്ട് കേബിൾ കണക്ഷൻ നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ നമ്മുടെ പല ഭാഗങ്ങളിലും ആഘോഷത്തിന്റേയും ആർഭാടത്തിന്റേയും പേരിൽ വൈദ്യുതി അനാവശ്യമായി ചെലവഴിക്കുന്ന ഒരു പ്രവണത കാണുന്നു. അത് നിയന്ത്രിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. സി.ജോസഫ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ സാമ്പത്തിക നില ഇന്ന് ഭദ്രമാണ്. സഹകരണ മേഖലയ്ക്ക് വ്യാപകമായ അടിത്തറയുള്ള കേരളത്തിൽ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണകാലത്ത് ഉണ്ടായ സംഘർഷത്തിന്റേയും കലാപത്തിന്റേയും സാഹചര്യം മാറ്റി സമവായത്തിന്റേയും ജനാധിപത്യ മര്യാദകളുടേയും ഒരു കാലം പുനഃസ്ഥാപിക്കാൻ കഴിഞ്ഞ മന്ത്രി ശ്രീ. എം. വി. രാഘവനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇന്ന് കേരളത്തിലെ സഹകരണമേഖല ശാന്തമാണ്. രണ്ടു കൊല്ലം മുമ്പ് സംഘം പിടിച്ചെടുക്കലും സംഘർഷങ്ങളും ആയിരുന്നുവെങ്കിൽ ഇന്ന് ശാന്തമായ സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞത് ഈ ഗവണ്മെന്റിന്റെ നേട്ടമാണ്. സഹകരണ മേഖലയിൽ ഉണ്ടായ ഈ സാഹചര്യം പ്രയോജനപ്പെടുത്താൻ സാധിക്കണം. കടാശ്വാസ നിയമം നടപ്പിലാക്കി. അതിന്റെ പ്രയോജനം കൃഷിക്കാർക്ക് പൂർണ്ണമായും ലഭിച്ചില്ല. വൺടൈം സെറ്റിൽമെന്റ് കൊണ്ടുവന്നു. യഥാസമയം കൃത്യമായി കടം തിരിച്ചടയ്ക്കുന്ന, കൃഷിക്കാരനെ സഹായിക്കുന്ന തരത്തിലുള്ള കടാശ്വാസ നിയമം കൊണ്ടുവരാൻ ഗവണ്മെന്റ് ആലോചിക്കണം. മലബാറിലെ ഒരു എം.എൽ.എ. എന്ന നിലയ്ക്ക് പരിയാരം മെഡിക്കൽ കോളേജിന്റെ ഉയർത്തെഴുന്നേൽപ്പ് പരാമർശിക്കാതിരിക്കാൻ കഴിയുകയില്ല. 5 കൊല്ലം കേരളത്തിൽ എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ആകെ തകർച്ചയെ നേരിടുന്ന അവസ്ഥയിലാണ് പരിയാരം മെഡിക്കൽ കോളേജ് പ്രവർത്തിച്ചത്.

1.00 P.M] ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ സെക്രട്ടേറിയറ്റിനു മുന്നിൽ പരിയാരം മെഡിക്കൽ കോളേജിന് അംഗീകാരത്തിനുവേണ്ടി വിദ്യാർത്ഥികളുടെ സമരമായിരുന്നു. അംഗീകാരം നൽകാതെ ഐ.എം.സി. തള്ളിക്കളഞ്ഞ ഒരു സ്ഥാപനമായിരുന്നു പരിയാരം മെഡിക്കൽകോളേജെങ്കിൽ ഈ രണ്ടു വർഷക്കാലം കൊണ്ട് ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ഒരു മെഡിക്കൽ കോളേജാക്കി മാറ്റാൻ കഴിഞ്ഞുവെന്നത് ശ്രീ. എം. വി. രാഘവന്റെ തൊപ്പിയിലെ തിളങ്ങുന്ന തൂവലാണ്. ഏറ്റവും കുറഞ്ഞ നിരക്കിൽ 65,000 രൂപയ്ക്ക് ഹാർട്ട് ഓപ്പറേഷൻ നടത്താനുള്ള സൗകര്യം പരിയാരം മെഡിക്കൽ കോളേജിന് ഉണ്ടായിരിക്കുന്നു. അവിടെ ദന്തൽ കോളേജ് ആരംഭിച്ചു. നഴ്സിംഗ് കോളേജ് ആരംഭിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണകാലത്ത് തകർച്ചയിലായ ആ സ്ഥാപനത്തെ പുനരുദ്ധരിപ്പിക്കാനും അംഗീകാരം നേടാനും സാധിച്ചത് ഗവൺമെന്റിന്റെ വലിയ നേട്ടമല്ലേ ? വൈദ്യുതിയുടെ കാര്യം പറയുകയാണെങ്കിൽ രണ്ടാഴ്ച മുൻപത്തെ വൈദ്യുതി വകുപ്പുമന്ത്രിയുടെ ഒരു പ്രസ്താവന വായിക്കുകയുണ്ടായി. ഇടവത്തിൽ പെയ്യാതെ പോയ ഇടവപ്പാതിയെ നോക്കി കേരളമാകെ ആശങ്കയുടെ മുൾമുനയിലായിരുന്നു. ദൈവാധീനംകൊണ്ട് കേരളം രക്ഷപ്പെട്ടുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഇന്ന് ദൈവം വിചാരിച്ചാലും ഈ ബോർഡിനെ രക്ഷപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണ്. അപ്പുറത്തു നിന്നും ഇപ്പുറത്തുനിന്നും പലരും സംസാരിച്ചു, എല്ലാവരും ഉത്തരവാദിയെ തെരയുകയായിരുന്നു. ആരാണ് ഉത്തരവാദി, ബോർഡിന്റെ ഈ അവസ്ഥ ആരുണ്ടാക്കി. രണ്ടുഭാഗത്തും യോജിക്കുന്ന ഒരു കാര്യമുണ്ട്. ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് തകർച്ചയുടെ വക്കിലാണ്. ഉത്തരവാദി ആരാണെങ്കിലും ഇലക്ട്രിസിറ്റി ബോർഡ് ഒരു വയബിളായ സ്ഥാപനമല്ല. വലിയ സാമ്പത്തിക തകർച്ചയിലാണ്. ഒരു കാര്യം പ്രതിപക്ഷസുഹൃത്തുക്കൾ മനസ്സിലാക്കണം. 1956-ൽ കേരളമുണ്ടായശേഷം ആകെ 13 വർഷമാണ് ഞങ്ങളുടെ പാർട്ടിക്കാർ ബോർഡ് ഭരിച്ചത്. 1980 മുതൽ 1987 വരെ ശ്രീ. ആർ. ബാലകൃഷ്ണപിള്ള, 1991 മുതൽ 1996 വരെ ശ്രീ. ജി. കാർത്തികേയനും ശ്രീ. സി.വി. പത്മരാജനും, ഇപ്പോൾ രണ്ടു വർഷം ശ്രീ. ശിവദാസമേനോനും. ബാക്കി 32 വർഷവും ഭരിച്ചത് ഒന്നുകിൽ സി.പി.ഐ. അല്ലെങ്കിൽ സി.പി.എം. നിങ്ങൾ ഉത്തരം പറയണം. ഈ സാഹചര്യം എങ്ങനെ കേരളത്തിലുണ്ടായി. ഇലക്ട്രിസിറ്റി ബോർഡ് സാമ്പത്തിക തകർച്ചയിലാണെങ്കിൽ, ഇലക്ട്രിസിറ്റിബോർഡ് കെടുകാര്യസ്ഥതയിലാണെങ്കിൽ ഉത്തരം പറയാൻ ഞങ്ങളേക്കാൾ ബാദ്ധ്യത നിങ്ങൾക്കുണ്ട്. കണ്ണാടിക്കൂട്ടിലിരുന്ന് ദയവായി കല്ലെറിയരുത്. ഇവിടെ കഴിഞ്ഞ രണ്ടു വർഷക്കാലംകൊണ്ട് ഈ ബോർഡിനെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ വൈദ്യുതി വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. ശിവദാസൻ വക്കീൽ അധികം സംസാരിക്കുകയില്ലെങ്കിലും അദ്ദേഹം പ്രഗൽഭനായ ഒരു ഭരണാധികാരിയാണെന്ന് തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. രണ്ടു വർഷക്കാലംകൊണ്ട് കടക്കെണിയിൽ നിന്ന് ബോർഡിന് മോചനം നൽകി. അങ്ങനെ ഈ ബോർഡ് ഇന്ന് അൽപ്പം പച്ചപിടിക്കുന്നുണ്ട്. ഇവിടെ ശ്രീ. നീലനും, ശ്രീ. രാജേന്ദ്രനും, പറഞ്ഞു ഞങ്ങൾ ഇലക്ട്രിസിറ്റി ബോർഡിനെ എ.ഡി.ബി.യുടെ ചൊൽപ്പടിക്കാരാക്കിയെന്ന്. യാഥാർത്ഥ്യങ്ങൾ വിസ്മരിക്കരുത്. കേരളത്തിലെ എൽ.ഡി.എഫ് ഗവൺമെന്റിന്റെ വൈദ്യുതി നയം വായിച്ചു നോക്കണം. ശ്രീ. നീലനും മന്ത്രിയായിരുന്നല്ലോ. നയത്തിൽ എന്താണ് പറയുന്നത്. ഈ നയത്തിൽ പറയുന്നു, "വൈദ്യുതി ഉൽപ്പാദന രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് പൊതുമേഖലയിൽ സാധിക്കുകയില്ല. സ്വകാര്യ മൂലധന നിക്ഷേപം അനുവദിക്കുക എന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. സ്വകാര്യ പ്രൊമോട്ടർമാരുടെ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനുള്ള സഹായസഹകരണങ്ങൾ ഗവൺമെന്റ് നൽകുന്നതാണ്." ഇതാണ് LDF-ന്റെ നയം. നിങ്ങൾക്ക് സ്വകാര്യ മേഖലയെ പ്രോൽസാഹിപ്പിക്കാം. ഞങ്ങൾ ചെയ്താൽ ആകെ തകരാറ്. ഞങ്ങൾ ഇലക്ട്രിസിറ്റി ബോർഡിനെ പ്രോഫിറ്റ് സെന്ററാക്കി മാറ്റിയെന്നു പറഞ്ഞു. എന്നാൽ നിങ്ങളുടെ നയത്തിൽ പറയുന്നു, "ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മൂന്ന് പ്രോഫിറ്റ് സെന്ററാക്കി ബോർഡിന്റെ പ്രവർത്തനം പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി മൂന്ന് മേഖലാ പ്രോഫിറ്റ് സെന്ററുകൾ രൂപീകരിക്കും" ഇതാണ് പറയുന്നത്. ശ്രീ. പിണറായി വിജയന്റെയും ശ്രീ. ശർമ്മയുടേയും വൈദ്യുതി നയം ഇതാണോ ? എ.ഡി.ബി.യുടെ നയമാണോ ? നിങ്ങളുടെ കാലത്ത് ആരംഭിച്ച നയങ്ങൾ ഞങ്ങൾ പിൻതുടരുന്നു. മാറ്റം വരുത്തുന്നില്ല. കഴിഞ്ഞ 5 വർഷക്കാലം ശ്രീ. കോടിയേരി ബാലകൃഷ്ണനും ബോർഡ് മെമ്പറായിരുന്നു. അദ്ദേഹത്തോട് ചോദിക്കണം. ഇന്ന് ഈ തകർച്ചയിൽ നിന്ന് കേരളത്തെ മോചിപ്പിക്കാൻ ഞങ്ങൾ ശ്രമിക്കുമ്പോൾ നിങ്ങൾ ദയവായി ഞങ്ങളെ കല്ലെറിയാൻ ശ്രമിക്കരുത്. ഇന്ന് എന്താണ് ബോർഡിന്റെ പ്രശ്നം. നമ്മൾ രണ്ടുകൂട്ടരും പരസ്പരം കുറ്റം പറഞ്ഞിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കാര്യമില്ല. ഒരു കാലത്ത് വ്യവസായികൾക്ക് കേരളത്തിന്റെ ആകർഷണം വൈദ്യുതിയായിരുന്നു. കേരളം ഓഫർ ചെയ്തത് ചീപ് ഇലക്ട്രിസിറ്റിയാണ്. ഇപ്പോൾ അവിടത്തെ അവസ്ഥ എന്താണ്. 1975-ൽ കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിന്റെ വ്യാവസായിക ഉപഭോക്താക്കളുടെ എണ്ണം 55 ശതമാനമായിരുന്നു. ഇന്ന് 2002-ൽ വ്യാവസായിക ഉപഭോക്താക്കളുടെ എണ്ണം 35 ആയി കുറഞ്ഞു. 25 വർഷംകൊണ്ട് വ്യാവസായിക കൺസ്യൂമർമാരുടെ എണ്ണം കുറഞ്ഞിരിക്കുന്നു. കേരളം എങ്ങോട്ടാണ് പോകുന്നത്. ഒരു ഭാഗത്ത് ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് -വ്യാവസായികവൽക്കരണത്തിനുള്ള ശ്രമങ്ങൾ. ആ ശ്രമം നടക്കുമ്പോഴും വൈദ്യുതി ഉപയോഗിക്കുന്ന വ്യവസായികളുടെ എണ്ണം കുറയുന്നുവെങ്കിൽ കേരളത്തിന്റെ ഭാവിയെപ്പറ്റി ആശങ്കപ്പെടണ്ടേ ? ഇന്ന് ഉൽപ്പാദനക്ഷമത വർദ്ധിച്ചു. ഇടുക്കി ആരംഭിക്കുമ്പോൾ ഉൽപ്പാദന ചെലവ് 22 പൈസയായിരുന്നു. ഒരു കാലത്ത് കേരളം വൈദ്യുതി രംഗത്ത് മിച്ച സംസ്ഥാനമായിരുന്നു. അവിടെനിന്ന് കാലം മുന്നോട്ടു പോയില്ലേ ? ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വിൽക്കുന്ന അവസ്ഥയിൽ നിന്ന് മാറി. കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങി വില കുറച്ച് വിൽക്കേണ്ട സ്ഥിതിയുണ്ടായിരിക്കുന്നു. എൻ.റ്റി.പി.സി.യിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് 507 പൈസ വിലകുറച്ച് കൊടുത്താൽ ബോർഡിന് കടബാദ്ധ്യത ഉണ്ടാവുകയില്ലേ ? ആ അവസ്ഥ മാറണം. ഇലക്ട്രിസിറ്റി ബോർഡിനെപ്പറ്റി വസ്തുതാപരമായി പഠനം നടത്തണം. എല്ലാപേരും പറയുന്നു ട്രാൻസ്മിഷൻ ലോസ് 30 ശതമാനമാണെന്ന്. വൈദ്യുതി മോഷണം 10 ശതമാനത്തിലേറെ. ആകെ ഉൽപ്പാദിപ്പിക്കുന്നതിന്റെ 40 ശതമാനം ട്രാൻസ്മിഷൻ ലോസിലും വൈദ്യുതി മോഷണത്തിലും പോകുന്നു. വിതരണത്തിനു കിട്ടുന്നത് 60 ശതമാനം മാത്രമാണ്. പദ്ധതികൾ പൂർത്തീകരിക്കാൻ അനന്തമായ കാലതാമസമുണ്ടാകുന്നു. ഇവിടെ നിയമസഭയിൽ മന്ത്രി പറഞ്ഞു, 1981-ൽ ആരംഭിച്ച കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി ഇന്നും പൂർത്തിയായിട്ടില്ല എന്ന്. 1991-ൽ ആരംഭിച്ച ഡൈവേർഷൻ പദ്ധതി ഇന്നും പൂർത്തിയായിട്ടില്ല. പദ്ധതികൾ പൂർത്തീകരിക്കാൻ അനന്തമായ കാലതാമസമുണ്ടാകുന്നു. ആരാണ് ഉത്തരവാദി ? ശിവദാസൻ വക്കീലാണോ. യു.ഡി.എഫ് ആണോ ? വൈദ്യുതി ബോർഡിൽ നിങ്ങളുടെ യൂണിയനുകളുടെ മുട്ടാപ്പോക്ക് നയംമൂലമല്ലേ എല്ലാം നീണ്ടുപോകുന്നത് ? ബോർഡിലെ ഉദ്യോഗസ്ഥന്മാരും കോൺട്രാക്ടർമാരും ചേർന്നു നടത്തുന്ന അവിഹിതബന്ധം കോടതികളിലേക്കും ആർബിട്രേഷൻ ബോർഡിലേക്കും എത്തി പ്രവർത്തികളെ നീട്ടിക്കൊണ്ടുപോകുന്നു. അങ്ങനെ ആരംഭിച്ച പദ്ധതികൾ പൂർത്തിയാകുന്നില്ല. ദയവായി ഓരോ കാര്യത്തിന്റെയും ഉത്തരവാദിത്വം ഫിക്സ് ചെയ്യണം. പദ്ധതി ആരംഭിക്കുമ്പോൾ അവയിൽ പൂർത്തീകരണത്തിന് റ്റൈം ബൗണ്ട് പ്രോഗ്രാം വേണം. അല്ലാതെ കാട്ടിലെ തടി തേവരുടെ ആന എന്ന നയം സ്വീകരിക്കാൻ പാടില്ല. പദ്ധതികൾ നീണ്ടുപോകുന്നത് തീർച്ചയായും ഗൗരവമായി കാണാനുള്ള ചുമതല ഗവൺമെന്റിനുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി 62 സ്വകാര്യ പദ്ധതികൾക്ക് രൂപം നൽകിയെന്ന്. ആ പദ്ധതി എവിടെവരെയായി. സ്വകാര്യ പങ്കാളിത്തത്തോടുകൂടി പദ്ധതികൾ ആരംഭിക്കാൻ പോകുന്നു, അതിന്റെ അവസ്ഥ ഇതുപോലെ ആകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതികളെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കണം. അല്ലെങ്കിൽ വീണ്ടും കേരളത്തിൽ വൈദ്യുതിമേഖലയിൽ പ്രതിസന്ധിയുണ്ടാകും. ഇലക്ട്രിസിറ്റി ബോർഡിന്റെ റീ കൺസ്ട്രക്ഷന് പ്രയോറിറ്റി കൊടുക്കണം. ശ്രീ. യു. സി. രാമൻ അടക്കമുള്ളവർ പറഞ്ഞു, മലബാർ മേഖലയിൽ ഉദ്യോഗസ്ഥർ വരുന്നില്ല എന്ന്. മലബാറിലേക്ക് ആരും വരില്ല, ഉദ്യോഗസ്ഥരൊക്കെ വർക്കിംഗ് അറേഞ്ചുമെന്റിൽ വൈദ്യുതി ഭവനിലും പട്ടണങ്ങളിലുമാണ്. ആ അവസ്ഥ മാറ്റണം. എന്റെ മണ്ഡലത്തിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചാൽ എട്ടുകൊല്ലം കഴിയാതെ കിട്ടില്ല. അവിടെ ഉപകരണങ്ങൾ ഇല്ല. അവിടേക്ക് ആവശ്യമായ സാധനങ്ങളൊന്നും വരുന്നില്ല. ആ അവസ്ഥ മാറണം. മലബാറിന്റെ പിന്നോക്കാവസ്ഥ മാറ്റാൻ ബഹുമാനപ്പെട്ട മന്ത്രി മുൻഗണന കൊടുക്കണം. അവിടെ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ള Voltage improvement scheme നടപ്പിലാകുന്നില്ല. എന്റെ മണ്ഡലത്തിൽ ആലക്കോട് പദ്ധതി ആരംഭിച്ചു. ഒരു ഘട്ടത്തിലും ആയിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ പുനഃക്രമീകരണത്തിന് മുൻഗണന ഉണ്ടാകണം. ആരംഭിച്ച പദ്ധതികൾ സമയത്തുതന്നെ പൂർത്തീകരിക്കുവാനും ദീർഘവീക്ഷണമുള്ള പദ്ധതികൾ ആരംഭിക്കുവാനും സാധിക്കണം. ഇവിടെ സ്വകാര്യ പങ്കാളിത്തത്തെക്കുറിച്ച് പറഞ്ഞു. പശ്ചിമ ബംഗാളിൽ, കൽക്കട്ട നഗരത്തിൽ വൈദ്യുതി വിതരണം നടത്തുന്നത് ഗോയൻകോ കമ്പനിയാണ്. അവിടെ ആക്ഷേപമില്ല. കേരളത്തിൽ വൈദ്യുതി രംഗത്ത് സ്വകാര്യ പങ്കാളിത്തം ഉണ്ടായാൽ ആകെ തകർച്ചയെന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. പ്രതിപക്ഷത്തിന് ഇരട്ടത്താപ്പ് നയമാണ്. ഇന്ന് തലസ്ഥാന നഗരിയിൽ തെരുവ് യുദ്ധമായിരുന്നു. തലസ്ഥാനത്ത് നിരന്തരമായ സമരങ്ങൾ. കൽക്കട്ടയിൽ ബംഗാൾ മുഖ്യമന്ത്രി തീരുമാനിച്ചിരിക്കുന്നു മെയിൻ റോഡിൽ സമരങ്ങൾ വേണ്ടെന്ന്. അവർ മെയിൻ റോഡിൽ സമരങ്ങൾ നിരോധിക്കുവാൻ പോകുന്നു. തിരുവനന്തപുരത്ത് നിരോധിച്ചുപോയാൽ, വേണ്ട നിയന്ത്രിച്ചാൽ പോലും ആകെ ആക്ഷേപമാണ്. നിങ്ങൾ ദയവായി ബംഗാളിനെ കണ്ടുപഠിക്കണം. ബംഗാൾ ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളെങ്കിലും ഇവിടെ ചെയ്യാൻ നിങ്ങൾ തയ്യാറാകണം. കഴിഞ്ഞ രണ്ടുകൊല്ലംകൊണ്ട് പുനരുദ്ധരിക്കപ്പെട്ട സഹകരണ മേഖലയ്ക്കും വൈദ്യുതി മേഖലയ്ക്കും വേണ്ടി ഇവിടെ കൊണ്ടുവന്നിട്ടുള്ള ഡിമാന്റുകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എന്റെ ബഹുമാന്യനായ സുഹൃത്ത് കെ.സി. ജോസഫിന്റെ പ്രസംഗത്തിൽ സാമാന്യമര്യാദ കാണിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. കാരണം, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് കണ്ണൂർ ജില്ലയിൽ 220 കെ.വി. സബ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തത്. അതിനെതുടർന്നാണ് ചെങ്ങളയിൽ, ബഹുമാന്യനായ അങ്ങയുടെ മണ്ഡലത്തിലേക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭിക്കുവാൻ ഇടയായ 66 കെ.വി.സബ് സ്റ്റേഷൻ ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തത്. അത് കഴിഞ്ഞപ്പോൾ അങ്ങയുടെ നിയോജക മണ്ഡലത്തിന്റെ പല ഭാഗത്തും കോൺഗ്രസുകാർ ബോർഡ് എഴുതിവച്ചു. അഭിവാദ്യങ്ങൾ, അഭിവാദ്യങ്ങൾ പിണറായി വിജയന് അഭിവാദ്യങ്ങൾ എന്ന്. അതുമാത്രമായാൽ പറ്റില്ല, അതുകൊണ്ട് അതിന്റെ അടിയിൽ വീണ്ടും എഴുതി ശ്രീ. കെ. സി. ജോസഫിനും

LIBRARY ARCHIVES Kerala Legislative Assembly

അഭിവാദ്യം എന്ന്. എഴുതിവച്ചത് കമ്മ്യൂണിസ്റ്റുകാരല്ല, മാർക്സിസ്റ്റുകാരല്ല, കോൺഗ്രസുകാരാണ്. കുടിയാന്മലയിൽ എഴുതിവച്ചിട്ടുണ്ട്. ചെമ്പേരിയിൽ എഴുതിവച്ചിട്ടുണ്ട്. 66 കെ.വി. സബ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തതിനുശേഷം അവർ ആദ്യമായി ഇലക്ട്രിസിറ്റിയുടെ പ്രകാശം കാണുകയാണ്. തളിപറമ്പ് 110 കെ.വി. സബ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു. പരിയാരത്ത് 133 കെ.വി. സബ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു. കുറ്റിയാട്ടൂർ 33 കെ.വി. സബ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു. നാട്ടുകാണിയിൽ അങ്ങയുടെ നിയോജക മണ്ഡലത്തിന്റെ അതിർത്തിയിൽ അന്ന് തറക്കല്ലിട്ടു. 33 കെ.വി. ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തിട്ട് രണ്ടുകൊല്ലമായി. അതിന് ഒരുകൊല്ലം മുമ്പ് മിക്കവാറും പണി പൂർത്തിയാക്കിയതാണ്. ബാക്കിപണി പൂർത്തിയാകാതെ കിടക്കുകയാണ്. പിന്നീട് ഒരു വർക്കും ചെയ്തിട്ടില്ല. അങ്ങയുടെ നിയോജക മണ്ഡലത്തിലെ ആലക്കോട് ആദ്യമായിട്ട് ഇലക്ട്രിസിറ്റി ഓഫീസ് തുടങ്ങിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. അതിനു മുമ്പ് തളിപറമ്പിലാണ് ഉണ്ടായിരുന്നത്. ആലക്കോട് ഇല്ലായിരുന്നു. ഇങ്ങനെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് നേട്ടങ്ങൾ കൊയ്തുവാങ്ങാൻ സാധിച്ച ഒരു അസംബ്ളി മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു എം.എൽ.എ. ആണ് ബഹുമാന്യനായ കെ.സി. ജോസഫ് എന്നുപറഞ്ഞതാണ്. മഹാഭാഗ്യവാനാണ്. ഇവിടെ 1086 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഞാൻ വെല്ലുവിളിക്കുകയാണ്, നിങ്ങൾ അഞ്ചുകൊല്ലംകൊണ്ട് അതിന്റെ 50 ശതമാനത്തിൽ എത്തുമോ ; അത്രയും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമോ ? നിങ്ങൾക്ക് സാധിക്കുകയില്ല. ഇപ്പോൾ പറഞ്ഞു കൊണ്ടിരിക്കുന്നത് എന്താണ് ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണകാലത്ത് മുഴുവൻ അന്ധകാരമായിരുന്നു. നിങ്ങൾക്ക് അന്ധകാരത്തിന്റെ അർത്ഥം മനസ്സിലായില്ല. എന്തെങ്കിലും തോന്നിയതുപോലെ സംസാരിച്ചിട്ട് കാര്യമുണ്ടോ? ഒരു കാര്യവും മനസ്സിലാക്കാതെ പറയുകയാണ്. 1086 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞ ഒരു ഗവൺമെന്റിന്റെ മുഖത്തുനോക്കി ഇരുട്ടാക്കി എന്നു പറയുകയാണ്. നിങ്ങളുടെ കാലത്താണ് ഇരുട്ട് മുഴുവനും, അന്ധകാരം മുഴുവനും. നിങ്ങൾ രണ്ടുവർഷംകൊണ്ട് 17 മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചത്. 17 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചവർ 1086 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചവരെ കുറ്റപ്പെടുത്തുകയാണ്. ലോകത്ത് മാതൃകയായിട്ട് ചൂണ്ടിക്കാണിക്കാവുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ജലവൈദ്യുത പദ്ധതിയാണ് കേരളത്തിലെ ഇടുക്കി ജല വൈദ്യുത പദ്ധതി. അവിടെ വിശ്വഹിന്ദു പരിഷത്തിന്റെ ആളുകൾ ഇപ്പോൾ അമ്പലം നിർമ്മിക്കുകയാണ്. മാറാടിന്റെ വേറൊരു പതിപ്പാണ്. ആസനത്ത് ആലു മുളച്ചാൽ അതും ഒരു മാന്യത. അതുംകൊണ്ട് നടക്കുകയാണ് മന്ത്രി ഉൾപ്പെടെയുള്ളവർ. പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും പറയുകയാണ്. കെ.എസ്.ഇ.ബി. റവന്യൂ വകുപ്പിനെ പറയും, റവന്യൂ വകുപ്പു കെ.എസ്.ഇ.ബി.യെ പറയും. അങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും പറയുകയാണ്. എന്താണ് കാര്യം ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയുവാനുള്ളത്, വൈരുദ്ധ്യാത്മക ഭൗതികവാദി അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഭൗതികവാദിയാണെന്നാണല്ലോ സ്ഥിരമായിട്ട് പറഞ്ഞുകൊണ്ടിരിക്കുന്നത്. ആ ഭൗതികവാദിയായിട്ടുള്ള ശ്രീ. എ. കെ. ആന്റണിയോട് ഞാൻ ചോദിക്കുകയാണ്, ഏറ്റവും പ്രധാനപ്പെട്ട ജലവൈദ്യുത പദ്ധതി പ്രദേശത്ത് ദൈവത്തിന്റെ പേരിൽ അമ്പലം ഉണ്ടായിരുന്നത് മാറ്റി സ്ഥാപിക്കുവാൻവേണ്ടി കെ.എസ്.ഇ.ബി. തന്നെ സ്ഥലം അക്വയർ ചെയ്തുകൊടുത്തു, മറ്റ് എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിയതിനുശേഷം ഇത്രയും വർഷം കഴിഞ്ഞിട്ട് ഇപ്പോൾ ഈ പ്രധാനപ്പെട്ട പദ്ധതിയുടെ ഇടയിലെ അമ്പല നിർമ്മാണത്തെ എതിർത്തുകൊണ്ട് ഒരക്ഷരം പറയുവാൻ കേരളത്തിലെ മുഖ്യമന്ത്രി തയ്യാറായോ ? ആർ.എസ്.എസ്.-നെയും ബി.ജെ.പി.യെയും, വിശ്വഹിന്ദു പരിഷത്തിനെയും മാറാട് ഭയപ്പെടുന്നതുപോലെ എല്ലാ സ്ഥലത്തും ഭയപ്പെടുന്ന അവസ്ഥയാണ് കേരളത്തിലെ മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം ഉള്ളത് എന്ന് ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. വകുപ്പുമന്ത്രി അത് ഗൗരവപൂർവ്വം കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ലോകത്ത് മാതൃകയായി ഏറ്റവും പ്രധാനപ്പെട്ട സംരംഭങ്ങൾ ഉൾക്കൊള്ളുന്ന ഒന്നായിരുന്നു സഹകരണ മേഖലയിൽ കേരളത്തിന്റെ അവസ്ഥ. ഇപ്പോൾ കേരളത്തിലെ സ്ഥിതി എന്താണ് ? സഹകരണ വകുപ്പിലും ഇലക്ട്രിസിറ്റി വകുപ്പിലും ഉള്ളത് മന്ത്രിമാരല്ല, രണ്ടുപേരും മാനേജർമാരാണ്. മന്ത്രിമാർ എന്നു വെറുതേ പറയുകയാണ്. എ.ഡി.ബി.യുടെ നിയന്ത്രണങ്ങൾക്ക് വിധേയപ്പെട്ട് അവർ പറയുന്ന മുഴുവൻ കാര്യങ്ങളും അതുപോലെ നടപ്പിലാക്കുവാൻവേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന രണ്ട് ബഹുമാന്യരായ മന്ത്രിമാർ, രണ്ടാളേയും മന്ത്രിമാർ എന്നുപറയാതിരിക്കുവാൻ പറ്റില്ലല്ലോ, അതുകൊണ്ട് പറയുകയാണ്. അവർ ചെയ്തു കൊണ്ടിരിക്കുന്നത് പുത്തൻ സാമ്പത്തിക നയത്തിന്റെ കേരളാ പതിപ്പായ എ.ഡി.ബി.-യുടെ തീരുമാനങ്ങൾ നടപ്പാക്കുവാൻ വേണ്ടി നിന്നുകൊടുക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും തീരുമാനങ്ങൾ അങ്ങനെയാണ് വന്നുഭവിച്ചിട്ടുള്ളത് എന്ന് പ്രിയപ്പെട്ട തിരുവഞ്ചൂർ മനസ്സിലാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പുതിയ നിയമം നിർമ്മിക്കുമെന്നാണ് ശ്രീ. എം. വി. രാഘവനും യു.ഡി.എഫ്. ഗവൺമെന്റും പറഞ്ഞുകൊണ്ടിരിക്കുന്നത്. സ്വാശ്രയ മേഖലയിൽ സർവ്വതന്ത്ര സ്വതന്ത്രമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഉണ്ടാകുവാൻ പോവുകയാണ്. അതുതന്നെയാണ് പുതിയ സാമ്പത്തിക നയത്തിന്റെ രീതി. അതുവരുന്നതോടുകൂടി മന്ത്രി മിണ്ടേണ്ടി വരില്ല. ആകെ 110 കോടി രൂപയുടെ ഗവൺമെന്റ് ഷെയറാണുള്ളത്. ഇരുപതിനായിരത്തോളം സ്ഥാപനങ്ങളുണ്ട്. ആ സ്ഥാപനങ്ങളിലെ 110 കോടി രൂപയുടെ ഷെയർ തിരിച്ചുകൊടുത്താൽ ശ്രീ. എം. വി. രാഘവന്റെ പരിയാരം മെഡിക്കൽ കോളേജ് ഉൾപ്പെടെ മുഴുവനും സ്വന്തമായി നടത്താൻ കഴിയും. അതാണ് വകുപ്പുമന്ത്രിയുടെ ലക്ഷ്യം. അതുവച്ചുകൊണ്ടാണ് കാര്യങ്ങൾ മുന്നോട്ടു നീക്കുന്നത്. വളരെ വ്യക്തതയോടെ ചൂണ്ടിക്കാണിക്കുവാനുള്ളത്, കേരളത്തിലെ സഹകരണ വകുപ്പ് അതിന്റെ അന്ത്യകൂദാശ നടത്തിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. രണ്ടുപേർ കൂടെ പുറപ്പെട്ടിട്ടുണ്ട്. ഒന്ന്, ശ്രീ. കെ.സി. ജോസഫ്, അദ്ദേഹം എന്റെ സുഹൃത്താണ്. മറ്റൊരാൾ, നമുക്കെല്ലാപേർക്കും അറിയാവുന്ന ശ്രീ. പ്രയാർ ഗോപാലകൃഷ്ണനാണ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാളും വകുപ്പുമന്ത്രിയെ മുമ്പിൽ നിർത്തിയിട്ട് തരക്കേടില്ല എന്ന് ആദ്യം പറയുകയും എന്നിട്ട് രണ്ടുപേരും ശക്തമായി വിമർശിക്കുകയും ആണ് ചെയ്യുന്നത്. എന്താണ് പറഞ്ഞത്? ഒൺ ടൈം സെറ്റിൽമെന്റ് ഒരു കാര്യവും ഗുണം ചെയ്തില്ല എന്ന് ശ്രീ. കെ.സി. ജോസഫ് പറഞ്ഞു. അതുപോലെ കാർഷിക മേഖലയിൽ കടാശ്വാസ പദ്ധതികൊണ്ട് യാതൊരു ഗുണവും കൃഷിക്കാർക്ക് ഉണ്ടായില്ല എന്ന് മന്ത്രിയുടെ മുഖത്തുനോക്കി പറയുന്ന നിലയുണ്ടായി. കൂടെ പറയുമ്പോൾ കുഴപ്പമില്ലെന്ന് പറയുകയും കാര്യങ്ങൾ ഒന്നും നടന്നില്ലെന്ന് പച്ചയായി പറയുകയും ചെയ്യുന്ന നിലയാണ് ഉണ്ടായിട്ടുള്ളത്. സഹകരണ മേഖലയിൽ വന്നിച്ച രീതിയിലുള്ള ജനാധിപത്യം നടപ്പാക്കി എന്നാണ് പറഞ്ഞത്. കണ്ണൂർ ജില്ലാ ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കുകളിൽ 35 കൊല്ലം മുൻപ് ലിക്വിഡേറ്റ് ചെയ്ത സംഘങ്ങൾ പുനർ ജീവിച്ചിരിക്കുന്നു. ശ്രീ. എം.വി. രാഘവന്റെ കാലത്ത് പുതിയ ഒരു അനുഭവം, കിണറിൽ താണുപോകുന്നതുപോലെ എല്ലാം തന്നെ താണുപോയിട്ട് ചിലത് പൊങ്ങിവരുകയാണ്. അങ്ങനെ 35 കൊല്ലം മുമ്പ് ലിക്വിഡേറ്റ് ചെയ്ത സ്ഥാപനങ്ങൾ ഒക്കെ വീണ്ടും തിരിച്ചുവന്നിരിക്കുന്നു. പിന്നെ, തെരഞ്ഞെടുപ്പ് നടക്കുന്നതിന്റെ തലേ ദിവസം സ്കോഡ് പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ സംഘങ്ങളെ പിരിച്ചുവിടുക, എന്നിട്ട് അഡ്മിനിസ്ട്രേറ്ററെ കൊണ്ടുവരുക. ഇപ്പോൾ കോടതിയിൽ പോയി. കോടതി പറയുന്നത്, ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ പരാമർശിക്കുന്നതുപോലെയാണ്. കോടതി പറഞ്ഞു മൂന്നും മൂന്നായിട്ട് വോട്ടുചെയ്യണമെന്ന്. അങ്ങനെ മൂന്നു പെട്ടിവച്ച് വോട്ടുചെയ്തു. യഥാർത്ഥത്തിൽ വോട്ടുചെയ്ത പെട്ടിയിലെ വോട്ട് എണ്ണിയപ്പോൾ ഞങ്ങൾ ജയിച്ചു. എന്നിട്ട് ഉളുപ്പില്ലാതെ അവിടെ കോൺഗ്രസ്സും സി.എം.പി.യും പ്രസിഡന്റായിട്ട് ഇരിക്കുകയാണ്. ഞാൻ വേറൊന്നും പറയുന്നില്ല. അതിനപ്പുറം പുറഞ്ഞാൽ മോശമായിപോകും. അതുകൊണ്ട് ഞാൻ പറയുന്നില്ല. നിങ്ങൾക്ക് എന്ത് ധാർമ്മിക അവകാശമാണുള്ളത് ?

സർ, അതുപോലെ അഡ്മിനിസ്ട്രേറ്റർമാരുടെ വോട്ടും എണ്ണി. കൂടാതെ യഥാർത്ഥ വോട്ടും എണ്ണി. യഥാർത്ഥ വോട്ട് മാത്രമാണ് എണ്ണിയിരുന്നതെങ്കിൽ ഒന്നൊഴിയാതെ മുഴുവൻ സീറ്റും ഇടതുപക്ഷജനാധിപത്യ മുന്നണിയാണ് കണ്ണൂരിൽ ജയിച്ചിട്ടുള്ളത്, പാലക്കാട് ജയിച്ചിട്ടുള്ളത്, നിരവധിയായ ജില്ലാ ബാങ്കുകളിൽ ജയിച്ചിട്ടുള്ളത് എന്നു കാണാമായിരുന്നു. ജില്ലാ ബാങ്കുകൾ പിടിച്ചെടുത്ത് നേതൃത്വം കൊടുത്ത മഹാനായ നേതാവിനെപ്പറ്റിയാണ് ഇവിടെ ജനാധിപത്യം പുനഃസ്ഥാപിക്കാൻവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്തിരിക്കുന്നു എന്നുപറയുന്നത്. മറ്റൊന്ന് പറയാനുള്ളത്, ലോൺ ഏറ്റെടുക്കുന്നതിനെ പറ്റിയാണ്. ലോൺ ഏറ്റെടുക്കൽ മേളയാണ്, സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രധാനപ്പെട്ട ഒരു പരിപാടിയായി വന്നിരിക്കുകയാണ്. ഒരൊറ്റ ഉദാഹരണം പറയാം. കണ്ണൂർ ജില്ലയിലെ ഒരു ഫ്ളവർ മില്ലുടമയുടെ ആറു കോടിയോളം രൂപ വരുന്ന കടം ലേലത്തിൽ വയ്ക്കാനുള്ള, ജപ്തി ചെയ്യുമെന്നുള്ള അവസ്ഥ വന്നു. നെടുങ്ങാടി ബാങ്കിൽ നിന്നാണ് കടം വാങ്ങിയത്. 6 കോടി രൂപ കൊടുക്കാതെയായപ്പോൾ സംസ്ഥാന സഹകരണബാങ്കുമായി ബന്ധപ്പെട്ട ചിലർ വന്ന് ലോൺ ഏറ്റെടുക്കൽ മേള നടത്തി. 4 കോടി രൂപ ബാങ്കിൽ അടച്ചിട്ടുണ്ട്. 2 കോടി രൂപ എവിടെപ്പോയി എന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ അന്വേഷിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുപിടിക്കുമെന്ന് ഞാൻപ്രതീക്ഷിക്കുകയാണ്. കാസർകോട് സഹകരണബാങ്ക് ഉൾപ്പെടെയുള്ള ബാങ്കുകളിൽ അഴിമതി നടത്തി എന്നുള്ളത് പകൽവെളിച്ചം പോലെ മനസ്സിലാക്കി, കോൺഗ്രസ്സിന്റെ ഉന്നതരായ നേതാക്കൻമാരുൾപ്പെടെ, സി.എം.പി.-യുടെ നേതാക്കന്മാരുൾപ്പെടെയുള്ളവർ അഴിമതിക്കേസിൽ പ്രതികളാണെന്ന പ്രശ്നം വന്നപ്പോൾ എൽ.ഡി.എഫ്. അധികാരത്തിൽ വരുന്നതിനു മുമ്പ് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആൻറണി സംസ്ഥാന സഹകരണ ബാങ്കിന്റെ നിയമനങ്ങളെല്ലാം പി.എസ്.സി-ക്ക് വിട്ടതാണ്. ഇപ്പോൾ എന്താണ് സ്ഥിതി ? അന്ന് പി.എസ്.സി.-ക്ക് വിട്ട നിരവധി സീറ്റുകളിലേക്ക് ഇപ്പോൾ നിയമനം നടത്തിത്തുടങ്ങിയിരിക്കുന്നു എന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കുകയാണ്. അതിന് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റേയും രജിസ്ട്രാറുടേയും സംസ്ഥാന സഹകരണബാങ്കിന്റെ ഡയറക്ടർ ബോർഡിന്റെ ചാർജ്ജായി പ്രവർത്തിക്കുന്നവരും ഒത്താശ ചെയ്തുകൊടുത്തുകൊണ്ട് അവിടെ സ്വകാര്യനിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. നിയമനം നടത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതിന് വ്യക്തമായ തെളിവുകളുണ്ട്. ആ തെളിവുകളെ അടിസ്ഥാനപ്പെടുത്തി മാതൃഭൂമി പത്രത്തിൽത്തന്നെ ഒരു പരസ്യം വന്നിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിൽ ആളിനെ ആവശ്യമുണ്ട് എന്നാണ് പരസ്യം. സംസ്ഥാന സഹകരണബാങ്കിൽ ആളിനെ ആവശ്യമുണ്ടെങ്കിൽ ആവശ്യമുണ്ടെന്ന് സംസ്ഥാനസഹകരണബാങ്കിനു തന്നെ പറയാമല്ലോ, പേരു പറയാതെ സംസ്ഥാനത്തെ ഒരു ഷെഡ്യൂൾഡ് ബാങ്ക് എന്നു പറഞ്ഞുകൊണ്ട് വാച്ച്മാൻ ഉൾപ്പെടെ നിരവധി പോസ്റ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. ഇങ്ങനെ ഒരപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചപ്പോൾ എഴുതിത്തന്ന ഉത്തരത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട് ക്ഷണിച്ചിട്ടുണ്ട് എന്ന്. എന്നു പറഞ്ഞാൽ ഇവിടെ ലക്ഷക്കണക്കിന് രൂപ വാങ്ങി നിയമനം നടത്താൻ സാധിക്കുന്ന ഒരു ഭൗതികപശ്ചാത്തലം സൃഷ്ടിക്കാൻ മുമ്പത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ പാടില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചിരിക്കുന്ന കാര്യം കാറ്റിൽപ്പറത്തിക്കൊണ്ട് ഇപ്പോൾ നിയമനം നടന്നുകൊണ്ടിരിക്കുകയാണ്. 10/15 ആളുകളെയെങ്കിലും ഇതിന്റെ ഭാഗമായി നിയമിച്ചിട്ടുണ്ട്. അതിനുശേഷം ഗസറ്റിൽ 846-ാം നമ്പരായി മേയ് മാസം 21-ാം തീയതി എഴുതിത്തന്നാൽ ഞാൻ അന്വേഷിക്കാമെന്ന് മന്ത്രി സഭയിൽ പറഞ്ഞശേഷം റൂളിൽ മാറ്റം വരുത്താൻ വേണ്ടി ഗസറ്റിൽ വ്യക്തമായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. ഇതെല്ലാം ഒത്തുകളിയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഡിപ്പാർട്ടുമെന്റിലെ ആളുകളെ നിയമിക്കുന്നതിന്റെ ഭാഗമായി വളരെ പ്രധാനപ്പെട്ട ഒരു പോസ്റ്റിൽ ആളുകളെ നിയമിച്ചിട്ടുള്ളത്, ഒന്നുകിൽ ഡിപ്പാർട്ടുമെന്റിൽ നിന്ന് മാറ്റി നിയമിക്കാം. 3 കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി തന്ന ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെ കിട്ടുന്നില്ലായെങ്കിൽ നേരിട്ട് നിയമിക്കാമെന്നാണ്. ഡിപ്പാർട്ടുമെന്റിന് നേരിട്ട് എങ്ങനെ നിയമിക്കാൻ കഴിയും ? ഒന്നുകിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കണം, അല്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം. ഇതിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുമില്ല, ഇഷ്ടംപോലെ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ നേരിട്ട് നിയമിക്കാവുന്ന ഒരവസ്ഥ വന്നിരിക്കുന്നു. ഇങ്ങനെ നേരിട്ടുള്ള നിയമനം ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ ? ഇങ്ങനെ നേരിട്ട് നിയമിക്കാൻ എവിടെയെങ്കിലും അവകാശം ഉണ്ടോ ? ഭരണഘടനാപരമായിട്ടല്ല നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ഡിപ്പാർട്ടുമെന്റുകളിലേക്ക് ഒന്നുകിൽ പി.എസ്.സി. മുഖേന അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അതുമല്ലെങ്കിൽ പത്രത്തിൽ പരസ്യം കൊടുത്ത് താൽക്കാലികമായി ആളിനെ നിയമിക്കണം. ഇതൊന്നുമല്ലാതെ അവർക്ക് തോന്നുന്ന ആളുകളെ നിയമിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ വന്നിട്ടുണ്ട്. മറ്റൊരു കാര്യം പറയാനുള്ളത്, എച്ച്. ഡി. എഫ്. സി. എന്നത് സ്വകാര്യ ബാങ്കാണ്. ആ സ്വകാര്യ ബാങ്കിൽ എല്ലാവരും അക്കൗണ്ട് ആരംഭിക്കണമെന്ന് പരസ്യമായി ജോയിന്റ് രജിസ്ട്രാർ ഉത്തരവ് കൊടുത്തിരിക്കുകയാണ്. സഹകരണമേഖല സ്വരൂപിക്കുന്ന കോടിക്കണക്കിന് രൂപ ഇൻഡ്യയിലെ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കണമെന്ന് പരസ്യമായി തീരുമാനിച്ച് അതിന്റെ യോഗം എറണാകുളത്ത് നടന്നുകഴിഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള അവസ്ഥയാണ് കേരളത്തിലുള്ളത്. ബോംബെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന എച്ച്.ഡി.എഫ്.സി. എന്ന സ്വകാര്യമേഖലയ്ക്ക് നിക്ഷേപം കൊടുക്കണമെന്നും അക്കൗണ്ട് ആരംഭിക്കണമെന്നും പറഞ്ഞ് ഒരു സർക്കുലർ കൊടുത്തിട്ടുണ്ട്. സർക്കുലറിന്റെ കോപ്പി ഇവിടെയുണ്ട്. അതെല്ലാം വച്ച് ഗൗരവപൂർവ്വം ആലോചിച്ചില്ലെങ്കിൽ സഹകരണമേഖല മുഴുവൻ തകരാൻ പോകുകയാണ്.

മി. സ്പീക്കർ : Please,.. time is over.....

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, മദ്യത്തിന്റെ കാര്യത്തിൽ, കൺസ്യൂമർ ഫെഡുമായി ബന്ധപ്പെട്ട് 5 വർഷം കൊണ്ട് 16.1 കോടി രൂപ നഷ്ടത്തിലാണെന്നാണ് ഗവൺമെന്റിന്റെ കണക്ക്. മദ്യം തൊട്ട ആരെങ്കിലും നഷ്ടത്തിലാകാറുണ്ടോ സാർ. എന്നാൽ കൺസ്യൂമർ ഫെഡ് മാത്രം നഷ്ടത്തിലായതിന്റെ അടിസ്ഥാനം എന്താണെന്നുള്ളത് ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്. 10 കോടി രൂപ സഹകരണ അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടി അനുവദിച്ചു. എറണാകുളത്തും വടകരയിലുമുള്ള കോളേജുകൾ പണമില്ലാതെ പ്രവർത്തിക്കാൻ സാധിക്കാതിരിക്കുമ്പോൾ 10 കോടി രൂപ അതിൽ നിന്നെടുത്ത് പരിയാരം മെഡിക്കൽകോളേജിനു കൊടുത്തു. എന്താണ് സാർ ഇത് ?

മി. സ്പീക്കർ : പ്ലീസ്.....

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ : എന്തു ന്യായമാണ് പറയുന്നത്. ഈ രണ്ടു ധനാഭ്യർത്ഥനകളേയും ശക്തിയായി എതിർക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, എനിക്ക് രണ്ടു-മൂന്നു കാര്യങ്ങൾ തുറമുഖത്തെ സംബന്ധിച്ചാണ് പറയാനുള്ളത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമാണ് വിഴിഞ്ഞം തുറമുഖം. വിഴിഞ്ഞം തുറമുഖത്തിനായി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്തുണ്ടാക്കിയിട്ടുള്ള പ്രോജക്ട് പിന്നീട് 5 കൊല്ലം നടന്നില്ല. ഇപ്പോൾ വീണ്ടും തുടങ്ങിയിരിക്കുകയാണ്. 2003 ആഗസ്റ്റ് മാസത്തിൽ അതിന്റെ ടെണ്ടർ വിളിക്കാൻ കഴിയുമെന്നാണ് ഇപ്പോൾ കരുതുന്നത്. എൽ.ആന്റ്. ടി. റാമ്പോൾ എന്ന സ്ഥാപനമാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കുന്നത്. വിഴിഞ്ഞം തുറമുഖവികസനത്തിനായി ആദ്യം അടിമലത്തുറയാണ് സ്ഥലം കണ്ടെത്തിയത്. അപ്പോൾ അടിമലത്തുറയിൽ പല പ്രശ്നങ്ങളും ഉണ്ടായി. ഒഴിപ്പിക്കൽ പോലെയുള്ള പ്രശ്നങ്ങളാണ്. മാത്രമല്ല, ചില സാങ്കേതിക പ്രശ്നങ്ങൾ കൂടി കണക്കിലെടുത്ത് വിഴിഞ്ഞത്ത് ഇപ്പോഴുള്ള ഫിഷിംഗ് ഹാർബറിന്റെ തെക്കുഭാഗത്ത് ഏകദേശം രണ്ടര മുതൽ മൂന്നു കിലോമീറ്റർ വരെയുള്ള ദേശം ഉൾപ്പെടുത്തി തുറമുഖം വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് മറ്റു കുഴപ്പങ്ങൾ നിന്നു. ഫിഷിംഗ് ഹാർബറിന്റെ തെക്കുഭാഗത്ത് രണ്ടര-മൂന്നു കിലോമീറ്റർ ദീർഘമേറിയ കടലോരമാണ് . ഒഴിപ്പിക്കലിന്റെ പ്രശ്നം വരികയില്ല. അവിടെയാണ് ഇപ്പോൾ സ്ഥലം നിശ്ചയിച്ചിട്ടുള്ളത്. 2500 കോടി രൂപയുടെ പദ്ധതിയാണ്. ഇത് കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന ഒരു തുറമുഖമാണ്. ഇന്റർനാഷണൽ കപ്പൽ റൂട്ടാണ് വിഴിഞ്ഞം. സിംഗപ്പൂർ-കൊളംബോ വഴിയാണ് ഇപ്പോൾ നമ്മുടെ കണ്ടെയ്നർ ടെർമിനൽ മുഴുവൻ കൈകാര്യം ചെയ്യുന്നത്. നമ്മുടെ തുറമുഖം വരികയാണെങ്കിൽ തീർച്ചയായിട്ടും വികസന സാധ്യതയുണ്ട്. ഇൻഡ്യയിലെ ഒരു തുറമുഖത്തിനുമില്ലാത്ത 24 അടി ആഴമുള്ള ഒരു തുറമുഖമായിട്ട് വരും. ഒരു ഡ്രെഡ്ജിംഗുമില്ലാതെ 24 അടി ആഴമുള്ള ഒരു തുറമുഖമാണിത്. ഇത് കേരളത്തിന്റെ വികസനത്തിന് ആവശ്യമാണ്. ഇത് ഇൻഡ്യയുടെ ഒരു കവാടമായി മാറും. അതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുകയാണ്. ബേപ്പൂർ തുറമുഖത്തെപ്പറ്റി ഇവിടെ പറഞ്ഞു. ജിം-ന്റെ സമയത്ത് പാരിസൺ ഗ്രൂപ്പ് ഇതിനായുള്ള എം.ഒ.യു. ഒപ്പിട്ടു. 305 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന വികസന പദ്ധതിയാണ്. അതും നടപ്പിൽ വരുത്തും. മറ്റൊന്ന്, കോസ്റ്റ് ഗാർഡിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. അതിന് സ്ഥലം കണ്ടെത്താനായി ഗവൺമെന്റ് ശ്രമിക്കുകയാണ്. കോസ്റ്റ് ഗാർഡ് വേണമെന്നുള്ളത് ഒരാവശ്യമാണ്. ഏതായാലും അക്കാര്യത്തിൽ ഒരു തർക്കത്തിനില്ല. ആലപ്പുഴയാണ് മറ്റൊന്ന്. ആലപ്പുഴ ഒരു ടൂറിസ്റ്റ് തുറമുഖമാക്കി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞു. 2003 ജൂലായിൽ ഇതിന്റെ നിക്ഷേപകരെ കണ്ടെത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 250 കോടി രൂപ മതിപ്പു ചെലവാണ്. അഴീക്കൽ തുറമുഖത്തിന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. അവിടെ പണ്ട് നിർത്തിവച്ചിരുന്ന പുലിമുട്ടു നിർമ്മാണം ഇപ്പോൾ പുനരാരംഭിച്ചു. ഐ.സി.ഐ.സി.ഐ., കിൻഫ്ര, ഹോവേ ഇൻഡ്യാ കൺസൾട്ടൻസി എന്നിവരുടെ റിപ്പോർട്ട് ഏതാണ്ട് ആയിക്കഴിഞ്ഞു. 1750 കോടി രൂപയുടെ മുതൽമുടക്കാണ്. ആദ്യഘട്ടം 350 കോടി രൂപ ചെലവു വരും. ഈ നാലു തുറമുഖങ്ങളും കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖങ്ങളാണ്. മൂന്നു തുറമുഖങ്ങൾ കൂടി വികസിപ്പിക്കാൻ ആലോചിക്കുകയാണ്. പൊന്നാനി, മുനമ്പം, തങ്കശ്ശേരി എന്നിവയാണവ. അങ്ങനെ 7 തുറമുഖങ്ങളുടെ വികസനമാണ്. അതിൽ പൊന്നാനി, മുനമ്പം, തങ്കശ്ശേരി എന്നിവയിൽ ഫിഷറീസ് ഹാർബർ ഉപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ബെർത്ത് കെട്ടി ചരക്കിറക്കാനാണ്. ഫിഷറീസ് ഹാർബർ ഡ്രെഡ്ജ് ചെയ്യുന്നതിന് കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ 40 കോടി രൂപ വില വരുന്ന ജാപ്പനീസ് നിർമ്മിതമായ ഒരു ഡ്രെഡ്ജർ (മണ്ണുമാന്തി കപ്പൽ) താൽക്കാലികമായി മാസത്തിൽ ആയിരം രൂപ വച്ച് വാടകയ്ക്ക് നമ്മളെ ഏൽപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഡ്രെഡ്ജിംഗ് നന്നായി നടത്താൻ സാധിക്കും.

സഹകരണരംഗം മുഴുവൻ തകർത്തു എന്നാണ് ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത്. സഹകരണ രംഗത്തെ സംബന്ധിച്ച് പറഞ്ഞാൽ ജനങ്ങൾക്ക് ആശ്വാസം ചെയ്യുന്ന പദ്ധതികളാണ് നടപ്പിൽ വരുത്തുന്നത്. വൺ ടൈം സെറ്റിൽമെന്റ് പദ്ധതി വഴി 654 കോടി രൂപ ഓവർ ഡ്യൂസ് പിരിച്ചെടുത്തു. ഡോക്കുമെന്റ് റേറ്റോ ഇപ്പോഴത്തെ റേറ്റോ ഏതാണ് പലിശ കുറവ് എന്നുള്ളതു നോക്കി അതു കൊടുത്താൽ മതി. പിഴപ്പലിശയില്ല. 7 മുതൽ 11, 12% വരെ പലിശ കുറച്ചുകൊടുത്തു. അങ്ങനെ കുറച്ചുകൊടുത്തതുകൊണ്ട് ഏതാണ്ട് 3,34,942 പേർക്ക് ഇതിന്റെ ഗുണം കിട്ടിയിട്ടുണ്ട്. കാർഷിക കടാശ്വാസത്തിന്റെ ഫലമായി 14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗഹാൻ പദ്ധതി നടപ്പിൽ വരുത്താൻ നടപടി എടുക്കുകയാണ്. അതു സംബന്ധിച്ച ബിൽ ഇവിടെയിരിക്കുകയാണ്. നേരത്തേ അവതരിപ്പിക്കാൻ പറ്റാത്തത് രണ്ട് അസംബ്ളി നേരത്തേ പിരിഞ്ഞതുകൊണ്ടാണ്. അത് എല്ലാവരും അംഗീകരിക്കുന്ന ബിൽ ആണ്. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞതുപോലെ ഗഹാൻ പദ്ധതി നടപ്പിൽ വന്നാൽ രജിസ്ട്രേഷൻ ചാർജ് ഒഴിവാകും. ഷെയർ പാർട്ടിസിപ്പേഷൻ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ഷെയർ പാർട്ടിസിപ്പേഷൻ 5% എന്നുള്ളത് ഒരു ശതമാനമാക്കികുറച്ചു. നിങ്ങൾ വിപ്ലവകാരികൾ അധികാരത്തിൽ വന്നപ്പോൾ അത് വീണ്ടും 5% ആക്കി. ഇപ്പോൾ വീണ്ടും ഞങ്ങളത് ഒരു ശതമാനമാക്കി. കൃഷിക്കാരെ ചൂഷണം ചെയ്യാനല്ല ഇത്. ബന്ധുക്കൾക്ക് ജോലി കൊടുക്കാനുമല്ല, ഇത് കൃഷിക്കാരെ രക്ഷിക്കാൻ വേണ്ടിയാണ്. ഷെയർ പാർട്ടിസിപ്പേഷൻ ഒരു ശതമാനമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇനിയുള്ള ഭാരം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം രജിസ്ട്രേഷൻ ഫീസാണ്. ആ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നതിനു വേണ്ടിയാണ് നിയമം കൊണ്ടുവന്നത്. അങ്ങനെ വന്നാൽ കൃഷിക്കാർക്ക് ഏറെ ആശ്വാസം കിട്ടും. അതുപോലെ കൃത്യമായി ലോൺ തിരിച്ചടയ്ക്കുന്നവർക്ക് ഒരു ശതമാനം പലിശയിളവ് പ്രഖ്യാപിച്ചിട്ടുണ്ട്. കൃത്യമായി അടയ്ക്കുന്നവർക്ക് ഒന്നും കിട്ടുന്നില്ലെന്നുള്ള ആക്ഷേപമുണ്ട്. കൃത്യമായി ലോൺ അടയ്ക്കുന്നവർക്ക് ഒരു ഗ്രീൻ കാർഡ് കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. എയർപോർട്ടിലെല്ലാം മാന്യൻമാർ വന്നാൽ ഗ്രീൻ ചാനലുള്ളതുപോലെ കൃത്യമായി അടയ്ക്കുന്നവർക്ക് ഗ്രീൻ കാർഡ് കിട്ടിയാൽ എപ്പോഴും അവർക്ക് ലോൺ കൊടുക്കും. അങ്ങനെയുള്ള കാര്യങ്ങൾ അവർക്കുവേണ്ടി ചെയ്യുന്നുണ്ട്. ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പ് ജനാധിപത്യപരമായി നടത്തിയെന്നു വരുമ്പോൾ വിറളി പിടിച്ചിട്ട് കാര്യമില്ല. ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിൽ 12,000-ൽപ്പരം സംഘങ്ങളുള്ളതിൽ 1628 ആൾ വോട്ടുചെയ്താൽ മതി, ബാക്കിയൊന്നും 'എ' ക്ളാസ് അല്ലെന്നു പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

തള്ളി. അത് തെറ്റാണെന്ന് അന്നുതന്നെ പ്രതിപക്ഷം ചൂണ്ടിക്കാണിച്ചതാണ്, അല്ലെങ്കിൽ യു.ഡി.എഫ്. ചൂണ്ടിക്കാണിച്ചതാണ്. ഞങ്ങളിപ്പോൾ പൂർണ്ണ ജനാധിപത്യമാക്കി മുഴുവൻ ആളുകൾക്കും കൊടുത്തു, അന്ന് വോട്ടർമാരായിരുന്ന മുഴുവൻ ആളുകൾക്കും, അല്ലാതെ പുതിയ സംഘങ്ങൾക്കല്ല. നിങ്ങൾ എന്താണ് ചെയ്തത് ? ഒരു കൊല്ലംകൊണ്ട് റിവൈവ് ചെയ്യണമെന്നു പറഞ്ഞിട്ട് നിങ്ങൾ ആ സംഘങ്ങളെ മുഴുവൻ തകർക്കാൻ ശ്രമിച്ചു. ഞങ്ങൾ 35 കൊല്ലത്തേക്ക് ഒന്നും വച്ചിട്ടില്ല, 6 കൊല്ലത്തേതേ വച്ചിട്ടുള്ളൂ. മുമ്പ് 6 കൊല്ലവുമില്ല, എപ്പോഴും റിവൈവ് ചെയ്യാമായിരുന്നു. അപ്പോൾ നിങ്ങൾ പ്രതിപക്ഷത്തിന്റെ സംഘങ്ങൾക്ക് വോട്ടധികാരം കൊടുക്കത്തില്ല, അവർക്ക് 'എ' ക്ലാസ് മെമ്പർഷിപ്പ് കൊടുക്കത്തില്ല. അതാണ് നിങ്ങൾ ചെയ്ത പണി. നിങ്ങൾ ചെയ്യുന്നതല്ല ജനാധിപത്യം. 12,000 സൊസൈറ്റി മെമ്പർമാരിൽ നിങ്ങൾക്ക് ഭൂരിപക്ഷമുള്ള 1600 ആളുകൾ വോട്ടുചെയ്താൽ മതി എന്നുപറഞ്ഞാൽ അത് നിങ്ങൾക്ക് ജനാധിപത്യം. ആ ജനാധിപത്യമൊന്നും ഇനി എല്ലാക്കാലത്തും നടക്കുകയില്ല, അത്രയേ പറയുന്നുള്ളൂ. ഞാൻ അതിനെപ്പറ്റിയൊന്നും കൂടുതൽ പറയുന്നില്ല. ആലപ്പുഴ ജില്ലാ ബാങ്കിനെപ്പറ്റി ശ്രീ. കെ. കെ. ഷാജു ഇവിടെ പറഞ്ഞല്ലോ. അവിടെ പി. എസ്. സി. നിയമനം മറികടന്നു എന്നാണ് പറയുന്നത്. നിയമനം പി.എസ്.സി.ക്കു വിട്ടുകൊടുത്തിട്ട് പി.എസ്.സി.യെ മറികടന്ന് 22 പേരെ ആലപ്പുഴ ജില്ലാ ബാങ്കിൽ നിശ്ചയിച്ചത് ഞങ്ങളല്ല, ശ്രീ. കെ.കെ. ഷാജു പറഞ്ഞതുപോലെ നിങ്ങളാണ്.....(ബഹളം).....ബഹളം കൂട്ടിയിട്ടൊന്നും കാര്യമില്ല, നിയമസഭയിൽ എന്റെ കൈയിൽ റിക്കോർഡുണ്ട്. നിയമനം പി.എസ്.സി.ക്കു വിടുന്നതിനുമുമ്പ് നടത്തിയ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി.ക്ക് വിട്ടശേഷമുള്ള നിയമനമാണ് ആലപ്പുഴയിൽ നടന്നത്. അതുകൊണ്ട് നിങ്ങൾ പി.എസ്.സി.യെപ്പറ്റി വെറുതെ വർത്തമാനമൊന്നും പറയണ്ട. അതുപോലെ പരിയാരം മെഡിക്കൽ കോളേജ് നിങ്ങളുടെ ഗവൺമെന്റ് ഏറ്റെടുത്തിട്ട് സി.ആൻഡ് എ.ജി. റിപ്പോർട്ടിൽ എന്താണ് പറഞ്ഞതെന്നറിയാമോ ? സി.ആൻഡ് എ.ജി. റിപ്പോർട്ട് ഇവിടെയുണ്ട്, ഞാൻ വായിക്കുന്നില്ല. അതിൽ പറഞ്ഞത് ആ മെഡിക്കൽ കോളേജ് 148 കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടാക്കി എന്നാണ്. അവിടെ കുറെ ഡോക്ടർമാരും യൂണിയനും പണിമുടക്കി. ഒരൊറ്റ രോഗി അവിടെ വരുന്നില്ല. അവിടെ 6 കൊല്ലം പഠിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റു കൊടുക്കാൻ നാണംകെട്ട പഴയ ഗവൺമെന്റിന് കഴിഞ്ഞോ ? ആ കുട്ടികൾ തെരുവാധാരമാവുകയാണ്. അഞ്ചു കൊല്ലം പഠിപ്പും ഒരു കൊല്ലം ഹൗസ് സർജൻസിയും കഴിഞ്ഞ മെഡിക്കൽ സ്റ്റുഡന്റ്സിന് ആന്റണി ഗവൺമെന്റ് വന്നിട്ടാണ് അംഗീകാരം വാങ്ങിക്കൊടുത്തത്. എൽ.ആന്റ് ടി. പോലുള്ള സ്ഥാപനത്തിലെ കരാറുകാരന് പന്ത്രണ്ടര ശതമാനം റേറ്റ് കൂട്ടിക്കൊടുത്തു. അതിപ്പോൾ വിജിലൻസിനു വിട്ടിരിക്കുകയാണ്. അതാണ് സി.ആന്റ് എ.ജി. പറഞ്ഞത്. പരിയാരം മെഡിക്കൽ കോളേജ് ഇപ്പോൾ ഒരു മെഡിക്കൽ കോളേജായി. ആ മെഡിക്കൽ കോളേജിൽ ഇപ്പോൾ നേഴ്സിംഗ് കോളേജും പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷനും അതുപോലെ ബി.ഫാം

LIBRARY ARCHIVES Kerala Legislative Assembly

ഒക്കെയുണ്ട്. ഡെന്റൽ കോളേജ് തുടങ്ങാൻ പോവുകയാണ്. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട മെഡിക്കൽ കോളേജായി പരിയാരം മെഡിക്കൽ കോളേജിനെ ഉയർത്തിക്കൊണ്ടുവരും. 16 കോടി രൂപ കടമെടുത്തിട്ടാണെങ്കിലും അവിടെ ഹൃദയ ശസ്ത്രക്രിയ നടത്തും. നിങ്ങളെപ്പോലെ പന്ത്രണ്ടര ശതമാനം എൽ. ആന്റ് ടി.ക്ക് കൂട്ടിക്കൊടുത്തിട്ട് നക്കാപ്പിച്ച വാങ്ങിയോ എന്നെനിക്കറിയില്ല. ഇങ്ങോട്ട് ആരോപണം പറഞ്ഞാൽ അങ്ങോട്ടും പറയും. നക്കാപ്പിച്ച കിട്ടാതെ പിന്നെ എന്തിനാണ് എൽ.ആന്റ് ടി.ക്ക് പന്ത്രണ്ടര ശതമാനം കൂട്ടിക്കൊടുത്തത് ? നിങ്ങൾ കൂട്ടിക്കൊടുത്ത കരാർ ഞങ്ങൾ റദ്ദുചെയ്തു. ഇതൊന്നും പറയാൻ എനിക്ക് സമയമില്ല. അതുപോലെതന്നെ ഒരു വനിതാഫെഡ് ഇവിടെ നമ്മൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 14 കോടി രൂപ എൻ.സി.ഡി.സി.യോട് ചോദിച്ചിട്ടുണ്ട്. ഒരു കോടിയിൽപ്പരം രൂപ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അതുപോലെ വൺടൈം സെറ്റിൽമെന്റ് വീണ്ടും തുടങ്ങുകയാണ്. ഡിസ്ട്രിക്ട് ബാങ്കിലും സ്റ്റേറ്റ് ബാങ്കിലും 1997-നുശേഷം ഓവർഡ്യൂ ആയിട്ടുള്ളതിന് 2000 വരെ 12% പലിശ കൊടുത്താൽ മതി. 2000-ത്തിനുശേഷം മുഴുവൻ അടയ്ക്കുകയാണെങ്കിൽ ഒരു പലിശയും കൊടുക്കണ്ട. മുഴുവൻ ഒറ്റഗഡുവായി അടച്ചു തീർക്കുമെങ്കിൽ മൂന്നുകൊല്ലത്തെ പലിശയും വിട്ടുകൊടുക്കാൻ ഈ വൺടൈം സെറ്റിൽമെന്റിൽ വ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ അത് നടക്കുകയാണ്. ഇനി ഗഡുക്കളായിട്ട് അടയ്ക്കുകയാണെങ്കിൽ 12% കൊടുത്താൽ മതി. ഈ രാജ്യത്തെ കൃഷിക്കാരേയും കടക്കെണിയിൽപ്പെട്ടവരേയും രക്ഷിക്കാൻവേണ്ടി ഈ ഗവൺമെന്റല്ലാതെ, 5 കൊല്ലം ഭരിച്ചിട്ട് സഹകരണ സംഘത്തിൽ സെറ്റിൽമെന്റിനെപ്പറ്റി ഇവർ കേട്ടത് ഇപ്പോഴല്ലേ ? അതുകൊണ്ട് വെറുതെ വാചകമടിച്ചിട്ട് കാര്യമില്ല. പ്രൈമറി ബാങ്കിൽ ഞങ്ങളിപ്പോൾ 12% വീണ്ടും പ്രഖ്യാപിച്ചു. ഡോക്യുമെന്റ് റേറ്റ് എത്രയായാലും ശരി 12% മാത്രം കൊടുത്ത് ഗഡുക്കളായി അടച്ചുതീർക്കാൻ വേണ്ടി പ്രഖ്യാപിച്ചു. അത് കോ-ഓപ്പറേറ്റീവ് മേഖലയുടെ പുനരുദ്ധാരണമാണ്. അതിലൊക്കെ വിറളി പിടിച്ചിട്ട് കാര്യമില്ല എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. അതുപോലെതന്നെ ഒരു എൻ.ആർ.ഐ. ബാങ്ക് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന് റിസർവ്വ് ബാങ്കിന്റെ അനുവാദം ചോദിച്ചിട്ടുണ്ട്. പ്രവാസികളുടെ യോഗത്തിൽ ഉന്നയിച്ചിട്ടുള്ള ഒരു സജഷനാണത്. അതുപോലെതന്നെ ഒരു പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.ടി. ഏറ്റെടുക്കുന്നതിനുള്ള സംരംഭമാണ് നടക്കുന്നത്. അത് നടക്കുമോ എന്ന് ഇപ്പോൾ പറയാൻ സാധിക്കില്ല. എഫ്.എ.സി.ടി. എപ്പോഴാണ് നഷ്ടത്തിൽ വന്നത് ? 1997-98 വരെ ലാഭത്തിൽ പ്രവർത്തിച്ചതാണ്. 53.90 കോടി രൂപയാണ് ലാഭം. 1998-ൽ അമോണിയാ പ്ലാന്റ് വന്നതോടുകൂടി 48.20 കോടി രൂപ നഷ്ടമായി. ജപ്പാനിലെ ഒ.ഇ.സി.എഫ്.-ൽ നിന്നും കേന്ദ്ര സർക്കാർ 400 കോടി രൂപ 2.5% പലിശയ്ക്ക് കടമെടുത്തു. എന്നിട്ട് ഇതിനു കൊടുത്തത് എത്ര രൂപയാണ് ? 16% പലിശയ്ക്കാണ് എഫ്.എ.സി.ടി.ക്ക് കൊടുത്തത്. ജപ്പാനിൽ നിന്നും 2.5% പലിശയ്ക്ക് കടമെടുത്തിട്ട് കേന്ദ്ര ഗവൺമെന്റ് എഫ്.എ.സി.ടി.ക്ക് കൊടുത്തത് 16%-ത്തിനാണ്. കേന്ദ്ര മന്ത്രി ശ്രീ.അരുൺ ഷൂറി 2002 ജൂലൈ മാസത്തിൽ മുഖ്യമന്ത്രിക്ക് അയച്ച കത്തുപ്രകാരം എഫ്.എ.സി.ടി.യുടെ 51% ഓഹരി വിൽക്കുമെന്നു പറഞ്ഞു. ജപ്പാനിലെ

LIBRARY ARCHIVES Kerala Legislative Assembly

ഒ.ഇ.സി.എഫ്. വായ്പയുടെ പലിശ 226 കോടി രൂപ ബാക്കിയാണ്. 378 കോടി രൂപയുടെ ബാധ്യത വേറെയുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച സാമ്പത്തിക സഹായ പദ്ധതിയിൽ ഈ തുക ഒഴിവാക്കിക്കിട്ടുമെന്നും അതിന്റെ അടിസ്ഥാനത്തിൽ 51% ഓഹരി കൈമാറ്റം ചെയ്യാനുമാണ് തങ്ങൾ ഉദ്ദേശിക്കുന്നതെന്നും ആ കത്തിൽ വ്യക്തമാക്കിയിരുന്നു. അങ്ങനെയാണെങ്കിൽ അത് 'ഇഫ്കോ'-യുടെ സഹായത്തോടുകൂടി സഹകരണ സംഘത്തിൽ നടത്താൻ സാധിക്കുമോ എന്നാണ് ഞങ്ങൾ നോക്കുന്നത്. ഇതിലൊന്നും രാഷ്ട്രീയമില്ല. സി.പി.എം.-ന്റെ പുതിയ എം.പി.യാണ് ആദ്യം നിവേദനം തന്നത്. അങ്ങനെ വന്നാൽ വലിയ ബാധ്യതയൊന്നുമില്ലാതെ 'ഇഫ്കോ'-യുടെ നേതൃത്വത്തിൽ നടത്താൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. അവർ പറഞ്ഞത് ഒരു ജോയിന്റ് വെഞ്ചർ വേണമെന്നാണ്. അവിടെ ഒരു സഹകരണ സംഘമുണ്ടാക്കി 'ഇഫ്കോ' യുമായി ഒരു ജോയിന്റ് വെഞ്ചർ ഉണ്ടായാൽ ഞങ്ങളത് നോക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ ഒരു ടീമിനെ അവർ അയയ്ക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ നികുതിയിനത്തിൽ പ്രതിവർഷം 75 കോടിരൂപയും സംസ്ഥാന ഗവൺമെന്റിന് 135 കോടി രൂപയും എഫ്.എ.സി.ടി. നൽകിക്കൊണ്ടിരിക്കുന്നു. 2300 ഏക്കർ സ്ഥലം പണ്ട് നമ്മൾ കൊടുത്തത് അവരുടെ കൈയിലുണ്ട്. 5400 ജീവനക്കാർ ഇപ്പോഴുമുണ്ട്. ഇപ്പോൾ 'ഇഫ്കോ' തന്നെ ഫെർട്ടിലൈസർ ഫാക്ടറികൾ നടത്തിവരുന്നുണ്ട്. അവരുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഭാവി പരിപാടികൾ ആരംഭിക്കുകയാണ്. ഇത്തരം ചില ഫാക്ടറികൾ സ്വകാര്യ വ്യക്തികൾക്കു വിട്ടു കൊടുക്കാൻ ദുരൂഹമായ ചില ഗൂഢാലോചനകൾ നടക്കുന്നുണ്ട്. അതുകൊണ്ട് മുഖ്യമന്ത്രി ഇപ്പോൾ കത്തയച്ചിട്ടുണ്ട്. Indo-Gulf Fertilizers, Deepak Fertilizers സ്വകാര്യ കമ്പനിക്കാർ. കാരണം വളരെ ആനുകൂല്യങ്ങൾ ഉള്ളതാണ്. അതൊക്കെ തട്ടിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. ഏതായാലും ഇത് ഇഫ്കോയുടെ സഹായത്തോടുകൂടി നടത്താൻ ഇരിക്കുകയാണ്. അതാണ് എനിക്ക് അതിനെപ്പറ്റി പറയാനുള്ളത്. അടുത്തത് ഇൻഷ്വറൻസ് തുടങ്ങുന്നതിനെ സംബന്ധിച്ചാണ്. എൽ. ഡി. എഫി.-ന്റെ കാലത്ത് തുടങ്ങിയതാണ്. ഞങ്ങൾ അതിപ്പോൾ വീണ്ടും തുടങ്ങാൻ പോകുകയാണ്. ആ ഇൻഷ്വറൻസിന്റെ അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് മെമ്പർമാരെ ഇൻഷ്വർ ചെയ്യാൻ പോകുകയാണ്. കർണ്ണാടകയിൽ ഈയിടെ ഒരു പദ്ധതി വന്നു. ആ പദ്ധതിയനുസരിച്ച് ഹാർട്ട് സർജറി ഫ്രീയായി ചെയ്തു കൊടുക്കും. പരിയാരം മെഡിക്കൽ കോളേജ് ഒരു കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജാണ്. കോ-ഓപ്പറേറ്റീവ് അല്ലെങ്കിലും കൊച്ചിയിലും ഒരു മെഡിക്കൽ കോളേജുണ്ടല്ലോ: അതു കോ-ഓപ്പറേറ്റീവ് വഴി രജിസ്റ്റർ ചെയ്തതല്ല. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടമുണ്ട്. ഇതുപോലെ കോ-ഓപ്പറേറ്റീവായി പ്രവർത്തിക്കുന്ന ആശുപത്രികളിലും ഇൻഷ്വറൻസ് തുക അടച്ചാൽ ഫ്രീയായി ഹാർട്ടു സർജറി ചെയ്തുകൊടുക്കും. കാൻസർ കൂടി ഇതിൽ ഉൾപ്പെടുത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യം ഗവൺമെന്റ് ആലോചിച്ചു വരികയാണ്. ഇപ്പോൾ തുടങ്ങിയ കൊച്ചി മെഡിക്കൽ കോളേജിന്റെ സ്ഥിതി എന്താണ് ? പരിയാരത്ത് ഞങ്ങൾ തുടങ്ങിയത് പൊളിക്കാൻ വേണ്ടി ഇവർ ഏറ്റെടുത്തു, അതു പൊളിച്ചു. കൊച്ചി കോളേജിന്റെ ഉത്ഘാടനം നടന്നു. 17 ലക്ഷം രൂപയാണ് ചെലവ്. അവിടെ പോയി നോക്കണമായിരുന്നു, സർക്കാർ കൊടുത്ത 60 ഏക്കർസ്ഥലം പുരപ്പറമ്പുപോലെ കിടക്കുകയായിരുന്നു. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, മൂന്നാമത്തെ കൊല്ലമാണ്, ഇതുവരെ അഡ്മിഷന് അംഗീകാരം കിട്ടിയിട്ടില്ല. കഴിഞ്ഞ കൊല്ലം ഞങ്ങൾ കേണപേക്ഷിച്ചിട്ട് 50 സീറ്റു കിട്ടി. ഇക്കൊല്ലം അതും കിട്ടിയില്ല. ഇക്കൊല്ലം ഇൻസ്പെക്ഷനൊക്കെ നടത്തിയിട്ടു പോയിരിക്കുകയാണ്. എന്താകുമെന്നു പറയാനാകില്ല. 600 കോടി രൂപ ട്രഷറിയിൽ ഡെപ്പോസിറ്റു ചെയ്താൽ, 25 ശതമാനം ഫ്രീയായിട്ടു കൊടുക്കാമെന്നു പറഞ്ഞാണ് ആ മെഡിക്കൽ കോളേജ് അവിടെ തുടങ്ങിയത്. 25 ശതമാനമെന്നു പറഞ്ഞാൽ 150 കോടി രൂപ പോട്ടെ 300 കോടിയിൽ അധികമാണ് കിട്ടിയിട്ടുള്ളത്. എന്നാൽ കിട്ടിയ കണക്ക് അനുസരിച്ച് 79 കോടി രൂപ കൊടുക്കണ്ടേ ? 75 നയാ പൈസ നായനാർ ഗവൺമെന്റോ ശ്രീ. ശിവദാസമേനോനോ കൊടുത്തിട്ടില്ല. ഞങ്ങൾ വന്നതിനു ശേഷമാണ്, കഴിഞ്ഞ കൊല്ലം അഞ്ചു കോടി രൂപ കൊടുത്തത്. ഇക്കൊല്ലം ഞങ്ങൾ 10 കോടി രൂപ കൊടുത്തു. നിങ്ങൾ നടത്തിയ ധൂർത്തും കൊള്ളരുതായ്മകളും കൊച്ചിക്കാരോടു കാണിക്കാൻ കഴിയാത്തതുകൊണ്ട് കടമെടുത്താണ് കൊച്ചി മെഡിക്കൽ കോളേജിനു നൽകിയത്. കമ്പി പൊന്തിനിൽക്കുന്നുണ്ടോ എന്ന് അവിടെ പോയി നോക്കുക. ഈ കോ-ഓപ്പറേറ്റീവ് മേഖലയെ നശിപ്പിച്ച്, സ്വന്തം താല്പര്യത്തിനുവേണ്ടി ഉപയോഗിച്ചിട്ട്, ഇപ്പോൾ ഒന്നും നടക്കുന്നില്ല എന്നു വന്നപ്പോൾ ഇങ്ങോട്ടു ആരോപണം ഉന്നയിച്ചിട്ടു കാര്യമില്ല. അതുകൊണ്ട് ഞാൻ പറയുന്നു, പി. എസ്. സി. നിയമനങ്ങളെല്ലാം നല്ല ഭംഗിയായി ഞങ്ങൾ നടത്തും. ഞങ്ങൾ നിയമനങ്ങളിൽ നിന്നും വിട്ടു നിന്നിട്ടൊന്നുമില്ല. നിങ്ങൾ പി. എസ്. സി. നിയമനങ്ങളെ ചൊല്ലി ബഹളം കൂട്ടുന്നുണ്ടല്ലോ, അഞ്ചു കൊല്ലം ഭരിച്ചിട്ട്, ജില്ലാ ബാങ്കുകൾ ഒഴിച്ച്, ചില അപ്പെക്സ് ബാങ്ക് ഒഴിച്ച് പി. എസ്. സി.യുമായി ബന്ധപ്പെട്ട എന്തിനെങ്കിലും ഇവർ അപേക്ഷിച്ചിട്ടുണ്ടോ ? സംസ്ഥാന സഹകരണ ബാങ്കുകളെക്കുറിച്ച് നിങ്ങൾ പറയുന്നുണ്ടല്ലോ: അഞ്ചു കൊല്ലം നിങ്ങൾ ഭരിച്ചിട്ട് പി. എസ്. സി. യിൽ നിന്നും നിങ്ങൾ ലിസ്റ്റു ചോദിച്ചിട്ടുണ്ടോ ? ഇല്ല. ഞങ്ങൾ വന്നിട്ടാണ് ലിസ്റ്റു ചോദിച്ചത്. അറിയാമോ ? അന്വേഷിച്ചു നോക്കൂ. പി. എസ്. സി. യോട് ആളുകളെ തരണമെന്നു പറഞ്ഞത് ഈ ഗവൺമെന്റു വന്നതിനുശേഷമാണ്. സ്വന്തം കാര്യം നടക്കാൻ വേണ്ടി കൊണ്ടു നടക്കുകയാണ്. സ്വന്തക്കാരെയും ബന്ധുക്കളേയും രക്ഷിക്കാൻ വേണ്ടി കൊണ്ടു നടക്കുകയാണ്. രാഷ്ട്രീയ അതിപ്രസരം ഒഴിവാക്കിയാൽ പല അത്ഭുതങ്ങളും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് നിർവ്വഹിക്കാൻ കഴിയും. അതിനു നിങ്ങൾ കൂടി സഹകരിക്കണമെന്നു പറഞ്ഞുകൊണ്ട് ഈ ഡിമാന്റുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രശ്നങ്ങൾ ഭരണപക്ഷത്തും പ്രതിപക്ഷത്തും ഉള്ള എല്ലാവർക്കും അറിയാം. അതു പരിഹരിക്കാനുള്ള എല്ലാ നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതു ഞാൻ സ്വീകരിക്കുന്നു. മനസ്സാക്ഷിയോടുകൂടി പരിശോധിച്ചാൽ ഇതെല്ലാം അവരുടെ കാലത്ത് അവരുണ്ടാക്കിയതാണ് എന്നുള്ള സത്യത്തിൽ നിന്നും അവർക്ക് ഒഴിഞ്ഞു മാറി നിൽക്കാൻ കഴിയുമോ ? ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നം ഇതിന്റെ ഡെബ്റ്റ് സർവീസിംഗാണ്. ഒരു മാസത്തെ ആകെ വരുമാനമെന്നു പറയുന്നത് 250 കോടി രൂപയാണ്. അതിൽ 180 കോടി രൂപയും ഡെബ്റ്റ് സർവീസിംഗിനു കൊടുക്കണം. പവർ പർച്ചേസിന് 112 കോടി രൂപ കൊടുക്കണം. 50 കോടി രൂപ ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും മറ്റു കാര്യങ്ങൾക്കു കൊടുക്കണം. KDPP -ക്കുവേണ്ടി ഓയിൽ വാങ്ങാൻ 20 കോടി രൂപ വേണം. 5 കോടി രൂപയെങ്കിലും അവിടത്തെ എസ്റ്റാബ്ളിഷ്മെന്റ് ചാർജ്ജിനു കൊടുക്കണം. അതിന്റെ കൂടെ 70/75 കോടി രൂപ കടവുമുണ്ട്. ഇതിൽ നിന്നാണ് ബഹുമാന്യരായ മെമ്പർമാർ പറഞ്ഞ പ്രശ്നങ്ങൾ എല്ലാം ഉണ്ടായത്. ഞാൻ ദീർഘമായിട്ടൊന്നും പറയുന്നില്ല, എന്നാലും നിങ്ങൾ അധികാരത്തിൽ കയറിയപ്പോൾ ബോറോയിംഗ് എത്രയായിരുന്നു ? ഡെബ്റ്റ് സർവീസിംഗിനു തന്നെ 1995-96-ൽ 201 കോടി രൂപയും 1996-97-ൽ 246 കോടി രൂപയും ആയിരുന്നു. 4400 കോടി രൂപ വിവേചനാരഹിതമായി എടുക്കുകയും ശരിയായ രീതിയിൽ ഇൻവെസ്റ്റു ചെയ്യുകയും ചെയ്യാത്തതിന്റെ പേരിൽ നിങ്ങൾ പോകുമ്പോൾ തന്നെ ഡെബ്റ്റ് സർവീസിംഗ് 1031 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. ഞങ്ങൾ എന്തു ചെയ്യും ? നിങ്ങൾ വാങ്ങിച്ച പല കടങ്ങളും ഡ്യൂ ആകുന്നത് ഇപ്പോഴാണ്. നിങ്ങളൊക്കെ ബോണ്ട് എടുത്തിട്ടുണ്ട്. ബോണ്ട് എടുത്താൽ ഡ്യൂ ആകുന്നത് അഞ്ചു കൊല്ലം കഴിഞ്ഞാണ്. അപ്പോൾ നിങ്ങൾ പൊടി തട്ടി പോകും. ഞങ്ങൾ എടുത്താലും ഗതി ഇതുതന്നെയാണ്. അതുകൊണ്ട് ഇപ്പോഴത്തെ പ്രശ്നത്തിന് എന്താണ് പരിഹാരം ? ഞങ്ങൾ അല്ല ഇതിനു ഉത്തരവാദികൾ എന്നു പറയുകയാണ്. ഈ മാസം ബോണ്ട് ഡ്യൂ ആകുമ്പോൾ 175 കോടി രൂപ കൊടുക്കണം. 280 കോടി രൂപയിൽ 175 കോടി രൂപയും കൊടുക്കണം. ഞങ്ങളുടെ ഒരു ബുദ്ധിമുട്ട് നിങ്ങൾ ഒന്ന് ആലോചിച്ചു നോക്കണം. പൊതുമേഖലാസ്ഥാപനം എന്ന നിലയിൽ ഇത് എങ്ങനെ നടത്തിക്കൊണ്ടു പോകും ? ഇതിന്റെയൊക്കെ ഫലമായി കമ്മി വളരെ കൂടി. 1995-96-ൽ ഡെബ്റ്റ് വാങ്ങിയത് 328 കോടി രൂപയാണെങ്കിൽ നിങ്ങൾ പോകാൻ നേരത്ത് 2000-01-ൽ 1278 കോടി രൂപയാണ് വാങ്ങിക്കൊണ്ടു പോയത്. ഇതെല്ലാം ഇപ്പോൾ ഡ്യൂ ആയി വരുന്നു. ഇതിന്റെ ഫലമെന്താണെന്നു വച്ചാൽ, net revenue gap 1990-2003 വരെയുള്ളത് ഞാൻ വായിക്കാം. നിങ്ങൾ അധികാരത്തിൽ കയറിയപ്പോൾ 1995-96-ൽ 58 കോടി രൂപയാണ് ആകെ റവന്യൂ ഗ്യാപ്പ്. ഭയങ്കരമായ അഡ്മിനിസ്ട്രേഷനായിരുന്നു എന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങൾ പോകുമ്പോൾ 1286 കോടി രൂപയായി ആ ഗ്യാപ്പ് വർദ്ധിപ്പിച്ചു. 4400 കോടി രൂപ വാങ്ങിയതിനുശേഷവും. എന്തു ഇൻവെസറ്റുമെന്റാണ് നിങ്ങൾ നടത്തിയത് ? ഇവിടെ ചുമ്മാതെ ക്യാപ്പിറ്റൽ ഓടിച്ചു. വീട്ടിൽ ഒരു തറവാട് എഴുതി തന്നു എന്നു പറഞ്ഞിട്ട് ഇൻവെസ്റ്റുമെന്റ് ആകുമോ ? നിങ്ങൾ ഒരു തട്ടുകട തുടങ്ങിയാൽ ഇങ്ങനെ ചെയ്യുമോ ? Is this the way to manage a Public Undertaking? The result is ..... നിങ്ങളെ കുറ്റം പറയുന്നതല്ല. നിങ്ങൾ ആരും അല്ലല്ലോ ഇതു ചെയ്തത്. ഇങ്ങനെ ഒരു ഭരണം ഒരിടത്തും ഞാൻ കണ്ടിട്ടില്ല. ഞാനും മന്ത്രിയായി വന്നിട്ടുള്ള ആളാണ്. 1995-96-ൽ 58 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ ഗ്യാപ്പായിരുന്നത് 1286 കോടിയായപ്പോൾ കയ്യും കെട്ടി ഇരിക്കുകയായിരുന്നു. എന്നിട്ട് എന്തു ചെയ്തു ? ഇലക്ട്രിസിറ്റി ബോർഡിന്റെ നല്ല കാലമായിരുന്നു. 4400 കോടി രൂപ വാങ്ങിച്ചു. ഇനി അതിന്റെ ദുരന്ത ഫലം എല്ലാവർക്കും അനുഭവിക്കേണ്ടി വരും. അതിൽ നിന്നും നിങ്ങൾക്കും മോചനമില്ല. കാരണം ഭൂതത്തെ നിങ്ങൾ കുടത്തിൽ നിന്നും തുറന്നു വിട്ടു കഴിഞ്ഞു. അതു നിങ്ങളെ പിടിച്ചു കൊണ്ടിരിക്കുകയാണ്. വെറുതെ ഞങ്ങളെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഇന്നത്തെ പരിതഃസ്ഥിതി വച്ചാണ് ഞങ്ങൾ ഭരണം നടത്തുന്നത്. നിങ്ങൾ കൊടുത്ത അത്രയും സബ്സ്റ്റേഷനുകളും വികസന പ്രവർത്തനങ്ങളും ഞങ്ങളും ചെയ്തിട്ടുണ്ട്. ചെയ്തിട്ടില്ല എന്ന് ആരും പറയാത്തതുകൊണ്ട് ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. 26 സബ് സ്റ്റേഷനുകൾ ഞങ്ങൾ ചെയ്തു. ഇനി മൂന്നു കൊല്ലം കൂടിയുണ്ട്. 17 എണ്ണം ഞാൻ തന്നെ ഉത്ഘാടനം ചെയ്തു. നിങ്ങൾ വാങ്ങിയകടം കൊടുത്തു തീർത്തിട്ട് അതിനിടയിലാണ് ഇതു ചെയ്യുന്നത്. നിങ്ങളുടെ നിലപാടെന്താണ് ? അമ്മായി അപ്പനു പണമുണ്ടെങ്കിൽ സംബന്ധം ബഹു സന്തോഷം എന്ന നിലയിൽ പണം കടം വാങ്ങി കഴിയുകയല്ലായിരുന്നോ ? ഞങ്ങൾ അങ്ങനെയല്ല. ഞങ്ങൾ പണം സമ്പാദിച്ചാണ് ചെയ്യുന്നത്.1995-96-ൽ കടം തിരിച്ചടവ് 201 കോടി രൂപയായിരുന്നത് 2002-03-ൽ 1611 കോടി രൂപയായി വർദ്ധിച്ചു. മുൻ ഗവൺമെന്റിന്റെ കാലത്തു വാങ്ങിയ പല കടങ്ങളും ബോണ്ടുകളും മെച്വർ ആകുന്നത് ഇപ്പോഴാണ്. പലിശ സഹിതമാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ സ്റ്റേറ്റിന്റെ കടമാണ്. അത് ഒഴിവായി കിട്ടിയാൽ ഇപ്പോഴും നിങ്ങൾ കയറിയതുപോലെയായിരിക്കും. ഈ ഒരൊറ്റ ചെലവു ഒഴിവാക്കിയാൽ, ഈ ഡെഡ് സർവീസിംഗ് ഒഴിവാക്കിയാൽ പ്രതിവർഷം 1600 കോടി രൂപയുടെ ചെലവു ഒഴിവാകും, യു.ഡി.എഫ്.-ന്റെ കയ്യിൽ നിന്നും നിങ്ങൾ ഭരണം നേടിയപ്പോൾ, എങ്ങനെയായിരുന്നുവോ ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്, അതുപോലെ ഇപ്പോഴും അഡീഷണൽ ആയി ഉണ്ടാക്കിയ കടം ഒഴിവാക്കിയാൽ ഈ ഇലക്ട്രിസിറ്റി ബോർഡും നന്നായി തന്നെ പോകും. പക്ഷേ പറഞ്ഞിട്ട് കാര്യമില്ലല്ലോ. പോയ ബുദ്ധി പിടിച്ചാൽ കിട്ടുമോ ? സഹകരിക്കണമെന്നു മാത്രമേ പറയാനുള്ളൂ.

ഞങ്ങൾക്ക് ആർ.ഇ.സി.യാണ് കടം തന്നുകൊണ്ടിരുന്നത്. 200 കോടി രൂപ കഴിഞ്ഞ മാസം തന്നു. 100 കോടി രൂപകൂടി ചോദിച്ചപ്പോൾ അവർ പറഞ്ഞു, വേണ്ട വേണ്ട നിങ്ങൾ കൂടുതൽ പണം വാങ്ങിച്ചുപോയി എന്ന്. അതിനുശേഷം ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൂടി 100 കോടി രൂപ കിട്ടാൻ വേണ്ടി ഡൽഹിയിൽ കയറിയിറങ്ങേണ്ടി വന്നു. ഇപ്പോൾ ഒരിടത്തു നിന്നും കടവും കിട്ടുന്നില്ല. ഞങ്ങൾ പവർ ഫിനാൻസ് കോർപ്പറേഷനെക്കൊണ്ട് ലോൺ എടുപ്പിക്കുകയും ഫോറിൻ ഇൻവെസ്റ്റുമെന്റ് വരുത്തുന്നതിന് റിസർവ് ബാങ്കിന്റെ പെർമിഷനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. വൈദ്യുതി ബോർഡിനെ എങ്ങനെയെങ്കിലും രക്ഷപ്പെടുത്തുന്നതിന് ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അന്ന് യു.ഡി.എഫ്-ന്റെ കൈയ്യിൽ നിന്നും നിങ്ങൾ വാങ്ങിച്ചപ്പോൾ നല്ല തിളക്കമുള്ള റേറ്റിംഗ് ഉണ്ടായിരുന്നു. ഇപ്പോൾ ആ റേറ്റിംഗ് എല്ലാം പോയി. ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ജനറലായിട്ട് പറഞ്ഞെന്നേയുള്ളൂ. ആര് ഭരിച്ചാലും ഈ ഒരു ബാക്ക്ഗ്രൗണ്ടിൽ ഇങ്ങനെ പ്രവർത്തിക്കാനേ കഴിയുകയുള്ളൂ. ഞങ്ങൾ ഒരു യൂണിറ്റ് വൈദ്യുതി പോലും ഉണ്ടാക്കിയില്ല എന്നൊക്കെയാണല്ലോ നിങ്ങൾ പറയുന്നത്. അതുപോലെ ഞങ്ങളെപ്പറ്റി വലിയ കുറ്റമായി പറയുന്നത് ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അര മണിക്കൂർ പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തി എന്നാണ്. ഇവിടെയെല്ലാപേർക്കും അറിയാമല്ലോ, മൂഴിയാർ എരിഞ്ഞുപോയി, രണ്ടാമത് മഴയില്ലായിരുന്നു. പണ്ടുണ്ടായിരുന്നതിൽ നിന്നും 40 ശതമാനം വെള്ളം കുറവായിരുന്നു. ആ പരിതഃസ്ഥിതിയിൽ അര മണിക്കൂർ പവർക്കട്ടല്ലേ ഞങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളു. നിങ്ങൾ അഞ്ചു വർഷം ഭരിച്ചപ്പോൾ എത്ര ദിവസം പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തിയിട്ടുണ്ട് ? നിങ്ങൾക്ക് കണക്കുകാണുമല്ലോ, നിങ്ങളുടെ കാലത്ത് പവർകട്ട് 573 ദിവസം. ലോഡ്ഷെഡ്ഡിംഗ് 1212 ദിവസം.....(ബഹളം).....നിങ്ങൾക്ക് ഈ കണക്കല്ലെന്ന് തോന്നുകയാണെങ്കിൽ ഞാൻ പറയാം, 1996-97-ൽ പവർകട്ട് 45 ശതമാനം, ലോഡ്ഷെഡ്ഡിംഗ് 95 ശതമാനം. മാറിമാറി വരുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 1997-98-ലെ കണക്ക് പറയണം..... (ബഹളം).....(ബഹളം).....

ശ്രീ. കടവൂർ ശിവദാസൻ : സർ, അതെന്തിനാണ്, നിങ്ങളുടെ കാലത്തെ കണക്കല്ലേ പറയുന്നത് ? അന്ന് ഭരിച്ചവരാരും ഇന്നില്ല അതല്ലേ കുഴപ്പം. ഞാൻ പറയുന്നത് ഇതിനുമുൻപ് ഭരിച്ചിരുന്നവരും ഇതിനുശേഷം ഭരിച്ചിരുന്നവരും ഇതുപോലെ വെള്ളമില്ലാത്ത ഒരു പ്രതിസന്ധി ഒരിക്കലും നേരിട്ടിട്ടില്ല. നിങ്ങൾ ഭരിച്ചിരുന്നപ്പോൾ അയ്യായിരം, ആറായിരം മില്യൻ യൂണിറ്റ് വൈദ്യുതിയുണ്ടാക്കാനുള്ള വെള്ളമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ 40 ശതമാനം വെള്ളം മാത്രമേയുള്ളു. ഞങ്ങൾ ആരേയും കുറ്റം പറയുകയല്ല. അങ്ങനെയുള്ള പരിതഃസ്ഥിതിയിൽ എന്തുചെയ്യുമെന്നാണ് ഞാൻ ചോദിക്കുന്നത്. 1997-98—ൽ ജലവൈദ്യുത പദ്ധതി 5189 മില്യൻ യൂണിറ്റ് വൈദ്യുതിയുണ്ടാക്കാനുണ്ടായിരുന്നു. ഞങ്ങൾക്ക് ഇപ്പോൾ 4896 മില്യൻ യൂണിറ്റ് ഹൈഡൽ പവറേയുള്ളു. അതുകൊണ്ട് അരമണിക്കൂർ പവർകട്ടുകൊണ്ട് കാര്യങ്ങൾ നടത്തി. നിങ്ങൾ അന്ന് എന്ത് ചെയ്തു, അന്ന് 50 ശതമാനം പവർകട്ട് പിന്നെ ലോഡ്ഷെഡ്ഡിംഗ്. (ബഹളം).....(ബഹളം).....

മി. സ്പീക്കർ : നിങ്ങൾ ഇങ്ങനെ ബഹളം വച്ചാൽ പറ്റുകയില്ല, ഹൗസ് പിരിയണം. നിങ്ങൾ പറഞ്ഞത് അവർ കേൾക്കുകയാണെങ്കിൽ അതിന്റെ മറുപടി പറയുന്നത് കേൾക്കാനുള്ള സൻമനസ്സ് നിങ്ങൾ കാണിക്കണ്ടേ ?

ശ്രീ. കടവൂർ ശിവദാസൻ : സർ, ഞാൻ ചോദിക്കട്ടെ 2000-2001-വരെ നിങ്ങളല്ലേ ഇവിടെ ഭരിച്ചിരുന്നത്, ശ്രീ. എ. കെ. ആന്റണി ആയിരുന്നോ ? നിങ്ങൾ വർഷം തന്നെ മറന്നുപോയതിന് ഞാൻ കുറ്റവാളിയായ മട്ടാണല്ലോ. നിങ്ങൾ മിടുക്ക് കാണിച്ച് ഞങ്ങളെ മണ്ടൻമാരാക്കാതെ. കണക്കുപോലും അറിയില്ല എന്നുവച്ചാൽ എന്താ ചെയ്യുക. ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ ..... (ബഹളം)..... ഞങ്ങൾ 1865 മില്യൻ യൂണിറ്റ് വൈദ്യുതി പുറത്തുനിന്നും വാങ്ങിയാണ് അര മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് നിലനിർത്തിയിരുന്നത്. നിങ്ങൾ അന്ന് 544 മില്യൻ യൂണിറ്റ് വൈദ്യുതിയേ വാങ്ങിയുള്ളു. എന്തുകൊണ്ട് നിങ്ങൾ അന്ന് കൂടുതൽ വാങ്ങി ഈ രാജ്യത്തെ രക്ഷിച്ചില്ല. എന്തെങ്കിലും ഒരു സമാധാനം പറയൂ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : Please conclude. Only five minutes more.:

ശ്രീ. കടവൂർ ശിവദാസൻ : 1998-99 കാലഘട്ടത്തിൽ 7346 മില്യൻ യൂണിറ്റിന്റെ വെള്ളമുള്ളപ്പോഴും നിങ്ങൾ 50 ശതമാനവും 100 ശതമാനവും പവർകട്ട് ഏർപ്പെടുത്തി. ഞാൻ ഈ വിഷയത്തെക്കുറിച്ച് പറയുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നമ്മൾ ചോദ്യം ചോദിച്ചപ്പോൾ ഒരു മിനിറ്റ് സമയംപോലും കൂടുതൽ അനുവദിച്ചില്ല. മന്ത്രിക്ക് 30 മിനിറ്റിൽ കൂടുതൽ സമയം കൊടുക്കാൻ പാടില്ല....(ബഹളം).....

മി. സ്പീക്കർ : മന്ത്രിമാർ പ്രസംഗം തുടങ്ങിയത് എപ്പോഴാണെന്ന് അറിയാമോ ? 1.30-നാണ് അവർ തുടങ്ങിയത്. (ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നിങ്ങൾ പ്രസംഗിച്ചോ, ഞങ്ങൾ പോകുകയാണ്.....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ടു പുറത്തു പോയി)

ശ്രീ. കടവൂർ ശിവദാസൻ : സർ, പ്രതിപക്ഷത്തിന്റെ അഭാവത്തിൽ ഞാൻ മറുപടി പറഞ്ഞേക്കാം. ഏത് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചും സാധാരണ പറയുന്ന ഒന്നാണ് ട്രാൻസ്ഫറിലെ അഴിമതി. ട്രാൻസ്ഫറിൽ അഴിമതിയുണ്ടെന്നു പറയുന്നത് ഇവിടത്തെ ഒരു ഫാഷനാണ്. ഈ ഡിപ്പാർട്ടുമെന്റിലെ ട്രാൻസ്ഫറിലെ അഴിമതിയെ സംബന്ധിച്ചും ഇവിടെ പറഞ്ഞു. 1997-98-ൽ ഇവർ 929 ഓഫീസർമാരേയും 693 മറ്റ് ജീവനക്കാരേയും സ്ഥലം മാറ്റി. ഈ വർഷം ഈ ബോർഡ് മാറ്റിയത് 114 ഓഫീസർമാരേയും 172 മറ്റു ജീവനക്കാരേയുമാണ്. എന്ത് മനസ്സാക്ഷിയില്ലാതെയാണ് ഓരോ കാര്യങ്ങളും പറയുന്നത്. ചാർജ് വർദ്ധനവിനെക്കുറിച്ച് അവർ പറഞ്ഞു അവർ 1-2-1997-ൽ 25 ശതമാനം ചാർജ് വർദ്ധനവ് നടത്തി. അതുപോലെ 1-2-1998-ൽ 10 ശതമാനം വർദ്ധനവ്, 1-2-1999-ൽ 80 ശതമാനം വർദ്ധനവ്, 15-5-1999-ൽ 31 ശതമാനം വർദ്ധനവ് അങ്ങനെ 76 ശതമാനം ചാർജ് വർദ്ധിപ്പിച്ച ആളുകളാണ് 45 ശതമാനം വർദ്ധിപ്പിച്ചതിനെ വലുതായി പറയുന്നത്. ഏത് പള്ളിക്കൂടത്തിലാണ് കണക്ക് പഠിച്ചതെന്നറിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൂട്ടിയ സ്ഥാപിതശേഷിയെക്കുറിച്ച് ഇവിടെ പറഞ്ഞു. എൻ.റ്റി.പി.സി 360 മെഗാവാട്ട് , പിന്നെ എൻ.റ്റി.പി.സി.ക്കാർ അവരുടെ സ്വന്തക്കാരല്ലേ. വല്ലവന്റേയും കൊച്ചിനെയെടുത്ത് ഉമ്മവച്ചിട്ട് കാര്യമുണ്ടോ അവനവന്റേതാകണം. ബി.എസ്.ഇ.എസ്. 137, സ്വകാര്യ മേഖല, കെ.പി.സി.എൽ 21, സ്വകാര്യ മേഖല, കുത്തുങ്കൽ 21, സ്വകാര്യ മേഖല, മണിയാർ 12, സ്വകാര്യ മേഖല വല്ലവരുമുണ്ടാക്കുന്നത് അവരുടേതാണെന്ന് പറയുകയാണ്. ബോർഡിന് ഇതിൽ ഒരു കാര്യവും ഇല്ല, ബോർഡിന്റേതല്ല. അതുപോലെ ലോവർ പെരിയാർ 180 മെഗാവാട്ട് കഴിഞ്ഞ ഗവൺമെന്റ് വന്നയുടൻ രണ്ടാഴ്ചക്കകം ഉദ്ഘാടനം ചെയ്തു. രണ്ടാഴ്ചകൊണ്ട് ഒരു പ്രോജക്ട് ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞാൽ കൊള്ളാമല്ലോ. എല്ലാം അവരുടെ കണക്കിൽ കൂട്ടിയിരിക്കുകയാണ്. ബ്രഹ്മപുരം പ്ലാന്റിന്റെ മിക്കവാറും പണികൾ യു.ഡി.എഫ്-ന്റെ കാലത്ത് തീർത്തിരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതും അവരുടേതാണെന്ന് അവകാശപ്പെടുകയാണ്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് കമ്മീഷൻ ചെയ്തത് കോഴിക്കോട് താപവൈദ്യുത നിലയവും കുറ്റ്യാടി എക്സ്റ്റൻഷനും മാത്രമാണ്. കുറ്റ്യാടി എക്സറ്റൻഷൻ ആകെ 50 മെഗാവാട്ട്, മറ്റേത് താപവൈദ്യുതി. ഇതിനാണ് 1600, 2000 എന്നൊക്കെപ്പറഞ്ഞ് ആളെ പേടിപ്പിക്കുന്നത്. ഇതിൽ കുറ്റ്യാടിക്ക് ഡാം നിർമ്മാണം ആവശ്യമില്ലായിരുന്നു. പെൻസ്റ്റോക്ക് നിർമ്മാണവും ആവശ്യമില്ലായിരുന്നു. പവർഹൗസിന്റെ എക്സ്റ്റൻഷൻ മാത്രമേ സ്ഥാപിക്കേണ്ടതായിരുന്നുള്ളൂ. ഇതാണ് അതിന്റെ കഥ. ബി.ഡി.പി.പി., കെ.ഡി.പി.പി. ഞങ്ങൾ ഉല്പാദിപ്പിച്ചില്ല എന്നുള്ള അഴിമതി ആരോപണം ഉണ്ടായി. അവർ ഭരിക്കുമ്പോൾ ശ്രീ. ചിത്തരഞ്ജൻ ഇതേ ആരോപണം അവർക്കെതിരായി ഉന്നയിച്ചിരുന്നു. ഞങ്ങൾ ഈ വർഷം 687 മില്ല്യൻ വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. 1999-2000-ൽ അവരും 576 മില്ല്യൻ യൂണിറ്റ് മാത്രമേ ഉല്പാദിപ്പിച്ചിരുന്നുള്ളൂ. ഇത്രയൊക്കെയേ ഉല്പാദിപ്പിക്കാൻ കഴിഞ്ഞുള്ളൂ. ബി.എസ്.ഇ.എസ്സിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് ബ്രഹ്മപുരം, കോഴിക്കോട് നിലയങ്ങളിലെ ഉല്പാദനം കുറച്ചുവെന്നാണ് ഒരു അഴിമതിയാരോപണ സ്വഭാവത്തിൽ പറയുന്നത്. ബി.ഡി.പി.പി., കെ.ഡി.പി.പി.യിൽ നിന്നുള്ള ജനറേഷൻ കപ്പാസിറ്റി 140 മില്ല്യൻ യൂണിറ്റ് ആണെന്നുള്ള പ്രസ്താവന ശരിയല്ല. കേന്ദ്രം നിജപ്പെടുത്തിയത് 68.5 എന്ന് കണക്കാക്കാനാണ്. അതിൽ 145 മില്ല്യൻ യൂണിറ്റ്. ഇപ്പോൾ അവർ ഇല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. അവരുടെ കാലത്ത് ഉണ്ടാക്കിയ അത്രയുംതന്നെ നമ്മളും ഉണ്ടാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വഴിക്കടവ് ഡൈവെർഷൻ 24 മില്ല്യൻ യൂണിറ്റ്, മലമ്പുഴ 2.5 മില്ല്യൻ യൂണിറ്റ്, കുത്തുങ്കൽ, അത് സ്വകാര്യ മേഖലയിലാണ്, 79 മില്ല്യൻ യൂണിറ്റ്. ബി.എസ്.ഇ.എസ്സിന്റെ കമ്പൈൻഡ് സർക്കിൾ 187 മില്ല്യൻ യൂണിറ്റ് എന്നീ പദ്ധതികൾ പൂർത്തീകരിച്ചു. ധാരാളം പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. അതെല്ലാം വിസ്താരഭയംകൊണ്ട് പറയുന്നില്ല. 26 മെഗാവാട്ടിന്റെ ഉടനെതന്നെ പൂർത്തിയാക്കുന്ന പദ്ധതികളാണ് ചെമ്പുകടവ് ഒന്നും രണ്ടും ഘട്ടവും ഉറുമി ഒന്നും രണ്ടും ഘട്ടവും പദ്ധതികൾ, 625 മെഗാവാട്ടിന്റെ നേര്യമംഗലം, ശബരിഗിരി പ്രോജക്ടുകൾ ഉദ്ഘാടനം ചെയ്തു. രണ്ടുമൂന്നു കൊല്ലം കൊണ്ട് ഇവിടെ മറ്റേതൊരു ഗവൺമെന്റിന്റെ കാലത്തേതിനേക്കാളും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. കൊല്ലം മീറ്റർ കമ്പനിയിൽനിന്നും മീറ്റർ വാങ്ങിക്കുന്നതിനെ സംബന്ധിച്ച് ഒരു അഴിമതിയാരോപണം ഇവിടെ ഉണ്ടായി. കാര്യങ്ങൾ മനസ്സിലാക്കാതെയാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. 342 രൂപയ്ക്ക് മീറ്റർ കമ്പനി തരുമ്പോൾ 900 രൂപയ്ക്ക് വാങ്ങുന്നതിനു പിന്നിൽ എന്താണ് ഉദ്ദേശമെന്ന് ചോദിക്കുകയുണ്ടായി. നേരെ തിരിച്ചാ സ്നേഹിതാ. 900 രൂപ വേണമെന്ന് അവർ പറയുമ്പോൾ 342 രൂപ ടെണ്ടറിൽ വന്നതിന് എന്ത് ചെയ്യാൻ പറ്റും ? ഇവിടത്തെ ഏതെങ്കിലും മന്ത്രിക്കോ ഗവൺമെന്റിനോ ടെണ്ടറിൽനിന്നും കുറച്ചു കൊടുക്കാൻ പറ്റുമോ. പറ്റിയത് ഇതാണ്. കൊല്ലം മീറ്റർ കമ്പനിക്ക് കഴിഞ്ഞ സർക്കാർ നൽകിയ സപ്ലൈ ഓർഡർ അത്രയുംതന്നെ നമ്മളും കൊടുത്തു. കുറഞ്ഞ നിരക്കിൽ കൊടുക്കണമെന്നു പറയുന്നതാണ് പ്രശ്നം. മീറ്റർകമ്പനിക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം 6,74,500 മീറ്ററുകൾക്ക് രണ്ടുകൊല്ലത്തിനകം ഓർഡർ

2.00 P. M.]

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. ഇത്രയുംമീറ്ററുകൾ ഇപ്പോഴും നൽകാൻ അവർക്ക് കഴിഞ്ഞിട്ടില്ല. രാഷ്ട്രീയ ഉദ്ദേശത്തോടുകൂടിയുള്ള സമരം, സമരം നടത്തുന്നതിന് നമുക്ക് എന്ത് ചെയ്യാൻ പറ്റും? ഓർഡർ പ്രകാരമുള്ള സ്പ്ലൈയും പൂർത്തിയായിട്ടില്ല. ഈ വർഷം 2,40,000 മീറ്ററുകൾക്ക് വീണ്ടും ഓർഡർ കൊടുത്തു. അതിന് കരാർ വയ്ക്കാതെ ഇങ്ങനെ പറഞ്ഞു നടന്നാൽ എന്താണ് ഞാൻ പറയുക ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ശരാശരി ഒരു മീറ്ററിന്റെ വില 900 രൂപയായിരുന്നു. ടെണ്ടറിലുള്ള ചില ക്രമക്കേടുകൾ ഒഴിവാക്കി ടെണ്ടർ പരിഷ്ക്കാരം നടത്തിയപ്പോൾ 342 രൂപയായി അത് കുറഞ്ഞു. 35 കോടി രൂപ ബോർഡിന് ലാഭം കിട്ടിയ സംഗതിയാണ്. ഇവർ ഇപ്പോൾ പറയുന്നത് പൊതുമേഖലാ സ്ഥാപനത്തെ രക്ഷിക്കാൻ 900 രൂപ റേറ്റിൽ വാങ്ങണമെന്നാണ്. അതിലെ എം.ഡി.യുമായി സംസാരിച്ചപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു, കുഴപ്പമില്ല ഞങ്ങൾക്ക് ഇപ്പോൾ 30 രൂപ ഇതനുസരിച്ച് ലാഭം കിട്ടും, ഓർഡർ കൊടുത്താൽ മതിയെന്ന്. ഞാൻ പറഞ്ഞു, ഇഷ്ടംപോലെ ഉണ്ടാക്കിക്കോ. അതെല്ലാം ഞങ്ങൾ വാങ്ങാം. കുറ്റ്യാടി ഓഗ്മെന്റേഷനെക്കുറിച്ച് ചില ആക്ഷേപങ്ങൾ ഇവിടെ പറയുകയുണ്ടായി. യു.ഡി.എഫ്. വളരെ കുറച്ചു കാലമേ ഭരിച്ചിട്ടുള്ളൂ. കഴിഞ്ഞ 16 വർഷങ്ങളായി മുടങ്ങിക്കിടന്നതും ഇവരുടെ ഭരണകാലത്ത് സുപ്രീം കോടതി ഇവർ എടുത്ത നടപടികളെ നിശിതമായി വിമർശിച്ചതുമായ 9 കോടി രൂപ കോൺട്രാക്ടർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്ന് വിധിച്ച കേസ്സിനെപ്പറ്റിയാണ് പറയുന്നത്. ആ ജഡ്ജ്മെന്റ് അഴിച്ചുനോക്കിയിട്ടില്ല. അവരുടെ കാലത്ത് വന്നതാണ്. ഞാൻ വന്നതിനു ശേഷമാണ് അഴിച്ചുനോക്കിയത്, അത് വളരെ വിചിത്രമാണ്. വളരെ പരിശ്രമപ്പെട്ട് കുറ്റ്യാടി ഓഗ്മെന്റേഷൻ നടത്തി ഇപ്പോൾ കാശ് കൊടുത്തപ്പോൾ കുറ്റം. ഇവരുടെ യൂണിയനിലെ ചില ഉദ്യോഗസ്ഥൻമാരുണ്ട്. അവർ ഒരു കാരണവശാലും കുറ്റ്യാടി ഓഗ്മെന്റേഷൻ നടത്തിക്കുകയില്ലായെന്നു പറഞ്ഞു. ശമ്പളം വാങ്ങിക്കുന്നത് രാജ്യത്തിനുവേണ്ടി സ്കീം നടത്തിക്കാനല്ലേ ? ആ സ്കീം നടക്കുന്നു. അടുത്ത വർഷം പൂർത്തിയാക്കാം. ഇപ്പോൾ വേണമെങ്കിൽ ഡൈവെർഷൻ നടത്താമെന്നുള്ള സ്കീമാണ്. അതിന്റെ അസഹിഷ്ണുതയാണ്. അതുപോലെ എം.എൽ.എ. പദ്ധതികളെ സംബന്ധിച്ച് പറയുകയുണ്ടായി.

മി.സ്പീക്കർ : നാളെമുതൽ ബഹുമാനപ്പെട്ട മന്ത്രിമാർ 15 മിനിട്ടിനുള്ളിൽ സംസാരിക്കാൻ ശ്രമിക്കണം. മാക്സിമം 20 മിനിട്ട്. കൃത്യ സമയത്ത് നിറുത്തണം.

ശ്രീ. കടവൂർ ശിവദാസൻ : സർ, 89 കോടി രൂപയുടെ പദ്ധതിയാണ്. ഇതിൽ വളരെ കുറച്ചു പദ്ധതികൾ മാത്രമേ ചെയ്യാനുള്ളൂ. 19328 പണികളിൽ 16283 പണികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ഉടൻതന്നെ പ്രയോറിറ്റി കൊടുത്ത് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ ഇവിടെയുള്ള പ്രധാന പ്രശ്നം നമുക്ക് പവർ ഹൈവേ ഇല്ലായെന്നുള്ളതാണ്. ഇപ്പോൾ ഉദുമൽപേട്ട മാടക്കത്തറ 400 കെ.വി. ലൈൻ മാത്രമാണ് കേരളത്തിലേക്ക് ഉള്ളത്. പുറത്തുനിന്ന് ചീപ്പ് റേറ്റിൽ ധാരാളം പവർ കിട്ടും. പക്ഷേ കൊണ്ടുവരാൻ കഴിയുകയില്ല. വ്യവസായികൾപോലും സ്വന്തമായി കൊണ്ടുവരാമെന്ന് ഞങ്ങളോട് പറയുന്നുണ്ട്. പക്ഷേ ലൈനില്ല. അതുകൊണ്ട് കേരളത്തെ സംബന്ധിച്ച് അതിപ്രധാനമാണ് പവർ ഹൈവേ ഉണ്ടാക്കുക എന്നുള്ളത്. മധുര-തിരുവനന്തപുരം 400 കെ.വി. ലൈനിന്റെ പണി പൂർത്തീകരിച്ചുവരുന്നു. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

മൈസൂർ-കോഴിക്കോട് 400 കെ.വി. ലൈനിന്റെ പണിക്കും കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടങ്കുളം ആണവ നിലയം പൂർത്തീകരിക്കുമ്പോൾ അവിടെനിന്നും എറണാകുളംവഴി മാടക്കത്തറവരേയും കായംകുളം എൽ.എൻ.ജി. സൂപ്പർ താപനിലയം വരുമ്പോൾ തൃശ്ശൂർ മാടക്കത്തറ കോഴിക്കോട്വരേയും 400 കെ.വി. ലൈൻ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയാണ്. അത് ഈ ഗവൺമെന്റ് നടപ്പിലാക്കും. അതോടുകൂടി ഇലക്ട്രിസിറ്റിയുടെ പ്രശ്നം, ഇവിടേയും ഉല്പാദിപ്പിക്കാം, മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ചുരുങ്ങിയ നിരക്കിൽ വൈദ്യുതി കൊണ്ടുവരാൻ സാധിക്കുന്നതുമാണ്. അതുപോലെ വൈദ്യുതി വകുപ്പിൽ 80 സെക്ഷനുകളിൽ സെപ്റ്റംബർ മാസത്തോടുകൂടി കമ്പ്യൂട്ടറൈസേഷൻ നടത്തും. സി.പി.ഡി.ആർ.പി.യിൽ 380 കോടി രൂപയുടെ പദ്ധതി നടത്തും. വൈദ്യുതി മോഷണം മുമ്പ് ഉണ്ടായിരുന്നതിന്റെ ഇരട്ടി കേസ്സുകൾ പിടിക്കുകയും പണമടയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 2%, ഏകദേശം 40 കോടിയോളം രൂപയുടെ ലാഭമുണ്ടായിട്ടുണ്ട്. അത് അടുത്ത വർഷം 2% കൂടി ലാഭകരമാക്കാം. ഞങ്ങളുടെ ശരിയായ മാനേജുമെന്റിന്റെ അടിസ്ഥാനത്തിൽ സെയിൽ ഓഫ് പവറിനനുസരിച്ച് എൻ.ടി.പി.സി.യിൽ കായംകുളത്തും തമിഴ്നാടുമായിട്ട് സെൻട്രൽ ഗവൺമെന്റ് ഉണ്ടാക്കിയ പവറിൽ 180 കോടി രൂപ ലാഭിക്കാൻ കഴിഞ്ഞു. എക്സൈസ് ഡ്യൂട്ടിയിൽ 180 കോടി രൂപ ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കണോമിക് മെഷേഴ്സ് അനൗൺസ്മെന്റിനനുസരിച്ച് ഏകദേശം 120 കോടി രൂപ വന്നിട്ടുണ്ട്. അവരുടെ കാലത്തേക്കാൾ ഇക്കണോമിക് റെസ്ട്രെയിൻസിനുശേഷവും ഏതാണ്ട് 200 കോടിയോളം രൂപയുടെ കമ്മി കുറവാണ്. വെള്ളത്തിന്റെ ലഭ്യത കുറഞ്ഞതു കൊണ്ട് 512 കോടി രൂപ കൂടുതൽ മുടക്കേണ്ടിവന്നു. ഇല്ലായിരുന്നുവെങ്കിൽ ഏകദേശം 700 കോടി രൂപയോളം കമ്മി കുറഞ്ഞിരുന്നേനെ. ഇലക്ട്രിസിറ്റി ബോർഡിന്റെ ചരിത്രത്തിൽ ഡിക്ലൈൻ, നാശം, കൂടുതൽ കൂടുതൽ കമ്മി, കൂടുതൽ കൂടുതൽ ചെലവ് എന്നുള്ളത് മാറ്റി ഡെഫിസിറ്റിൽ 600-700 രൂപയോളം കുറയുമായിരുന്നു. ഇപ്പോൾ ഏതാണ്ട് 200 കോടി രൂപയ്ക്ക് അടുത്തേയുള്ളൂ. പക്ഷേ എല്ലാപേർക്കും അറിയാം ഇത് വെള്ളത്തിന്റേതാണെന്ന്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രധാനപ്പെട്ട പ്രശ്നം ഇതൊന്നുമല്ല. അത് ഇലക്ട്രിസിറ്റി ആക്ട് 2003-ന്റെ വരവാണ്. ഇപ്പോൾ സെൻട്രൽ ഗവൺമെന്റ് പവറിന് ടോപ് പ്രയോറിറ്റി കൊടുത്തിരിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡ് കൂടുതൽ നഷ്ടത്തിലായാൽ ലോകത്ത് മാറിവരുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഭാരതം മാറുന്നില്ലെന്നും സ്വതന്ത്രമാക്കണമെന്നുമാണ്. അതുകൊണ്ടാണ് ഇത് സ്വകാര്യമേഖലയ്ക്ക് വിടണമെന്ന ഉദ്ദേശത്തോടുകൂടി ബിൽ കൊണ്ടുവന്നിരിക്കുന്നത്. ആ ബില്ലിൽ ഇലക്ട്രിസിറ്റി ബോർഡിന് ജനറേഷൻ, പ്രസരണം, വിതരണം എന്നീ മൂന്ന് ഫങ്ഷനാണ് ഉള്ളത്. ഈ മൂന്നു മേഖലകളിലും ആർക്കു വേണമെങ്കിലും വന്ന് റഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടുകൂടി മത്സരിക്കാമെന്നുള്ള അവസ്ഥ ഈ രാജ്യത്ത് ഉണ്ട്. അതിന് താല്പര്യമുള്ളവർ പൊതുമേഖലയിൽ നിൽക്കണമെങ്കിൽ, ഇലക്ട്രിസിറ്റിയുടെ ജനറേഷൻ, പ്രസരണം, വിതരണം എന്നിവയ്ക്കെല്ലാം കുത്തകാവകാശം ഉണ്ടായിരുന്ന കാലത്ത് ട്രേഡ് യൂണിയൻ സംസ്ക്കാരം, ആഫീസേഴ്സിന്റെ ആയാലും ഇവരുടെ ആയാലും

LIBRARY ARCHIVES Kerala Legislative Assembly

തൊട്ടതിനൊക്കെ കുറ്റം പറയുന്ന സമ്പ്രദായം മാറ്റണം. അതികഠിനമായ പരിശ്രമത്തിലൂടെ, ടെലഫോൺ രംഗത്ത് മൂന്നുനാലു കമ്പനികൾ വന്നപ്പോൾ അവർതന്നെ മാറ്റമുണ്ടാക്കി. പോസ്റ്റ് ആഫീസിൽ സ്പീഡ് പോസ്റ്റ് കൊണ്ടുവന്നതുപോലെ പുതിയ മാറ്റങ്ങൾക്കുവേണ്ടി രാഷ്ട്രീയ കക്ഷികളും കൺസ്യൂമേഴ്സും സർവ്വോപരി ജനങ്ങളും തയ്യാറാകണം. അതിന് ഏറ്റവും വലിയ പ്രശ്നം ഈ ആക്ടാണ്. ഈ ആക്ട് സ്വകാര്യവത്കരിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. പക്ഷേ ഗവൺമെന്റിന് അല്ലാതെ വയ്ക്കാം. എന്നാൽ ഇലക്ട്രിസിറ്റി ബോർഡിനെ രക്ഷിക്കാൻ കഴിയണം. ഗവൺമെന്റ് മാത്രം വിചാരിച്ചാൽ ഇത്തരം വാക്കൗട്ട് കൊണ്ട് പ്രശ്നങ്ങളൊന്നും പരിഹരിക്കുകയില്ല. മാറിവരുന്ന സാഹചര്യത്തിൽ പൊതുമേഖലയിൽ പുതിയൊരു ട്രേഡ് യൂണിയൻ സംസ്ക്കാരം ഉണ്ടായാലേ രക്ഷിക്കാൻ കഴിയൂ. രക്ഷിക്കണമെന്ന് ഗവൺമെന്റിനും എനിക്കും താല്പര്യമുണ്ട്. എല്ലാപേരുടേയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഓർഡർ . . . ഓർഡർ . . .

ധനാഭ്യർത്ഥന നമ്പർ - XXVII - സഹകരണം

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ . . . .

അനുകൂലിക്കുന്നവർ . . . . .

പ്രതികൂലിക്കുന്നവർ . . . . . .

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - XXXIX വൈദ്യുത പദ്ധതികൾ

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ . . . .

അനുകൂലിക്കുന്നവർ . . . . .

പ്രതികൂലിക്കുന്നവർ . . . . . .

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ - XL- തുറമുഖങ്ങൾ

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : തുറമുഖങ്ങൾ എന്ന XL -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ . . . .

അനുകൂലിക്കുന്നവർ . . . . .

പ്രതികൂലിക്കുന്നവർ . . . . . .

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂലായ് മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.12-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly